# മാനന്തവാടി രൂപത


RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24
Anl. sub. Rs. 120

## ബുള്ളറ്റിൻ

Vol. 14/ Issue 01
January 2023



GOLDEN JUBILEE YEAR
DIOCESE OF MANANTHAVADY



സുവർണ്ണ ജൂബിലി
50
ആശംസകൾ
Fr. Thomas Chettaniyil
Ordination: 20/12/1973
Fr. Vincent Thamarasseril
Ordination: 22/12/1973
Fr. George Kizhakumpuram
Ordination: 29/12/1973

## ഏപ്രിൽ

**7/4/23: ദുഃഖവെള്ളിയോട് അനുബന്ധിച്ചുള്ള കുരിശിന്റെ വഴിക്ക് ആവശ്യമായ ഒരുക്കങ്ങൾക്ക് കെ.സി.വൈ.എം നേതൃത്വം വഹിച്ചു. തുടന്ന് കുരിശുമലയിൽ നേർച്ച ഭക്ഷണ വിതരണത്തിനും കെ.സി.വൈ.എം അംഗങ്ങൾ സഹകരിച്ചു.**

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)


**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

വാല്യം 14 ജനുവരി 2023 ലക്കം 1

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


ജൂബിലി നിറവിൽ...................................................................... 7
ആദരാഞ്ജലികൾ...................................................................... 10
സർക്കുലർ...................................................................... 15
സർക്കുലർ...................................................................... 20
രൂപതാ കച്ചേരി വാർത്തകൾ...................................................................... 24
മതബോധനരംഗം ...................................................................... 32
ചെറുപുഷ്പ മിഷൻലീഗ്...................................................................... 38
Department of Youth Ministry ...................................................................... 43
കെ.സി.വൈ.എം...................................................................... 45
കുടുംബപ്രേഷിതത്വം...................................................................... 49
സീയോൻ വാർത്ത...................................................................... 58
സാമൂഹ്യ സേവനരംഗം (WSSS)...................................................................... 60
സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ ...................................................................... 64
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി...................................................................... 65
കത്തോലിക്കാ കോൺഗ്രസ്...................................................................... 69
ബയോവിൻ അഗ്രോ റിസർച്ച്...................................................................... 76
റേഡിയോ മാറ്റൊലി ...................................................................... 79
ജീസസ് ഫ്രട്ടേണിറ്റി...................................................................... 81
Mary Matha Arts & Science College...................................................................... 82
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ...................................................................... 85
ബിഷപ്സ് പ്രോഗ്രാം ...................................................................... 93

## സുവർണ്ണ ജൂബിലി നിറവിൽ കിഴക്കുംമ്പുറം ജോർജ്ജച്ചൻ

ബഹു. ജോർജ്ജ് കിഴക്കുംമ്പുറം അച്ചൻ, ജോൺ - അന്നമ്മ ദമ്പതികളുടെ മകനായി 1947 സെപ്തംബർ മാസം 27 -ാം തിയ്യതി തിരുവല്ലയിൽ ജനിച്ചു. കുളത്തുവയൽ ഇടവകയിൽപ്പെട്ട ഓഞ്ഞിൽ, ഉളിക്കൽ എന്നിവിടങ്ങളിൽ പ്രൈമറി സ്കൂൾ വിദ്യാഭ്യാസവും കുളത്തുവയൽ, എടൂർ എന്നിവിടങ്ങളിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. 1973 ഡിസംബർ 29 - ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം പോരൂർ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, തുടർന്ന് പുത്തൂർവയൽ, ഇടിവണ്ണ, പാടിച്ചിറ, മംഗളം, തെനേരി, തരിയോട്, മരക്കടവ്, കാട്ടിക്കുളം (ചേലൂർ), വാകേരി, ചെറുകാട്ടൂർ, വാളവയൽ എന്നീ ഇടവകളുടെ വികാരിയായും സേവനമനുഷ്ഠിച്ചു.

തികച്ചും ശാന്തനായി കാര്യങ്ങളെ പഠിക്കുകയും എല്ലാവരോടും സൗഹൃദപരമായി പെരുമാറുകയും ചെയ്യുന്ന അച്ചൻ ബന്ധങ്ങൾ സൂക്ഷിക്കുന്ന ഒരു വൈദികനാണ്. നവസാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിൽ അച്ചൻ അതീവ സാമർഥ്യമുള്ളയാളാണ്. മണ്ണിന്റെ ഗന്ധമുള്ള, സ്നേഹിക്കുന്ന ഹൃദയമുള്ള ബഹു. കിഴക്കുംമ്പുറം അച്ചൻ തന്റെ പൗരോഹിത്യ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുമ്പോൾ നല്ല ദൈവത്തിനു നന്ദി പറയാം. കഴിഞ്ഞ 50 വർഷങ്ങൾ അനേകർക്ക് ആശ്വാസമായി അച്ചൻ നിരവധി ഇടവകകളിൽ സേവനം ചെയ്തു. ഇനിയും മുന്നോട്ടുള്ള ജീവിതത്തിലും ഏവർക്കും അനുഗ്രഹമായി മാറട്ടെ എന്നാശംസിക്കുന്നു. സാധിക്കുന്ന വിധത്തിലെല്ലാം മറ്റുള്ളവർക്ക് സഹായം ആകാൻ ഇനിയും ഒരുപാട് വർഷങ്ങൾ പരോഹിത്യ ജീവിതത്തിൽ ദൈവത്തിന്റെ കരങ്ങൾ അച്ചനെ നയിക്കട്ടെ.

അജപാലന മേഖലയിൽ നല്ലിടയനായ പ്രിയ ജോർജ്ജച്ചന് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ ആശംസകൾ രൂപതാ കുടുംബത്തിന്റെ പേരിൽ സ്നേഹത്തോടെ നേരുന്നു.

## സുവർണ്ണ ജൂബിലി നിറവിൽ താമരശ്ശേരിൽ വിൻസെന്റച്ചൻ

താമരശ്ശേരിൽ ബഹു. വിൻസെന്റച്ചൻ പാലാ രൂപതയിലെ കൊഴുവനാൽ ഇടവകയിൽ താമരശ്ശേരിൽ ആന്റണി - മേരി ദമ്പതികളുടെ മകനായി 1948 ഓഗസ്റ്റ് മാസം 24 -ാം തിയ്യതി ജനിച്ചു. കൊഴുവനാൽ, പാലാവയൽ, കിളിയംതറ, എന്നിവിടങ്ങളിൽ പ്രൈമറി സ്കൂൾ വിദ്യാഭ്യാസവും, ഇരിട്ടിയിൽ ഹൈസ്കൂൾ വിദ്യാഭ്യാസവും പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി തലശേരി മൈനർ സെമിനാരിയിൽ ചേർന്നു. പിന്നീട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിഗ്രി പഠനവും പൂർത്തിയാക്കി 1973 ഡിസംബർ 22 -ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം കണിയാരം കത്തീഡ്രൽ ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, തുടർന്ന് സെന്റ് ജോസഫ് പ്രസ്സിന്റെ മാനേജറായും ദീപ്തിഗിരി, കബനിഗിരി, പോരൂർ, വിളമ്പുകണ്ടം, ചുള്ളിയാന, മണിമൂളി, സീതാമൗണ്ട്, കൊട്ടിയൂർ, പാതിരിപ്പാടം, വെള്ളമുണ്ട, അരിഞ്ചേർമല, പഴൂർ എന്നീ ഇടവകളുടെ വികാരിയായും സേവനമനുഷ്ഠിച്ചു.

യുവ പുരോഹിതനായിരുന്ന നാൾ മുതൽ തന്നെ അച്ചനിൽ പ്രകടമായി കണ്ടിരുന്ന ചിട്ടയായ ജീവിത ക്രമവും ചുറുചുറുക്കും ഇന്നും വ്യക്തിപരമായ ജീവിതത്തിൽ എന്നപോലെ സഭാത്മക ശുശ്രൂഷാമേഖലകളിലും പുലർത്തിവരുന്നു. വിശുദ്ധ പൗലോസ് ശ്ലീഹായെ പോലെ തീഷ്ണമതിയായ വൈദികൻ. ക്രിസ്തുവിന് വേണ്ടി സഭയെ വളർത്താൻ നിശ്ചയദാർഢ്യം പുലർത്തിയ അച്ചൻ തന്റെ അജഗണങ്ങളും തീഷ്ണതയിൽ കുറവില്ലാത്ത ആത്മീയ മക്കളായി വളരണമെന്ന് ആഗ്രഹിച്ചിരുന്നു. ഏൽപ്പിക്കപ്പെട്ട ചെറുതും വലുതുമായ ഉത്തരവാദിത്വങ്ങളെക്കുറിച്ച് വ്യക്തമായ ഒരു കാഴ്ചപ്പാടും നിലപാടും വിട്ടുവീഴ്ചയില്ലാത്ത ആത്മാർത്ഥതയും അദ്ദേഹത്തെ കരുത്തനായ ഒരു അജപാലകൻ ആക്കി മാറ്റിയിട്ടുണ്ട്. പൗരോഹിത്യം എന്ന ദാനത്തിനു നിരന്തരം നന്ദി പറഞ്ഞുകൊണ്ടുള്ള അച്ചന്റെ ജീവിതം അനേകർക്ക് അനുഗ്രഹമാകട്ടെ എന്നാശംസിക്കുന്നു.

പ്രിയ വിൻസെന്റച്ചന് പൗരോഹിത്യസുവർണ്ണ ജൂബിലിയുടെ ആശംസകൾ രൂപതാകുടുംബത്തിന്റെ പേരിൽ സ്നേഹത്തോടെ നേരുന്നു.

## സുവർണ്ണ ജൂബിലി നിറവിൽ ചേറ്റാനിയിൽ തോമസച്ചൻ

ചേറ്റാനിയിൽ ബഹു. തോമസച്ചൻ കോതമംഗലം രൂപതയിലെ കല്ലൂർകാട് ഇടവകയിൽ ചേറ്റാനിയിൽ മാത്യു – അന്ന ദമ്പതികളുടെ മകനായി 1946 ഓഗസ്റ്റ് മാസം 10 –ാം തിയ്യതി ജനിച്ചു. ഉടുംമ്പന്നൂർ, നടവയൽ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. പിന്നീട് കർണ്ണാടക യൂണിവേഴ്സിറ്റിയിൽ നിന്ന് ഡിഗ്രി പഠനവും പൂർത്തിയാക്കി 1973 ഡിസംബർ 20 – ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. ഫിലിപ്പിയൻസിലെ ഈസ്റ്റ് ഏഷ്യൻ പാസ്റ്ററൽ (EAP) ഇൻസ്റ്റിറ്റൂട്ടിൽനിന്നും പാസ്റ്ററൽ കോഴ്സിൽ ഡിപ്ലോമ നേടിയിട്ടുണ്ട്. എൻ. ആർ. പുര ഇടവകയിൽ അസിസ്റ്റന്റ് വികാരിയായും, തുടർന്ന് ചിത്രഗിരി, തോമാട്ടുചാൽ, പോരൂർ, കുറുംമ്പാല, പാലാങ്കര, വാഴവറ്റ, ഫിലിപ്പിയൻസ്, അടയ്ക്കാത്തോട്, അമ്പലവയൽ, ചുങ്കക്കുന്ന്, കോട്ടത്തറ, കബനിഗിരി, വെള്ളമുണ്ട, എന്നീ ഇടവകകളുടെ വികാരിയായും സേവനമനുഷ്ഠിച്ചു. രൂപതാ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിന്റെ റെക്ടറായും അച്ചൻ സേവനം ചെയ്തിട്ടുണ്ട്.

ദരിദ്രരോടു പക്ഷം ചേരുന്ന മറ്റുള്ളവരെ പരിഗണിക്കുന്ന അജപാലകനാണ് ബഹു. തോമസച്ചൻ. ലാളിത്യത്തിന്റെ ജീവിതമാണ് അച്ചൻ നയിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. അജഗണത്തിനു ആത്മീയമായ കരുത്ത് നൽകുന്നതോടൊപ്പം സാമൂഹ്യ പ്രവർത്തന മേഖലയിലും ആത്മാർത്ഥമായ ഇടപെടലുകൾ നടത്തിയിട്ടുള്ള വൈദികനാണ് തോമസച്ചൻ. കർണ്ണാടകയിൽ ജനസൗഖ്യയുടെ പ്രവർത്തനങ്ങളിൽ ബഹു. ചിറ്റൂരച്ചനോടുചേർന്ന് പ്രവർത്തിച്ചിട്ടുണ്ട്. ജൂബിലി വർഷത്തിൽ രൂപതയിലെ ആദ്യത്തെ ഓർഡിനേഷൻ ബാച്ചിൽപ്പെട്ട ബഹു. തോമസച്ചൻ തികച്ചും ശ്ളാഘനീയമായ 50 വർഷത്തെ സേവനങ്ങൾക്ക് ശേഷം വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുവാനായി എത്തിച്ചേർന്നെങ്കിലും ഇപ്പോൾ ഒരുവർഷത്തേക്ക് ഒറീസയിൽ മിഷൻ പ്രദേശത്ത് തീക്ഷ്ണമതിയായി മിഷൻ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്നു.

മനസ്സു നിറയെ നന്മയുള്ള നല്ലിടയനായ പ്രിയ തോമസച്ചന് പൗരോഹിത്യസുവർണ്ണ ജൂബിലിയുടെ ആശംസകൾ രൂപതാ കുടുംബത്തിന്റെ പേരിൽ സ്നേഹത്തോടെ നേരുന്നു.

# ബഹു. കുര്യാക്കോസ് പറമ്പിൽ അച്ചന് ആദരാഞ്ജലികൾ




മാനന്തവാടി രൂപതാംഗമായ ബഹു. കുര്യാക്കോസ് പറമ്പിലച്ചൻ 07/12/2022ന് നിര്യാതനായി. 2019 മുതൽ ദ്വാരക വിയാനിഭവനിൽ വിശ്രമജീവിതം നയിച്ചുവരികയായിരുന്നു. പാലാ രൂപതയിലെ കടുത്തുരുത്തി മാൻവെട്ടത്ത് പറമ്പിൽ കുര്യൻ-മറിയം ദമ്പതികളുടെ മകനായി 1943 നവംബർ 29-ാം തീയതിയാണ് ബഹുമാനപ്പെട്ട കുര്യാക്കോസ് അച്ചൻ ജനിച്ചത്. റോസമ്മ, ജോർജ്ജ്, ജോസഫ്, മേരി, ജോൺ എന്നിവർ സഹോദരങ്ങളാണ്. മാനന്തവാടി രൂപതയിലെ ചുണ്ടക്കര സെന്റ് ജോസഫ് പള്ളിയാണ് അച്ചന്റെ മാതൃ ഇടവക. മധുരവേലിൽ ഇൻഫന്റ് ജീസസ് എൽ. പി. സ്കൂൾ, കല്ലറ സെന്റ് തോമസ് യു.പി സ്കൂൾ, കടുത്തുരുത്തി സെന്റ് മിഖായേൽസ് ഹൈസ്കൂൾ എന്നിവിടങ്ങളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. തുടർന്ന് പൂന പേപ്പൽ സെമിനാരിയിനിന്നും ഫിലോസഫി പഠനവും തിയോളജി പഠനവും പൂർത്തിയാക്കി, അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ പിതാവിൽനിന്നും 1970 ഡിസംബർ 20-ാം തീയതി തലശ്ശേരി അതിരൂപതാ കത്തീഡ്രൽ ദൈവാലയത്തിൽവച്ച് തിരുപ്പട്ടം സ്വീകരിച്ചു. തുടർന്ന് എടൂർ പള്ളിയിൽ സഹവികാരിയായി. പുത്തൂർവയൽ, കേണിച്ചിറ, ആടിക്കൊല്ലി, കോട്ടത്തറ, വെള്ളൂന്നി, തരിയോട്, തവിഞ്ഞാൽ, തെനേരി, പാതിരിപ്പാടം, കബനിഗിരി, പയ്യംമ്പള്ളി, അടയ്ക്കാത്തോട്, കാരയ്ക്കാമല, മക്കിയാട്, മൂലങ്കാവ് എന്നീ ഇടവകകളിലെ സ്തുത്യർഹസേവനത്തിനുശേഷം 2019 വിശ്രമജീവിതത്തിൽ പ്രവേശിച്ചു.

തികച്ചും ശാന്തവും ലളിതവുമായ ജീവിതത്തിനുടമയും മിത ഭാഷിയും അതേസമയം അനേകരുടെ ഉറ്റസുഹൃത്തുമായിരുന്ന കുര്യാക്കോസച്ചന്റെ അവിചാരിതമായ വേർപാട് മാനന്തവാടി രൂപതാകുടുംബത്തിന് ഏറെ വേദനാജനകമാണ്. നിഷ്ക്കളങ്ക മായ പുഞ്ചിരിയോടും ആത്മാർത്ഥതയോടും കൂടി ഇടപെട്ടിരുന്ന കുര്യാക്കോസ് അച്ചൻ കനമുള്ള വാക്കുകളാലും ആശയങ്ങ ളാലും തന്റെ പരിശീലനത്തിലൂടെ സ്വന്തമാക്കിയ നിരീക്ഷണപാ ടവും ഭാഷാപ്രയോഗത്തിന്റെ മികച്ച ശൈലിയുമെല്ലാം അച്ചന്റെ സംഭാഷണങ്ങളെ ആകർഷകമാക്കിയിരുന്നു. ഏതൊരു ദേശ ത്തെയും സാധാരണമനുഷ്യരുടെ ഹൃദയങ്ങളിൽപ്പോലും തന്റെ ചെറുചിരി കൊണ്ടും നർമ്മഭാഷണങ്ങൾകൊണ്ടും ഇടംപിടിക്കാൻ അച്ചന് സാധിച്ചിട്ടുണ്ട്.

2022 ഡിസംബർ 07നു വൈകിട്ട് 7 മണിക്ക് വിയാനി ഭവൻ ചാപ്പലിൽ വെച്ചു രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളി ക്കലിന്റെ കാർമ്മികത്വത്തിൽ മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടന്നു. തുടർന്ന് മൃതശരീരം പാസ്റ്ററൽ സെന്ററിന്റെ ചാപ്പലിൽ പൊതുദർശനത്തിന് വെച്ചു. മൃതസംസ്കാര ശുശ്രൂഷ യുടെ രണ്ടാം ഭാഗം ഡിസംബർ 8 ന് രാവിലെ രൂപതാസഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് നടത്തി. തുടർന്ന് സീയോൻ ധ്യാനകേന്ദ്രത്തിലേക്ക് മൃതദേഹം സംവഹി ക്കപ്പെട്ടു. ധാരാളം വൈദികരും സന്യസ്തരും, അച്ചൻ സേവനം ചെയ്ത ഇടവകകളിൽ നിന്നുള്ള ദൈവജനവും അന്തിമോപ ചാരം അർപ്പിക്കാൻ എത്തിയിരുന്നു. രാവിലെ 10:30 ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ ദിവ്യബലിയർപ്പിച്ചു. മാർ അലക്സ് താരാമംഗലം, തലശ്ശേരി ആർച്ച് ബിഷപ്പ് എമരിത്തൂസ് മാർ ജോർജ്ജ് വലിയമറ്റം, മോൺ. പോൾ മുണ്ടോളിക്കൽ, ബഹു. സിബിച്ചൻ ചേലക്കാപ്പള്ളിൽ തുടങ്ങിയവർ സഹകാർമ്മികരായിരുന്നു. തുടർന്ന് അച്ചന്റെ ഭൗതിക ശരീരം വൈദികരുടെ സെമിത്തേരിയിൽ സംസ്കരിച്ചു.

നന്മയുടെയും സേവനത്തിന്റെയും ദീപം അനേകർക്ക് കൈമാറി നിത്യതയിലേയ്ക്ക് യാത്രയായ പറമ്പിൽ കുര്യാക്കോസ് അച്ചന്റെ പവനസ്മരണയ്ക്ക് മുമ്പിൽ മാനന്തവാടി രൂപതാ കുടുംബം നിറമിഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

## ബഹു. ജോസഫ് നന്തിക്കാട്ട് അച്ചന് ആദരാഞ്ജലികൾ



ദൈവകാരുണ്യത്തിന്റെ മുഖം അജഗണങ്ങൾക്ക് അനുഭവവേദ്യമാക്കിക്കൊടുത്തുകൊണ്ട് നിസ്വാർത്ഥമായ സേവനത്തിന്റെ മാതൃക നൽകി നല്ല ഇടയനായിത്തീർന്ന ജോസഫ് നന്തിക്കാട്ട് അച്ചൻ 2022 ഡിസംബർ 18-ാം തിയ്യതി കർത്താവിൽ നിദ്ര പ്രാപിച്ചു. വിയാനിഭവനിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു അച്ചൻ. നന്തിക്കാട്ടുകത്തിൽ വർഗ്ഗീസ് - ത്രേസ്യ ദമ്പതികളുടെ പത്തുമക്കളിൽ നാലാമത്തെ മകനായി പാലാ രൂപതയിലെ പൈക ഇടവകയിൽ 1941 ആഗസ്റ്റ് 31 നാണ് ജോസഫച്ചൻ ജനിക്കുന്നത്. സെന്റ് തോമസ് പ്രൈമറി സ്കൂൾ-വിളക്കുമാടം, സെന്റ് ജോസഫ് ഹൈസ്കൂൾ വിളക്കുമാടം, പാലാ സെന്റ് തോമസ് കോളേജിലെ പി.ഡി.സി പഠനവും പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി പാലാ മൈനർ സെമിനാരിയിൽ ചേർന്നു. കാർമ്മൽഗിരി, മംഗലപ്പുഴ എന്നീ സെമിനാരികളിൽ വൈദിക പരിശീലനം പൂർത്തിയാക്കിയശേഷം 1967 ഡിസംബർ 19-ന് അഭിവന്ദ്യ കാർഡിനൽ ജോസഫ് പാറേക്കാട്ടിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. സെന്റ് ജോസഫ് ചർച്ച് പുല്ലൂരാംപാറ ഇടവകയിൽ അസി. വികാരിയായും, ഫാത്തിമ മാതാ ചർച്ച് - കയ്യൂന്നി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് - കൊട്ടിയൂർ, സെന്റ് മേരീസ് ചർച്ച് - കാരയ്ക്കാമല, മാർട്ടിൻ

ഡി പോറസ് ചർച്ച് - ഒണ്ടയങ്ങാടി, സെന്റ് മേരീസ് ചർച്ച് - പാറത്തോട്ടം, സെന്റ് സെബാസ്റ്റ്യൻ ചർച്ച്- ചേലൂർ, ലൂർദ്ദ്മാതാ ചർച്ച് – കാവുമന്ദം, ക്രൈസ്റ്റ് ദി കിംഗ് ചർച്ച് – വിളക്കന്നൂർ എന്നീ ദേവാലയങ്ങളിലായിരുന്നു ബഹുമാനപ്പെട്ട ജോസഫച്ചൻ അജപാലന ശുശ്രൂഷ നിർവഹിച്ചത്. സെമിനാരിവില്ല, ബോയ്സ്ടൗൺ എന്നീ സ്ഥാപനങ്ങളുടെ ഡയറക്ടറായും ശുശ്രൂഷ ചെയ്യാൻ ജോസഫച്ചന് സാധിച്ചു. 2000–ത്തിൽ ഔദ്യോഗിക ജീവിതത്തിൽ നിന്ന് വിരമിച്ച ജോസഫച്ചൻ ദ്വാരക വിയാനി ഭവനിൽ വിശ്രമ ജീവിതം നയിക്കുകയായിരുന്നു. പരസ്നേഹത്തിന്റെ ഉദാത്ത മാതൃകയായിരുന്നു അച്ചൻ. ദരിദ്രരോടും, പാവപ്പെട്ടവരോടും, രോഗികളോടുമെക്കെ അച്ചന് വലിയ സ്നേഹമായിരുന്നു. തന്റെ പത്രമേനി വിറ്റുകിട്ടിയ പണവും സുഹൃത്തുക്കളിൽ നിന്നും ഇടവകളിൽ നിന്നും സമാഹരിച്ച തുകയും ചേർത്ത് ഭവനരഹിതരായ അനേകർക്ക് വീടുകൾ പണിതുകൊടുക്കാൻ ജോസഫച്ചന് സാധിച്ചു. പൗരോഹിത്യത്തിന്റെ റൂബി ജൂബിലി വർഷത്തിൽ ഇത്തരത്തിൽ നാല്പതു വീടുകൾ അച്ചൻ പൂർത്തീകരിച്ചിരുന്നു. തുടർന്നും ഈ ശുശ്രൂഷ വഴി അച്ചന്റെ സ്നേഹവും സേവനവും ലഭിച്ച കുടുംബങ്ങൾ അനേകമാണ്. അതുപോലെ തന്നെ നിരവധി കുട്ടികളുടെ വിദ്യഭ്യാസകാര്യങ്ങൾക്കും, അനേകരുടെ വ്യക്തിപരമായ ഇല്ലായ്മകളിലും അച്ചൻ സഹായമായിട്ടുണ്ട്.

ബഹുമാനപ്പെട്ട ജോസഫ് നന്തിക്കാട്ടച്ചന്റെ ഭൗതിക ശരീരം 2022 ഡിസംബർ 18 –ന് 11 മണി മുതൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ പൊതുദർശനത്തിനുവെച്ചിരുന്നു. അച്ചന്റെ ബന്ധുക്കളും, മാനന്തവാടി രൂപതയിലെ വൈദികരും നിരവധി സമർപ്പിതരും, അല്മായരും അന്തിമോപചാരം അർപ്പിക്കാൻ എത്തിയിരുന്നു. മൃതസംസ്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗത്തിന് വിയാനിഭവൻ ചാപ്പലിൽ രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചൻ നേതൃത്വം നൽകി. ഡിസംബർ 19ന് 8.45ന് രണ്ടാം ഭാഗം ദ്വാരക പാസ്റ്ററൽ സെന്റർ ചാപ്പലിൽ മാർ അലക്സ് താരാമംഗലം പിതാവിന്റെ കാർമ്മികത്വത്തിൽ നടന്നു. 10 മണിക്ക് അഭിവന്ദ്യ ജോസ് പിതാവിന്റെ കാർമ്മികത്വത്തിൽ മൃതസംസ്

കാരശുശ്രൂഷയുടെ മൂന്നാം ഭാഗം സിയോൻ ഹാളിൽ ആരംഭിച്ചു. മാർ അലക്സ് താരാമംഗലം, മോൺ. പോൾ മുണ്ടോളിക്കൽ എന്നിവരും പിതാവിനോടൊപ്പം സഹകാർമ്മികരായിരുന്നു.

ദൈവജനത്തിന്റെ ഹൃദയത്തിൽ ജീവിക്കുന്ന പുരോഹിത നായിത്തീരാൻ മാത്രം അജപാലന വൈശിഷ്ട്യം ജോസഫച്ചന്റെ ജീവിതത്തിനുണ്ടായിരുന്നു എന്നതിൽ ആർക്കും സംശയമില്ല. നന്മയുടെ വെളിച്ചം അനേകർക്കു കൈമാറി ദൈവസന്നിധിയി ലേക്ക് യാത്രയായിരിക്കുന്ന പ്രിയപ്പെട്ട ജോസഫച്ചന്റെ പാവന സ്മരണയ്ക്കു മുൻപിൽ മാനന്തവാടി രൂപതാ കുടുംബം നിറമി ഴികളോടെ ആദരാഞ്ജലികൾ അർപ്പിക്കുന്നു.

Prot. No. 1212/2022

# സർക്കുലർ
# സീറോമലബാർ പ്രേഷിതവാരാചരണം 2023

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂ
ഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ
അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന
എല്ലാ ദൈവജനത്തിനുമെഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

കഴിഞ്ഞ ഏതാനും വർഷങ്ങളായി ദനഹാതിരുനാളായ ജനുവരി ആറാം തിയതി മുതലുള്ള ഒരാഴ്ചക്കാലം സീറോമലബാർ സഭയിൽ പ്രേഷിതവാരമായി ആചരിച്ചുവരികയാണ്. 'മിഷനെ അറിയുക, മിഷനറിയാകുക' എന്നതാണ് പ്രേഷിതവാരാചരണത്തിന്റെ ആപ്തവാക്യം. മാമോദീസ സ്വീകരിച്ച നാമെല്ലാവരും പ്രേഷിതപ്രവർത്തനങ്ങളിൽ എർപ്പെടേണ്ടതിന്റെ ആവശ്യകതയും പ്രത്യേകമായി മിഷൻരംഗങ്ങളിലുള്ള പ്രേഷിതപ്രവർത്തനങ്ങളെ അറിയുകയും പിൻതുണയ്ക്കുകയും ചെയ്യാനുള്ള നമ്മുടെ കടമയും ഓർമപ്പെടുത്തുകയെന്നതാണ് ഈ വാരാചരണത്തിന്റെ ലക്ഷ്യം. ഭാരതം മുഴുവനിലും പ്രേഷിത പ്രവർത്തനത്തിനുള്ള അവസരം സീറോ മലബാർസഭയ്ക്കു ലഭിച്ചതിലൂടെ സഭാമക്കളായ നാമോരുരുത്തരുടെയും പ്രേഷിതപരമായ ഉത്തരവാദിത്വം വർധിച്ചിരിക്കുന്നുവെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

'സുവിശേഷമാകുവാനും സുവിശേഷമേകുവാനും' വിളിപ്പെട്ടവരാണു നാമോരോരുത്തരും. സുവിശേഷത്തിന്റെ സാരസംഗ്രഹമായി ഈശോ ഇപ്രകാരം പഠിപ്പിക്കുന്നു: 'എന്റെ സന്തോഷം നിങ്ങളിലായിരിക്കാനും നിങ്ങളുടെ സന്തോഷം പൂർണമാകാനും

വേണ്ടി ഇവ ഞാൻ പറയുന്നു' (യോഹ. 15:11). സത്തയിൽ സ്നേഹവും സഹവാസവും സന്തോഷവുമായിരിക്കുന്ന ദൈവത്തിലേക്ക് എല്ലാവരെയും ആകർഷിക്കുകയെന്നതാണ് പ്രേഷിതപ്രവർത്തനം. ഈ ദൗത്യനിർവഹണത്തിൽ പ്രയാസങ്ങളും പ്രതിസന്ധികളും ഉണ്ടാകും. ''എന്നെപ്രതി നിങ്ങൾ അധിക്ഷേപിക്കുകയും പീഡിപ്പിക്കുകയും ചെയ്യപ്പെടുമ്പോൾ, നിങ്ങൾ ആനന്ദിച്ചാഹ്ളാദിക്കുവിൻ' (മത്താ. 5 :12) എന്ന് ഈശോ പറഞ്ഞതു നമുക്കുള്ള മുന്നറിയിപ്പാണ്. സുവിശേഷത്തിനുവേണ്ടി തടവുകാരനായതിൽ അഭിമാനിച്ച പൗലോസ് ശ്ലീഹ ഇപ്രകാരം പറയുന്നു: ''നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ, ഞാൻ വീണ്ടും പറയുന്നു, സന്തോഷിക്കുവിൻ'' (ഫിലി. 4:4). ഈശോയുടെ മാതൃകയെ അനുകരിച്ച് സന്തോഷചിത്തരാകുന്നതും നമ്മുടെ സന്തോഷം മറ്റുള്ളവരുമായി സ്നേഹപൂർവം പങ്കുവെയ്ക്കുന്നതും പ്രേഷിതധർമത്തിന്റെ ഭാഗമാണ്. 'സുവിശേഷത്തിന്റെ ആനന്ദം' എന്നതിന്റെ അപ്പസ്തോലിക പ്രബോധനത്തിൽ മാർപാപ്പ ഒരുപടികൂടി മുന്നോട്ടുപോകുന്നു. സന്തോഷത്തിന്റെ സംവാഹകരാകുക എന്നതിനെക്കാൾ നമ്മിൽനിന്നു മറ്റുള്ളവരിലേക്കു സ്വാഭാവികമായി പ്രസരിക്കത്തക്കവിധം നിറഞ്ഞൊഴുകുന്ന സവിശേഷമായ ആനന്ദത്തിനുടമകളാകാനുള്ള ആഹ്വാനമാണ് മാർപാപ്പ നടത്തുന്നത്.

'സുവിശേഷത്തിന്റെ ആനന്ദം യേശുവിനെ അഭിമുഖീകരിക്കുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതത്തിലും കരകവിഞ്ഞൊഴുകുന്നു' (നമ്പർ1) എന്ന ആമുഖത്തോടെയാണ് ഈ അപ്പസ്തോലിക പ്രബോധനം മാർപാപ്പ ആരംഭിക്കുന്നത്. പരിശുദ്ധ പിതാവു മുന്നോട്ടുവയ്ക്കുന്നത് പ്രേഷിതശൈലിയിലുള്ള ഒരു അജപാലനശുശ്രൂഷയാണ്. 'എല്ലായ്പ്പോഴും ഞങ്ങൾ ഇങ്ങനെയാണിതു ചെയ്തിരുന്നത് എന്നുപറയുന്ന അലംഭാവത്തോടുകൂടിയ മനോഭാവം ഉപേക്ഷിക്കാനാണ് പ്രേഷിതപ്രാധാന്യമുള്ള അജപാലന ശുശ്രൂഷ ആഗ്രഹിക്കുന്നത്' (നമ്പർ 33) എന്ന വാക്കുകളിലൂടെ പ്രേഷിത പ്രവർത്തനങ്ങളിൽ ഉണ്ടായിരിക്കേണ്ട നവീകരണത്തിന്റെയും സമീപനങ്ങളുടെ പുനർനിർവചനത്തിന്റെയും ആവശ്യകത ചൂണ്ടിക്കാണിക്കുന്നു.

വി. യോഹന്നാന്റെ സുവിശേഷത്തിൽ നാം കാണുന്ന സമരിയാക്കാരി സ്ത്രീയുടെ പ്രേഷിതചൈതന്യം നമുക്കു മാതൃകയാണ്. ജീവിതഭാരങ്ങളും ദുഃഖങ്ങളും അപമാനങ്ങളും പേറിയുള്ള അവ

ളുടെ ജീവിതത്തിലേയ്ക്കാണു കിണറ്റിൻകരയിൽവച്ച് ഈശോ കടന്നുവരുന്നത്. നസ്രത്തിൽനിന്നുള്ള ആ യഹൂദനിൽ രക്ഷകനെ ദർശിച്ച സമറിയക്കാരി സുവിശേഷത്തിന്റെ പ്രചാരകയായി മാറുന്നത് അവൾ ഹൃദയത്തിൽ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെയും സന്തോഷത്തിന്റെയും പിൻബലത്തിലാണ്. തന്റെ കഴിഞ്ഞകാല ജീവിതത്തെക്കുറിച്ചു വ്യക്തമായി അറിയാവുന്നസ്വന്തം സമൂഹത്തിലേയ്ക്കാണ് അവൾ കിണറ്റിൻ കരയിൽനിന്ന് ഓടുന്നത്. അത് അവളുടെ ആദ്യപ്രേഷിതയാത്രയാണ്. സ്വന്തം ബലഹീനതയെ അംഗീകരിക്കുകയും അതിനെ മിശിഹായുടെ സാന്നിധ്യത്തിന്റെ ശക്തിയാൽ അതിജീവിക്കുകയും ചെയ്ത സമറിയാക്കാരി ദൈവരാജ്യത്തിന്റെ സജീവ പ്രേഷിതയായി മാറുന്നു. 'നമ്മുടെ പോരായ്മകൾ വകവയ്ക്കാതെ തന്റെ സാമിപ്യവും തന്റെ വചനവും തന്റെ ശക്തിയും നമുക്കു പ്രദാനം ചെയ്യുകയും നമ്മുടെ ജീവിതങ്ങൾക്ക് അർത്ഥം നൽകുകയും ചെയ്യുന്ന കർത്താവിന്റെ രക്ഷാകരസ്നേഹത്തിന്റെ സ്പഷ്ടമായസാക്ഷ്യം മറ്റുള്ളവർക്കു നൽകാൻ നാമെല്ലാവരുംവിളിക്കപ്പെടുന്നു' (നമ്പർ121)എന്നഫ്രാൻസിസ് മാർപാപ്പയുടെ വാക്കുകൾ സമറിയക്കാരിയുടെ ജീവിതാനുഭവവുമായി ബന്ധപ്പെട്ടതാണ്. നമ്മുടെ പരിമിതികളും പോരായ്മകളും ബലഹീനതകളും പ്രേഷിത പ്രവർത്തനത്തിനു തടസ്സമാകാതെ എവിടെയും എല്ലായ്പ്പോഴും സുവിശേഷം പങ്കുവയ്ക്കാൻ നമുക്കു സാധിക്കണം.

സഭയിലെ പ്രേഷിതപ്രവർത്തനങ്ങളുടെ സാമൂഹ്യവും സഭാപരവുമായ തലങ്ങളെക്കുറിച്ചു 2022 ലെ പ്രേഷിതദിന സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ വ്യക്തത നൽകുന്നുണ്ട്. 'സഭയിലും സഭയുടെ നിർദേശത്താലും ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആകയാൽ എല്ലാവരും ഒരുമിച്ചാണ് പ്രേഷിതദൗത്യം നിർവ്വഹിക്കുന്നത്; ഓരോരുത്തരും തന്റേതായ രീതിയിലല്ല; അതു സഭാസമൂഹവുമായുള്ള കൂട്ടായ്മയിലാണ് ചെയ്യുന്നത്; ഒരു വ്യക്തിയും സ്വന്തം താൽപര്യത്തിലല്ല എന്നു മാർപാപ്പ പ്രബോധിപ്പിക്കുന്നു. ചില പ്രത്യേക സാഹചര്യത്തിൽ ഒരാൾ വ്യക്തിപരമായി പ്രേഷിത പ്രവർത്തനത്തിലേർപ്പെടുമ്പോഴും സഭയുമായുള്ള കൂട്ടായ്മയിലാണ് അതു ചെയ്യേണ്ടതെന്നും പരിശുദ്ധ പിതാവ് ഓർമ്മിപ്പിക്കുന്നു. സാർവത്രിക സഭയോടുചേർന്ന് സീറോ

മലബാർസഭയും പ്രേഷിതപ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഒരു വ്യക്തി സഭയെന്നനിലയിൽ നമ്മുടെ സാധ്യതകളും കടമകളും പ്രവർത്തന മേഖലകളും കണക്കിലെടുക്കണം. ആദ്യമിഷനറിയായ മാർതോമാശ്ലീഹായുടെയും പിന്നീടുവന്ന തീക്ഷ്ണമതികളായ മിഷനറിമാരുടെയും പ്രവർത്തനങ്ങളാൽ വളർന്നതാണു നമ്മുടെ സഭ. കാലക്രമത്തിൽ ലോകം മുഴുവനിലേയ്ക്കും പ്രേഷിതതീക്ഷണതയുള്ള വൈദികരെയും സമർപ്പിതരെയും അയക്കുന്ന പ്രേഷിതദൗത്യം സീറോ മലബാർ സഭ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു. സഭയുടെ ഈ പ്രേഷിതരെയോർത്തു ദൈവത്തിനു നന്ദി പറയാം.

ഭാരതത്തിന്റെ പ്രത്യേക പശ്ചാത്തലത്തിൽ ഈശോയുടെ സുവിശേഷത്തിന്റെ വിമോചനവും ആനന്ദവും പങ്കുവച്ചുകൊണ്ടു ശുശ്രൂഷചെയ്യുന്ന നമ്മുടെ സഭയിലെ പ്രേഷിതരെ പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്. സുവിശേഷ പ്രഘോഷണത്തിലൂടെയും അഗതി സംരക്ഷണത്തിലൂടെയും വിദ്യാഭ്യാസസ്ഥാപനങ്ങളിലൂടെയും പ്രേഷിതശുശ്രൂഷചെയ്യുന്ന വൈദികരെയും സമർപ്പിതരെയും അല്മായസഹോദരങ്ങളെയും സാധിക്കുന്നവിധത്തിൽ സഹായിക്കാനും അവർക്കുവേണ്ടി പ്രാർഥിക്കാനും നമുക്ക് കടമയുണ്ട്. തിരക്കേറിയ ജീവിതസാഹചര്യങ്ങളിൽ നേരിട്ടുള്ള സുവിശേഷപ്രവർത്തനത്തിനായി സമയം കണ്ടെത്താൻ എല്ലാവർക്കും സാധിച്ചെന്നുവരില്ല. എന്നാൽ വെല്ലുവിളി നിറഞ്ഞ പ്രേഷിതസാഹചര്യങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരെ ഹൃദയത്തിൽ ചേർത്തുനിർത്തുന്നതിലൂടെ നമ്മൾ ചെയ്യുന്നതും പ്രേഷിത പ്രവർത്തനമാണ് എന്ന തിരിച്ചറിവിൽ മിഷനെ അറിയാനും മിഷനെ സഹായിക്കാനും നമുക്കു പരിശ്രമിക്കാം. കേരളത്തിലുള്ള 13 രൂപതകളും കേരളത്തിനുപുറത്തു ഭാരതത്തിന്റെ വിവിധഭാഗങ്ങളിലുള്ള 18 രൂപതകളും ഭാരതത്തിനുപുറത്തുള്ള നാലു രൂപതകളും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനും ഗൾഫിലും മറ്റു സ്ഥലങ്ങളിലുമുള്ള സീറോമലബാർ സമൂഹങ്ങളുമെല്ലാം സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുകാരാകുകയും സഹായം കൂടുതൽ ആവശ്യമുള്ളവരെ പിൻതുണയ്ക്കുകയും ചെയ്യുന്നുണ്ട് എന്നതു സന്തോഷകരമായ വസ്തുതയാണ്.

പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു

ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യപ്രവർത്തനങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിതവാരാചരണം നമുക്കു പ്രചോദനം നൽകട്ടെ. ലോകം മുഴുവനിലുമുള്ള നമ്മുടെ പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം സഹായിക്കുന്നതോടൊപ്പം മിഷൻമേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായ സഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻവാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവത്ക്കരണത്തിനുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നു അഭ്യർഥിക്കുന്നു. 'യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും' (മത്താ. 28:20) എന്ന ഈശോയുടെ വാഗ്ദാനം നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളിൽ പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022 ഡിസംബർ 18-ാം തിയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. 2023 ജനുവരി 1-ാം തിയതി ഞായറഴ്ച വി. കുർബാന മധ്യേ സീറോമലബാർസഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവകൾ രൂപതാകേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2023 ഫെബ്രുവരി 28ന് മുമ്പായി എത്തിക്കേണ്ടതാണ്.

Prot. No. 1226/2022

# സർക്കുലർ

## ചെറുപുഷ്പ മിഷൻലീഗ് പ്ലാറ്റിനം ജൂബിലി

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനുമെഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

ഭാരതസഭയുടെ തനതായ പ്രേഷിതശൈലിയിൽ പ്രവർത്തിക്കുന്ന അല്മായ പ്രേഷിതസംഘടനയായ ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപിതമായിട്ട് 2022 ഒക്ടോബർ 3ന് 75 വർഷങ്ങൾ പൂർത്തിയായല്ലോ. മിഷനുവേണ്ടി സുകൃതജപങ്ങൾ ചൊല്ലി കാഴ്ചവച്ചുകൊണ്ടു പ്രാർത്ഥിക്കുകയും ത്യാഗങ്ങൾ സഹിക്കുകയും നന്നായി പഠിക്കുകയും ജീവിക്കുകയും അതുവഴി വേദപ്രചാരപ്രവർത്തനങ്ങളെ സഹായിക്കുകയും ചെയ്യണമെന്നും നല്ല മിഷണറിമാരാകണമെന്നും വി. അൽഫോൻസാമ്മ കുട്ടികളെ ഉപദേശിച്ചിരുന്നു. വി. അൽഫോൻസാമ്മയുടെപ്രചോദനത്താൽ,'കുഞ്ഞേട്ടൻ' എന്നുവിളിക്കപ്പെട്ടിരുന്ന ശ്രീ. പി. സി. എബ്രഹാം പല്ലാട്ടുകുന്നേലും ബഹു. ജോസഫ് മാലിപ്പറമ്പിലച്ചനും സമാനചിന്താഗതികളുള്ള തങ്ങളുടെ സുഹൃത്തുക്കളുമായി തുടങ്ങിയ പ്രസ്ഥാനമാണ് ലോകത്തിന് അനവധി മിഷനറിമാരെ സംഭാവന ചെയ്ത ചെറുപുഷ്പമിഷൻ ലീഗ് എന്ന അല്മായ പ്രേഷിതസംഘടന.

ആഗോള പ്രേഷിതപ്രവർത്തനങ്ങളുടെ സ്വർഗീയമധ്യസ്ഥയായ വി. കൊച്ചുത്രേസ്യയുടെ ചരമസുവർണജൂബിലി ആഘോഷങ്ങളോടനുബന്ധിച്ചു ഭരണങ്ങാനത്തു നടന്ന സമ്മേളനത്തിൽ 1947 ഒക്ടോബർ 3ന് അന്നത്തെ കോട്ടയം രൂപതാമെത്രാൻ അഭിവന്ദ്യ തോമസ് തറയിൽ പിതാവാണ് ഈ സംഘടനയുടെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചത്. ഇളംപ്രായത്തിൽ തന്നെ

ഈശോയ്ക്കുവേണ്ടി മിഷനറിയാകണമെന്നുള്ള ആഗ്രഹത്തിന്റെ വിത്തുവിതയ്ക്കാൻ ചെറുപുഷ്പ മിഷൻലീഗിനു കഴിഞ്ഞു എന്നതു പ്രധാനപ്പെട്ട ഒരു കാര്യമാണ്. ആദ്യകുർബാന സ്വീകരിക്കുന്ന വർഷംതന്നെ ചെറുപുഷ്പ മിഷൻലീഗിൽ അംഗത്വം സ്വീകരിക്കുന്നതുവഴി പ്രേഷിതതീക്ഷ്ണത കുട്ടികളിൽ ജ്വലിപ്പിക്കുവാൻ മിഷൻലീഗിലുള്ള പ്രവർത്തനം ഇടയാക്കിയിട്ടുണ്ട്. സുകൃതജപങ്ങൾ ചൊല്ലാനും പരിത്യാഗപ്രവൃത്തികളും പരോപകാര പ്രവൃത്തികളും സ്വയമേവ ചെയ്യാനും മിഷൻലീഗ് അംഗങ്ങൾ പരിശീലിക്കുന്നു എന്നത് എടുത്തുപറയേണ്ടതാണ്.

തന്റെ ദൗത്യം ഭൂമിയിൽ തുടർന്നുകൊണ്ടുപോകാനാണ് ക്രിസ്തു സഭ സ്ഥാപിച്ചത്. തങ്ങളുടെ പ്രേഷിതദൗത്യത്തെക്കുറിച്ചു പൂർണ്ണ ബോധ്യമുണ്ടായിരുന്ന അപ്പസ്തോലന്മാർ ജീവിത സാക്ഷ്യം, പ്രഘോഷണം എന്നിവവഴി അതു നിർവ്വഹിച്ചു. ഒരു വ്യക്തിയുടെ ആഴമായ ക്രിസ്താനുഭവത്തിന്റെയും അതു മറ്റുള്ളവരുമായി പങ്കുവയ്ക്കാനുള്ള തീക്ഷ്ണതയുടെയും ഫലമാണു പ്രേഷിതത്വം. ഉത്ഥിതനായ മിശിഹായെ അനുഭവിച്ചറിഞ്ഞപ്പോൾ, തങ്ങളുടെ ജീവിതത്തെത്തന്നെ മാറ്റിമറിച്ച ആ അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുക എന്നതു പുറമേനിന്നുള്ള ഒരു കല്പന എന്നതിനെക്കാൾ തങ്ങളുടെ തന്നെ കടമയായി അപ്പസ്തോലന്മാർക്ക് അനുഭവപ്പെട്ടു. മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ അവരെ നിർബന്ധിതരാക്കുംവിധം അത്ര ശക്തമായിരുന്നു അവർക്കു സിദ്ധിച്ച ഉത്ഥിതന്റെ അനുഭവം. ഈശോയുമായുള്ള അത്തരം ആഴമേറിയ ഒരു വ്യക്തിപരമായ അനുഭവമാണ് നമ്മുടെ പിതാവായ മാർതോമാശ്ലീഹായെ 'എന്റെ കർത്താവേ, എന്റെ ദൈവമേ'എന്ന് ഉദ്ഘോഷിക്കുവാൻ പ്രാപ്തനാക്കിയത്. ശക്തമായ ഈ ഉത്ഥാനാനുഭവമാണ് തോമാശ്ലീഹായെ പ്രേഷിതപ്രവർത്തനത്തിലേക്കു നയിക്കുന്നത്. വി. തോമാശ്ലീഹായുടെ ഈ മാതൃകയാണു മാർതോമാ ക്രിസ്ത്യാനികളായ നമ്മെ പ്രേഷിതപ്രവർത്തനത്തിൽ പ്രചോദിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നത്.

സെഹിയോൻശാലയിൽ പ്രാർഥിച്ചിരുന്ന ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവിന്റെ ആഗമനം ഉണ്ടായപ്പോൾ അവർ ലോകാതിർത്തികൾവരെ സുവിശേഷപ്രഘോഷണത്തിനായി പോകുകയുണ്ടായി. ഭരണങ്ങാനത്ത് എളിയരീതിയിൽ ആരംഭിച്ച ഈ സംഘടനയുടെ വളർച്ചയ്ക്കു കാരണമായിരിക്കുന്നതു പരിശുദ്ധാത്മാവിന്റെ ഇടപെടലാണെന്നു നിസംശയം നമുക്കു പറയാൻ

സാധിക്കും. 'ഭാരതമേ നിന്റെ രക്ഷ നിന്റെ സന്താനങ്ങളിൽ' എന്ന പതിമൂന്നാം ലെയോ മാർപാപ്പയുടെ വാക്കുകളാണ് ചെറുപുഷ്പ മിഷൻലീഗിന്റെ ആദർശവാക്യം. ഈ ആദർശവാക്യത്തിൽ അടിസ്ഥാനമിട്ട ദൗത്യനിർവഹണത്തിനായി സ്നേഹം-ത്യാഗം-സേവാ-സഹനം എന്ന മുദ്രാവാക്യവുമായി പ്രേഷിതപ്രവർത്തനം, വ്യക്തിത്വവികാസം, ദൈവവിളി പ്രോത്സാഹനം എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടി മിഷൻലീഗ് അംഗങ്ങൾ ഇന്നും തീക്ഷ്ണതയോടെ പ്രവർത്തിക്കുന്നു. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സഹായിക്കുന്നതിനും പ്രാർത്ഥനകൊണ്ടും സുകൃതങ്ങൾകൊണ്ടും അതിനെ ശക്തിപ്പെടുത്തുന്നതിനും മിഷൻപ്രവർത്തനത്തിനുപോകാൻ ആഗ്രഹിക്കുന്നവർക്കു സഭയുടെ മിഷൻമേഖലകളെയും മിഷനറി സമർപ്പിതസമൂഹങ്ങളെയും പരിചയപ്പെടുത്തുന്നതിനും അതുവഴി മിഷൻ ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിനും മിഷൻലീഗ് പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ സഭയിൽ നിന്നുള്ള 57 മെത്രാന്മാരുടെയും 25000ൽ അധികം വൈദികരുടെയും 35000ൽ അധികം സിസ്റ്റേഴ്സിന്റെയും ദൈവവിളിക്കും നിരവധി അല്മായരുടെ ജീവിതവിജയത്തിനും മിഷൻലീഗിലെ പ്രവർത്തനം കാരണമായിട്ടുണ്ട് എന്നത് ഏറെ അഭിമാനകരമായ വസ്തുതയാണ്.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനങ്ങൾക്കു കരുത്തായി നിന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്രവർത്തനങ്ങളെ പ്ലാറ്റിനം ജൂബിലി ആഘോഷവേളയിൽ പ്രത്യേകമായി അഭിനന്ദിക്കുന്നു. ചെറുപുഷ്പ മിഷൻലീഗിനെ എല്ലാവരും പ്രോത്സാഹിപ്പിക്കണമെന്നും വളർത്തണമെന്നും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ജൂബിലിയുടെ സമാപനവേളയിൽ ഈ സംഘടനയുടെ വളർച്ചയ്ക്കുവേണ്ടി അധ്വാനിച്ച എല്ലാവരെയും നാം ഓർക്കേതുണ്ട്. ഒരോ ഇടവകയിലും കുട്ടികളിൽ പ്രേഷിതതീക്ഷ്ണത വളർത്തിയ വൈദികർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, വിവിധതലങ്ങളിൽ സംഘടനയുടെ നേതൃത്വനിരയിൽ പ്രവർത്തിച്ചവർ, ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നവർ തുടങ്ങിയ എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കാം. ആധുനിക സമൂഹത്തിന്റെ വശ്യമായ പ്രലോഭനങ്ങൾക്കടിപ്പെട്ടു നന്മയുടെയും സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും വഴികളിൽനിന്നു നമ്മുടെ കുഞ്ഞുങ്ങൾ മാറിപ്പോകാതിരിക്കാനുള്ള ജാഗ്രത ഈ സംഘടനയുമായി ബന്ധപ്പെട്ട എല്ലാവർക്കുമുണ്ടാകട്ടെ. ഈ പ്രേഷിതസംഘടനയുടെ ആദ്യചൈതന്യം

ഇനിയും പതിന്മടങ്ങായി വരുംതലമുറയ്ക്കു പകർന്നുകൊടുക്കുവാൻ ഇതിന്റെ എല്ലാ അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു. അതിനായി, നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും, ചെറുപുഷ്പ മിഷൻലീഗിന്റെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും സഹമധ്യസ്ഥരുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനകൾ തുണയായിരിക്കട്ടെ.

തക്കലയിൽവച്ച് 2023 ജനുവരി 29നു നടക്കുന്ന ചെറുപുഷ്പ മിഷൻലീഗിന്റെ പ്ലാറ്റിനം ജൂബിലി സമാപനാഘോഷങ്ങളിൽ ബന്ധപ്പെട്ട എല്ലാവരും സഹകരിക്കണമെന്ന് ആഹ്വാനം ചെയ്തുകൊണ്ടും ജൂബിലിയുടെ മംഗളങ്ങൾ നേർന്നുകൊണ്ടും കാരുണ്യവാനായ കർത്താവിന്റെ അനുഗ്രഹങ്ങൾ എല്ലാ മിഷൻലീഗ് പ്രവർത്തകരുടെയും മേൽ ഉണ്ടായിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2022 ഡിസംബർ 22-ാം തിയതി നൽകപ്പെട്ടത്.

**കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

2023 ജനുവരി 15-ാം തിയതി ഞായറാഴ്ച വി. കുർബാനമധ്യേ സീറോമലബാർ സഭയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോസഫ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം.

**കൂരിയ അവധി**

2022 ഡിസംബർ 24 മുതൽ 2023 ജനുവരി 4 വരെ രൂപതാകച്ചേരി അവധിയായിരിക്കും.

**സീറോ മലബാർ സഭ പ്രേഷിത വാരാചരണം: ജനുവരി 6-13**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലൊ സീറോമലബാർ പ്രേഷിത വാരാചരണം. 2023 ജനുവരി 6 മുതൽ 13 വരെയാണ് സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് പ്രേഷിതവാരത്തെക്കുറിച്ച് നൽകിയിട്ടുള്ള സർക്കുലർ ജനുവരി 1 ന് ഞായറാഴ്ച വായിക്കുകയും അന്നേ ദിവസം പ്രത്യേക സ്തോത്രകാഴ്ച സ്വീകരിച്ച് ജനുവരി 30 നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**ബൈബിൾ കൺവെൻഷൻ**

രൂപതയുടെ സുവർണ്ണ ജൂബിലിയുടെ ഭാഗമായി ദ്വാരക സിയോനിൽ വെച്ച് 2023 ഫെബ്രുവരി 22 ബുധനാഴ്ച മുതൽ 26 ഞായറാഴ്ച വരെ നടക്കുന്ന ബൈബിൾ കൺവെൻഷന് അണക്കര മരിയൻ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ നേതൃത്വം നൽകുന്നു.

എല്ലാ ദിവസവും രാവിലെ 9 മണിക്ക് ജപമാലയോടെ ശുശ്രൂഷകൾ ആരംഭിക്കുകയും ഉച്ചകഴിഞ്ഞ് 3.30 ന് സമാപിക്കുകയും ചെയ്യും. 22 ന് ബുധനാഴ്ച രാവിലെ 10 മണിക്ക് രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം മെത്രാൻ കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് വി. ബലിയർപ്പിക്കും. 26 ന് ഞായറാഴ്ച്ച സഹായ മെത്രാൻ അഭിവന്ദ്യ മാർ അലക്സ് തരാമംഗലം സമാപനസന്ദേശം നൽകും.എല്ലാ ദിവസവും കൗൺസിലിംഗ് ഉണ്ടായിരിക്കും. 23 മുതൽ 26 വരെയുള്ള ദിവസങ്ങളിൽ കുമ്പസാരത്തിനുള്ള സൗകര്യവും ഉണ്ടായിരിക്കും.

ജനുവരി 3 മുതൽ ഫെബ്രുവരി 21 വരെ 50 ദിവസങ്ങൾ പ്രാർത്ഥിച്ചൊരുങ്ങാനായി പ്രത്യേക പ്രാർത്ഥന നൽകുന്നതാണ്. പള്ളികളിൽ പ്രദർശിപ്പിക്കാനുള്ള കൺവെൻഷന്റെ 'പോസ്റ്റർ' വാട്സാപ്പ് ആയി നൽകും. അത് പ്രിന്റ് എടുത്ത് ഉപയോഗപ്പെടുത്തുമല്ലോ.

കൺവെൻഷൻ ദിവസങ്ങളിൽ പ്രത്യേക യാത്രാ സൗകര്യം ക്രമീകരിക്കുന്നതാണ് (KSRTC).

**സ്വാഗതം**

മാനന്തവാടി രൂപതയിലേക്ക് സേവനത്തിനായി കടന്നുവന്നിരിക്കുന്ന OFM Cap സഭാഗംങ്ങളായ ബഹു. ക്രിസ്റ്റിൻ വല്ലാട്ടുപറമ്പിൽ ബഹു. ലിബിൻ കിഴക്കേക്കുടിയിൽ, ബഹു. അമൽ കൊട്ടുകാപ്പള്ളി എന്നീ വൈദികർക്ക് രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യ ജീവിത്തിന്റെ ആദ്യ ശുശ്രുഷാ മേഖലകളിൽ എല്ലാവിധ ദൈവാനുഗ്രഹവും വിജയവും നേരുന്നു.

## New Appointment

1. Fr Thomas (Christin) Kottukappally OFM Cap.
Assistant Vicar, Chungakkunnu (w.e.f 14th December 2022)

2. Fr Cherian ( Libin) Kizhakkekudiyil OFM Cap.
Assistant Vicar, Thariode ( w.e.f 11th December 2022)

3. Fr Joseph ( Amal) Kottukappally OFM Cap.
Assistant Vicar, Nadavayal ( w.e.f 11th December 2022)

## ജൂബിലി വാർത്തകൾ

### മാനന്തവാടി രൂപത സുവർണ ജൂബിലി ആഘോഷം: നേതൃസംഗമം

മാനന്തവാടി രൂപത സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 'സൗഹൃദം 2022' എന്ന പേരിൽ നേതൃസംഗമം മടത്തി.

1973ൽ രൂപത സ്ഥാപിതമായ കാലം മുതൽ രൂപതയുടെ വിവിധ സംഘടനകളുടേയും പ്രസ്ഥാനങ്ങളുടേയും നേതൃനിരയിൽ പ്രവർത്തിച്ച വൈദികർ, സമർപ്പിതർ അൽമായർ എന്നിവർ ഒത്തു ചേർന്ന ദ്വാരക പാസ്റ്ററൽ സെന്റർ ഓർമ്മകളുടേയും സൗഹൃദങ്ങളുടേയും സംഗമവേദിയായി മാറി. ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ സമ്മേളനത്തിന്റെ ഉദ്ഘാടനം കിൻഫ്ര ചെയർമാൻ ജോർജ്ജുകുട്ടി ആഗസ്തി നിർവ്വഹിച്ചു. മാനന്തവാടി ബിഷപ്പ് മാർ ജോസ് പൊരുന്നേടം അധ്യക്ഷത വഹിച്ചു. രൂപത സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം അനുഗ്രഹ പ്രഭാഷണം നടത്തി. രൂപതയുടെ പ്രഥമ മെത്രാൻ മാർ ജേക്കബ് തൂങ്കുഴിയുടെയും തലശ്ശേരി അതിരൂപത ബിഷപ്പ് എമരിറ്റസ് മാർ ജോർജ്ജ് ഞരളക്കാട്ടിന്റെയും സന്ദേശങ്ങൾ സംഗമത്തിൽ വായിച്ചു.

മുൻകാല പ്രവർത്തകർ തങ്ങളുടെ അനുഭവങ്ങൾ പങ്കുവച്ച സെഷനിൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ മോഡറേറ്റർ ആയിരുന്നു. വികാരി ജനറാൾമാരായ മോൺ പോൾ മുണ്ടോളിക്കൽ, റവ. ഫാ. തോമസ് മണക്കുന്നേൽ, ജൂബിലി കമ്മിറ്റി കൺവീനർ റവ. ഫാ. ബിജു മാവറ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ജോസ് മാത്യു പുഞ്ചയിൽ, തോമസ് ഏറണാട്ട്, രൂപതാ പി. ആർ ഒമാരായ റവ. ഫാ. ജോസ് കൊച്ചറയ്ക്കൽ, സാലു എബ്രാഹം മേച്ചേരിൽ എന്നിവർ പ്രസംഗിച്ചു.

### തിരുസ്വരൂപ പ്രയാണം

ഡിസംബർ 5 നു തിരുസ്വരൂപ പ്രയാണത്തിനു മുള്ളൻകൊല്ലി ഫൊറോനയിൽ ഇരുളം ഇടവകയിൽ ഉജ്ജ്വല സ്വീകരണം നൽകി. തുടർന്ന് വിവിധ ഇടവകകളിൽ പ്രയാണം പൂർത്തിയാക്കി ഡിസംബർ 16 നു ആടിക്കൊല്ലി ഇടവകയിൽ എത്തിച്ചേർന്നു. മുള്ളൻകൊല്ലി ഫൊറോനയ്ക്കു ശേഷം ഡിസംബർ 17 നു ബത്തേരി ഫൊറോനയിലെ വാകേരി ഇടവകയിൽ തിരുസ്വരൂപ

പ്രയാണം എത്തിച്ചേർന്നു. വളരെ ആഘോഷപൂർവ്വം തിരുസ്വരൂപം ഏറ്റുവാങ്ങി വിവിധ ഇടവകകളിലേക്ക് ഭക്തിപൂർവ്വം പ്രയാണം നടത്തി.

ഡിസംബർ 31 ന് അമ്പലവയൽ ഇടവകയിലാണ് തിരുസ്വരൂപ പ്രയാണത്തിനു സമാപനമായത്. മുള്ളൻകൊല്ലി ഫൊറോനായിൽ ബഹു. മാത്യു പെരുമാട്ടിക്കുന്നേൽ അച്ചനും, ബത്തേരി ഫൊറോനയിൽ ബഹു. ജെയിസ് പൂതക്കുഴി അച്ചനുമായിരുന്നു കോർഡിനേറ്റർമാരായി പ്രവർത്തിച്ചത്.

**അഖണ്ഡജപമാലയും അഖണ്ഡാരാധനയും**

ജനുവരി മാസത്തിൽ അഖണ്ഡജപമാലയ്ക്ക് നേതൃത്വം കൊടുക്കുന്നത് രൂപതയിലെ തിരുഹൃദയസന്യാസിനി സമൂഹങ്ങളാണ്.

ജനുവരി മാസത്തിൽ അഖണ്ഡാരാധന ആരംഭിക്കുന്നത് മാനന്തവാടി ഫൊറോനയിൽ ആണ്. ആവശ്യമായ ക്രമീകരണങ്ങൾ നടത്തുമല്ലോ.

## യുവവൈദികരുടെ ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ്

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2023 ഫെബ്രുവരി 13 മുതൽ 18 വരെ രണ്ട് ബാച്ചുകളിലായി ക്രമീകരിച്ചിരിക്കുന്നു. ഫെബ്രുവരി 13 വൈകിട്ട് 6 മുതൽ 15 വൈകിട്ട് 4 മണിവരെ ഒന്നാമത്തെ ബാച്ചിനും, ഫെബ്രുവരി 16 വൈകിട്ട് 6 മുതൽ 18 വൈകിട്ട് 4 മണി വരെ രണ്ടാമത്തെ ബാച്ചിനും കോഴ്സ് നടത്തപ്പെടും. 2011 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം തിരുപ്പട്ടം സ്വീകരിച്ചവർ ഉൾപ്പടെ എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ഇതോടൊപ്പം ചേർക്കുന്നു.

**1st Batch- Ongoing formation of Priests 2023 (Feb. 13- 15)**

| S N | Rev. Frs. House Name |
|---|---|
| 1) | Poyikayil Kurian (Arun) |
| 2) | Kocheril Mathew (Anoop) |
| 3) | Pannackal Mathew (Amal) |
| 4) | Pallattukunnel Augustine(Jijo) |
| 5) | Purakkal George (Aneesh) |
| 6) | Njallampuzha Thomas |
| 7) | Karamayil Issac(Shanto) |
| 8) | Kumbalakuzhy Mathew (Robins) |
| 9) | Pulikunnel Devassia(Clinto) |
| 10) | Thekkilakattil Jose (Ajay) |
| 11) | Thondiparambil Peter (Kiran) |
| 12) | Valayathil Joseph (Albin) |
| 13) | Nakkuzhikattu Mathew (Jomin) |
| 14) | Uppuveettil John (Akhil) |

| | |
|---|---|
| 15) | Poikayil Joseph(Jerin) |
| 16) | Arumayil George (Rijose) |
| 17) | Parayil Sebastian (Sebi) |
| 18) | Alackathadathil James Nidhin |
| 19) | Thekkethil Abraham (Prince) |
| 20) | Pezhakattil Francis (Ribin) |
| 21) | Kalapurackal Abraham (Vinoy) |
| 22) | Edachilath Joseph (Jithin) |
| 23) | Mulakodiyangal Sebastian (Jofin) |
| 24) | Muttappallil Joseph( Giphin) |
| 25) | Kalapurackal Mathew (Vipin) |
| 26) | Kunnath Joseph (Akhil) |
| 27) | Chakkalackal Joseph (Ajin) |
| 28) | Chavaranal Thomas (Nikhil) |
| 29) | Kanipallil Varghese (Georgekutty) |
| 30) | Thenpallil Sebastian (Nishwin) |

**IInd Batch- Ongoing formation of Priests 2023 ( Feb. 16-18**

| SL. | Rev.Frs. House Name |
|---|---|
| 1 | Oravaranthara Vincent (Santhosh) |
| 2 | Thattuparambil Varghese(Jinto) |
| 3 | Vadassery Thomas (Saneesh) |
| 4 | Chirayilparambil Joseph (Anto) |
| 5 | Peechattu Joseph (Jithin) |
| 6 | Chirackathottathil Augustine (Sijesh) |
| 7 | Thevarkunnel Don Bosco (Bivaldin) |
| 8 | Kollamkunnel Varghese (Anoop) |
| 9 | Chittarackal Varghese (Sanoj) |
| 10 | Palakkattu Antony (Nidhin) |
| 11 | Parackal Varghese (Noble) |
| 12 | Pulikuzhiyil Abraham (Shinto) |
| 13 | Elamkunnapuzha Joseph (Sijo) |
| 14 | Alumkal Joseph (Anish) |

| | |
|---|---|
| 15 | Madapallikunnel Antony (Sibi) |
| 16 | Kaliyaniyil  Kuriakose (Anoop) |
| 17 | Ambalathara Francis (Santo) |
| 18 | Kattath Thomas (Aneesh) |
| 19 | Iykkarakkanayil Thomas (Shiju) |
| 20 | Kalliyatt Devassia (Jaison) |
| 21 | Kattamkottil Thomas (Aneesh) |
| 22 | Kavalakkadan Varghese (Manoj) |
| 23 | Madathil Sebastian (Sunil) |
| 24 | Kizhakkanputhupally Varghese(Pratheesh) |
| 25 | Puthukattil Mathew (Jainesh) |

**മോൺ. പോൾ മുണ്ടോളിക്കൽ**
സിഞ്ചെല്ലൂസ്

## റിപ്പോർട്ട് - വൈദിക സമ്മേളനം 2022

മാനന്തവാടി രൂപതാ വൈദിക സമ്മേളനം 2022 നവംബർ 29 നു 10:30 നു ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടന്നു. ബഹു. ജോമിൻ നാക്കുഴിക്കാട്ട് അച്ചൻ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ച യോഗത്തിനു രൂപതാ സിഞ്ചെല്ലൂസ് മോൺ. പോൾ മുണ്ടോളിക്കൽ സ്വാഗതം ആശംസിച്ചു. രൂപതയുടെ സഹായ മെത്രാനായി അഭിഷിക്തനായിരിക്കുന്ന മാർ അലക്സ് താരാമംഗലം പിതാവിനെ രൂപതാ വൈദിക സമിതിയിലേക്ക് പ്രത്യേകമായി സ്വാഗതം ചെയ്തു. പൗരോഹിത്യ ജീവിതത്തിൽ രജത, സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന വൈദികരെ ആദരിക്കുകയും ചെയ്തു.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് അധ്യക്ഷ പ്രസംഗം നടത്തുകയും സഹായ മെത്രാനെന്ന നിലയിൽ മാർ അലക്സ് പിതാവിന്റെ പ്രവർത്തനങ്ങളെപ്പറ്റിയുള്ള കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസ മേഖലയിൽ അതിശീഘ്രം സംജാതമാകുന്ന മാറ്റങ്ങൾ മനസിലാക്കിയിരിക്കുവാനും രൂപതയിൽ എല്ലാ ഇടവകകളിലും ഹെൽപ്പ് ഡെസ്ക്കുകൾ സ്ഥാപിക്കേണ്ട ആവശ്യകതയെപ്പറ്റിയും പിതാവ് ബോധ്യപ്പെടുത്തി. തുടർന്ന് സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ്

എല്ലാവരെയും അഭിസംബോധന ചെയ്തു സംസാരിച്ചു. മെത്രാഭിഷേക ചടങ്ങുകൾ ഏറ്റവും നന്നായി ക്രമീകരിക്കുന്നതിന് പ്രിയ അച്ചന്മാർ എടുത്ത ത്യാഗത്തിനു നന്ദി പറയുകയും, നമുക്ക് ശക്തമായി മുന്നേറാമെന്നും നമ്മളിൽ ദൈവം ജ്വാലയായി ഇറങ്ങി വരട്ടെ എന്ന് പിതാവ് ആശംസിക്കുകയും ചെയ്തു.

സുവർണ്ണ ജൂബിലി പ്രവർത്തനങ്ങളെപ്പറ്റി രൂപതാ ജൂബിലി കൺവീനർ ബഹു. ബിജു മാവറ അച്ചൻ സംസാരിച്ചു. ഇടവകകളിൽ നടക്കുന്ന ജൂബിലി പ്രവർത്തനങ്ങളെപ്പറ്റിയുള്ള വാർത്തകൾ കൊടുക്കുവാനും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമാക്കുവാനും എല്ലാ വൈദികരും സഹകരിക്കണമെന്നും അഭ്യർത്ഥിച്ചു.

തുടർന്ന് ദീപിക ഫ്രെണ്ട്സ് ക്ലബ് സ്റ്റേറ്റ് കോർഡിനേറ്റർ ബഹു. ഫാ. റോയ് കണ്ണംചിറ ദീപികയുടെ പ്രൊമോഷൻ അതിപ്രാധാന്യമർഹിക്കുന്ന ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നു പോകുന്നതെന്നും നമ്മുടെ സഭയെപ്പറ്റി പറയാൻ ദീപിക നിലനിന്നേ പറ്റൂ എന്നും തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ദീപികയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കുക പരസ്യം കണ്ടെത്തുക, ദീപിക പ്രചാരണ പരിപാടികൾക്ക് വളരെ പ്രാധാന്യം കൊടുക്കുക എന്നിവ ഏറ്റവും ഗൗരവത്തോടെ നാം ചെയ്യേണ്ട കാര്യങ്ങളാണെന്നും സൂചിപ്പിച്ചു.

പിന്നീട് പ്രീസ്റ്റ് പ്രൊവിഡൻസ് ഫണ്ടിന്റെ കാര്യങ്ങൾ ബഹു. ഫാ. ജെയ്മോൻ കളമ്പുകാട്ട് വിശദീകരിക്കുകയും രൂപതയിൽ വിവിധ ഇടവകകളിൽ രൂപികരിച്ചു കൊണ്ടിരിക്കുന്ന ഹെൽപ്പ് ഡെസ്ക്കുകളെപ്പറ്റിയും ഇവയുടെ പ്രവർത്തനങ്ങളുടെ രീതികളെപ്പറ്റിയും എ.കെ.സി.സി രൂപതാഡയറക്റ്റർ ബഹു. ജോബി മുക്കാട്ടുകാവുങ്കൽ അച്ചനും വിശദീകരിച്ചു.

തുടർന്ന് നടന്ന പൊതു ചർച്ചയിൽ ബഹു. വൈദികർ അഭിപ്രായങ്ങൾ പങ്കുവെക്കുകയും അതോടൊപ്പം വിഴിഞ്ഞം സമരത്തിനു ധാർമ്മികമായ ഒരു പിന്തുണ നൽകി പ്രമേയം പാസ്സാക്കുകയും ചെയ്തു. രൂപതാ സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ യോഗത്തിനു നന്ദി പ്രകാശിപ്പിക്കുകയും രൂപതാ ഗാനത്തോടെ ഒരുമണിക്ക് യോഗം അവസാനിക്കുകയും ചെയ്തു.

**അനൂപ് കാളിയാനിയിൽ**
ചാൻസലർ

## HM, കോൺഫറൻസ്

കഴിഞ്ഞ മെയ് മാസത്തിലെ HM കോൺഫറൻസിനു നിർദ്ദേശിക്കപ്പെട്ടുപോലെ അടുത്ത കോൺഫറൻസ് ജനുവരി 26ന് രാവിലെ 10 മണിക്ക് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രധാനദ്ധ്യാപകർ അന്നേ ദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യ പേപ്പറിന്റെ ഈ വർഷത്തെ വില കൊണ്ടുവരേണ്ടതാണ്. വിശദവിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിന്റെ ഗ്രൂപ്പിൽ അറിയിക്കുന്നതായിരിക്കും. അതോടൊപ്പം HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും വേണം.

**മാനന്തവാടി രൂപതാ പ്ലസ്ടു പ്രതിഭകൾ**

13/11/2022 ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് 13 മേഖലകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട 52 കുട്ടികളും പ്രതിഭാ സംഗമത്തിൽ പങ്കെടുത്തു. ഇവരിൽനിന്ന് 20/11/2022 ഞായറാഴ്ച പാസ്റ്ററൽ സെന്ററിൽ വച്ചുനടന്ന ഫൈനൽ റൗണ്ടിലേക്ക് തിരഞ്ഞെടുക്കപ്പെട്ട 10 കുട്ടികൾ

**ആൺകുട്ടികൾ**

1. അബിൻ ജോണി - ചുള്ളിയാന *
2. ആദർശ് ജോർജ് - തലഞ്ഞി
3. ക്രിസ്റ്റി ജോസഫ് - തലഞ്ഞി *
4. ജെസ്വിൻ കളത്തിൽ - പൂക്കോട്ടുംപാടം
5. മിലൻ ജോസ് - നടവയൽ

**പെൺകുട്ടികൾ**

1. ആൻ മരിയ മണ്ണൂർ - ചുങ്കക്കുന്ന് *
2. ദിയ മോണോത്ത് - പോരൂർ
3. ഫിയോണ ഫെനിൽ - തലഞ്ഞി
4. ആൻസി വയലിൽ - മാർട്ടിൻനഗർ *
5. സാനിയ വർഗീസ് - തരിയോട്

ഇവരിൽ നിന്നും സംസ്ഥാനതല പ്രതിഭാ സംഗമത്തിലേക്ക് സെലക്ഷൻ ലഭിച്ചിരിക്കുന്നത് സ്റ്റാർ മാർക്ക് കൊടുത്തിരിക്കുന്ന കുട്ടികളാണ്.

രൂപതാ പ്രതിഭാ സംഗമത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും,

സംസ്ഥാനതല പ്രതിഭാ സംഗമത്തിലേക്ക് സെലക്ഷൻ ലഭിച്ചിരിക്കുന്ന നാല് പേർക്കും പ്രതിഭാ സംഗമത്തിന് നേതൃത്വം നൽകിയ ശ്രീ. ജോൺസൻ വടക്കേക്കര, ശ്രീ. ജോസ് മാത്യു പുഞ്ചയിൽ, സി. അനിത CMC, സി. ലിഡിയ SABS എന്നിവർക്കും രൂപതാ മതബോധന കേന്ദ്രത്തിന്റെ അഭിനന്ദനങ്ങൾ

**പരീക്ഷകൾ**

2023 ജനുവരി 21 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്നത് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ.

**HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ഫെബ്രുവരി 5 ന്**

കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെയർഫോർ ക്രിസ്റ്റ്യൻ സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ഫെബ്രുവരി 5-ന് ഞായറാഴ്ച രാവിലെ 10.30 മണിമുതൽ 1.00 മണി വരെ നടത്തുന്നതാണ്. പരീക്ഷയ്ക്കുവേണ്ട സഹായവും ക്രമീകരണങ്ങളും പരീക്ഷാകേന്ദ്രത്തിലെ ബഹു. വികാരിയച്ചനും, മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ് ഒരുക്കുന്നത്.

**പരീക്ഷാ സെന്ററുകൾ**

1. ബത്തേരി ഫൊറോന - ബത്തേരി
2. ചുങ്കക്കുന്ന് ഫൊറോന - ചുങ്കക്കുന്ന്
3. ദ്വാരക ഫൊറോന - ദ്വാരക
4. കല്ലോടി ഫൊറോന - കല്ലോടി, മക്കിയാട്
5. കൽപ്പറ്റ ഫൊറോന - കൽപ്പറ്റ
6. മാനന്തവാടി ഫൊറോന - കത്തീഡ്രൽ
7. മണിമൂളി ഫൊറോന - മണിമൂളി
8. മുള്ളൻകൊല്ലി ഫൊറോന- മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന - നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന - നിലമ്പൂർ
11. നീലഗിരി റീജിയൺ -അരുൾനിലയം, കയ്യൂന്നി, ഊട്ടി
12. പയ്യമ്പള്ളി ഫൊറോന - പയ്യമ്പള്ളി, മാർട്ടിൻ നഗർ
13. തരിയോട് ഫൊറോന - തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാ നടത്തിപ്പിന്റെ പൂർണ്ണ ഉത്തരവാദിത്വം മേഖലാ ഡയറക്ടർമാരുടെ നേതൃത്വത്തിൽ മേഖലാ ടീം അംഗങ്ങൾക്കായിരിക്കും. പരീക്ഷാ സെന്ററിലെ ബഹു. വികാരിയച്ചനുമായിആലോചിച്ച് ആവശ്യമായ ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.

2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.

3. ഒരു ഫൊറോനയിൽ ഒന്നിലധികം സെൻറർ ഉണ്ടെങ്കിൽ ഓരോ സെന്ററിലേക്കും പരീക്ഷ, നടത്തിപ്പിന്റെ ചുമതലക്കാരെ മേഖലാ ഡയറക്ടർ മുൻകൂട്ടി നിശ്ചയിച്ച് നൽകണം. (ഒരു വൈദികൻ, (സ്ഥലം വികാരി) കുട്ടികളുടെ എണ്ണം അനുസരിച്ച് ഒന്നോ രണ്ടോ മേഖലാ ടീം അംഗങ്ങൾ,) പരീക്ഷ ഒരുക്കങ്ങൾ സ്ഥലത്തെ പ്രധാനാധ്യാപകന്റെ നേതൃത്വത്തിൽ നടത്താൻ ചുമതലപ്പെടുത്തണം.

4. മേഖലാ ഡയറക്ടർ / സെക്രട്ടറി. എല്ലാ സെന്ററുകളും സജ്ജമാണന്ന് ഉറപ്പാക്കുകയും പരീക്ഷാ സാമഗ്രികൾ സെന്ററിൽ എത്തിക്കുകയും ചെയ്യണം.

3. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.00 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.15 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ് സമയം കൂൾ ഓഫ് ടൈം ആണ്. 10.30 മണിക്ക് ഉത്തരക്കടലാസുകൾ നൽകുക. 1.00 മണിവരെയാണ് പരീക്ഷ സമയം.

4. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർകഴിഞ്ഞു വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.

5. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിതിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പാക്കറ്റ് സീൽ ചെയ്ത് അന്നുതന്നെയോ പിറ്റേന്ന് ഉച്ചക്കുമുൻമ്പായോ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കണം. പിറ്റേന്നാണ് എത്തിക്കുന്നതെങ്കിൽ ഉത്തരപേപ്പറുകൾമേഖല ഡയറക്ടറുടെ പക്കലാണ് സൂക്ഷിക്കേണ്ടത്.

6. ആബ്സന്റ് നമ്പറുകളും, പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ടും സെന്റർ ഇൻവിജിലേറ്റർ തയ്യാറാക്കി പ്രത്യേകം കവറിലിട്ട് പേപ്പറുകൾക്കൊപ്പം രൂപതയിൽ ഏല്പിക്കണം.

6. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഹാൾടിക്കറ്റ് ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

7. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

## Course Certificate Students:

യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി സീലോടുകൂടിയ ആൻസർ ബുക്ക് നൽകരുത്. അവരുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർതന്നെ മൂല്യനിർണയം നടത്തി, course certificate students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, മാതാപിതാക്കളുടെ പേര്, ജനനതീയതി, മാമ്മോദീസ തീയതി, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

HCC ഈ വർഷം 11, 12 ക്ളാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽനിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല.

**മൂല്യനിർണയം**

മൂല്യനിർണയത്തെക്കുറിച്ചുള്ള വിശദവിവരങ്ങൾ ഹെഡ്മാസ്റ്റേഴ്സിനെ അറിയിക്കുന്നതായിരിക്കും.

**ജൂബിലി സ്കോളർഷിപ്പ് മാനദണ്ഡങ്ങൾ**

ജൂബിലി വർഷം പ്രമാണിച്ച് 4 മുതൽ 12 വരെയുള്ള ക്ലാസുകൾക്ക് നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷയ്ക്ക് ഇടവകയിൽ നടത്തിയ 2 ക്ലാസ് പരീക്ഷകളുടെയും, രൂപത നടത്തിയ സെമസ്റ്റർ പരീക്ഷയുടെയും average നോക്കി top മാർക്ക് കിട്ടുന്ന ഒരു കുട്ടിയെ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കുന്നു. 03/04/2023 ന് സ്കോളർഷിപ്പ് പരീക്ഷ ഫൊറോന കേന്ദ്രങ്ങളിൽ നടത്തുന്നു. പരീക്ഷയുടെ ഇൻവിജിലെറ്റേഴ്സ് രൂപത ടീം അംഗങ്ങളായിരിക്കും. സ്കോളർഷിപ്പിന്റെ പേപ്പർ valuation 2023 ഏപ്രിൽ 11, 12 തിയ്യതികളിൽ ആയിരിക്കും. മുൻ വർഷങ്ങളിൽ 4, 7, 10, 12 ക്ളാസുകൾക്ക് നടത്തിയിരുന്ന സ്കോളർഷിപ്പ് പരീക്ഷകളും റാങ്കും ഉണ്ടായിരിക്കുന്നതല്ല.

**മതാധ്യാപകർക്കായി ഉപന്യാസം, കവിത മത്സരങ്ങൾ**

**ഉപന്യാസം**

8 പേജിൽ കവിയരുത്. അൽമായർക്കും സന്യസ്തർക്കും വെവ്വേറെ ആയിരിക്കും മത്സരം.

വിഷയം *'എന്റെ മതാധ്യാപക ദൗത്യവും വെല്ലുവിളികളും'*

**കവിത**

20 വരിയിൽ കവിയരുത്. അല്മായർക്കും സന്യസ്തർക്കും വെവ്വേറെ മത്സരം ആയിരിക്കും.

വിഷയം - *'അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ'* യോഹന്നാൻ 2:5

**സമ്മാനഘടന**

ഇരു മത്സരങ്ങൾക്കും ഒന്ന് രണ്ട് മൂന്ന് സ്ഥാനം ലഭിക്കുന്നവർക്ക് യഥാക്രമം 3001, 2001, 1001 രൂപ ക്യാഷ് അവാർഡും ജൂബിലി മെമന്റോയും നൽകുന്നതാണ്. രചനയോടൊപ്പം മറ്റൊരു സ്ലിപ്പിൽ പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ, (address) എഴുതേണ്ടതാണ്. ജനുവരി 20ന് മുൻപായി ഇടവകയിൽ നിന്നുള്ള അൽമായരുടെയും, സന്യസ്തരുടെയും ഓരോ രചനകൾ രൂപത മതബോധന ഓഫീസിൽ നേരിട്ട് ഏൽപ്പിക്കുകയോ, പോസ്റ്റിൽ അയക്കുകയോ ചെയ്യാവുന്നതാണ്. ജനുവരി 26 ന് HM കോൺഫറൻസിന് വരുമ്പോൾ ഓഫിസിൽ ഏൽപ്പിക്കുകയും ചെയ്യാവുന്നതാണ്. ജനുവരി 26ന് ശേഷമുള്ള ഒരു രചനകളും സ്വീകരിക്കുന്നതല്ല.

**സെമിനാർ**

11/12/2022 ഞായറാഴ്ച ശിശുമല ഇൻഫന്റ് ജീസസ് സൺഡേ സ്കൂളിൽ രക്ഷിതാക്കൾക്കായി നടത്തിയ സെമിനാറിൽ രൂപതാ ടീമംഗമായ ശ്രീ. ജോസ് മാത്യു പുഞ്ചയിൽ ക്ലാസ് നയിച്ചു.

**മേഖല മതാധ്യാപക സംഗമം**

**നിലമ്പൂർ:** മേഖലയിലെ മതാധ്യാപകരുടെ സംഗമം 20.11. 2022 ഞായറാഴ്ച നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഫൊറോനാ പള്ളിയിൽ വച്ച് നടന്നു. രാവിലെ 9.00 ന് രൂപതാ മതബോധന ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചന്റെ കാർമികത്വത്തിൽ വി. കുർബാനയോടുകൂടി ആരംഭിച്ചു. മേഖല ഡയറക്ടർ ബഹു. സന്തോഷ് കിഴക്കൻപുതുപ്പള്ളി അച്ചൻ ഏവർക്കും സ്വാഗതം ആശംസിച്ചു. തുടർന്ന് രൂപതാ ഡയറക്ടർ ഉദ്ഘാടനം നിർവഹിച്ച സംഗമത്തിൽ പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ വിഭാഗത്തിലെ, ജനറൽ എഡ്യൂക്കേഷൻ അസി. പ്രൊഫസർ ഡോ. അലക്സ് ജോർജ് ക്ളാസ്സെടുത്തു. ഉച്ചകഴിഞ്ഞ് നടന്ന പൊതുമീറ്റിംഗിൽ മേഖല പ്രസിഡന്റ് ശ്രീ. ബിനു വടക്കേമുറി സ്വാഗതമാശംസിച്ചു. അധ്യക്ഷൻ നിലമ്പൂർ ഫൊറോനാ വികാരി ബഹു. ബിജു തുരുത്തേലച്ചൻ സന്ദേശം നൽകി. ഫൊറോനാ സെക്രട്ടറി ശ്രീ. ജോഷി കളരിക്കൽ റിപ്പോർട്ട് അവതരിപ്പിച്ചു. 15 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിച്ചു. ശ്രീമതി ജിഷ കോക്കണ്ടത്തിൽ എല്ലാവർക്കും നന്ദി പറഞ്ഞു. വിവിധ ഇടവകകളിൽ നിന്ന് 167 അധ്യാപകർ പങ്കെടുത്തു. വിവിധ ഇടവകകളിൽനിന്ന്

163 അധ്യാപകർ പങ്കെടുത്തു. മേഖല ഡയറക്ടർ ബഹു. സന്തോഷച്ചനും, വികാരിയച്ചൻമാർക്കും, ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും പങ്കെടുത്ത എല്ലാ അധ്യാപകർക്കും നന്ദി.

**കൊട്ടിയൂർ:** മേഖലയിലെ മതാധ്യാപകരുടെ സംഗമം 27.11. 2022 ഞായറാഴ്ച ചുങ്കക്കുന്ന് ഫാത്തിമ മാതാ ഫൊറോനാ പള്ളിയിൽ വച്ച് നടന്നു. രാവിലെ 9.00 ന് രൂപതാ മതബോധന ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് ബഹു. സാബു കുമ്പുക്കലച്ചൻ ക്ലാസ്സെടുത്തു. ഉച്ചക്ക് 12.30 ന് വി. കുർബാനക്ക് ബഹു. സാബു അച്ചൻ കർമികത്വം വഹിച്ചു. 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ അദ്ധ്യാപകരെ ആദരിച്ചു. നേതൃത്വം നൽകിയ ഫൊറോനാ വികാരി ബഹു. ജോയി തുരുത്തേലച്ചനും, മേഖല ഡയറക്ടർ ബഹു. ബെന്നി മുതിരക്കാലായിലച്ചനും, വികാരിയച്ചന്മാർക്കും, മേഖല സെക്രട്ടറിക്കും, ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും പങ്കെടുത്ത എല്ലാ അധ്യാപകർക്കും നന്ദി.

**പയ്യമ്പള്ളി:** മേഖലയിലെ മതാധ്യാപകരുടെ സംഗമം 11.12.2022 ഞായറാഴ്ച മേരിമാതാ കോളജിൽ വച്ച് നടന്നു. രാവിലെ 9.00 ന് രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ അച്ചന്റെ കാർമികത്വത്തിലുള്ള വി. കുർബാനയോടുകൂടി സംഗമത്തിന് തുടക്കമായി. തുടർന്ന് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ മേഖല ഡയറക്ടർ ബഹു. സിബി ചേലക്കാപ്പള്ളി അച്ചൻ ഏവർക്കും സ്വാഗതമാശംസിച്ചു. തുടർന്ന് അഭിവന്ദ്യ മാർ. അലക്സ് താരാമംഗലം സംഗമം ഉദ്ഘാടനം ചെയ്തു. ബ. ജനറാളച്ചൻ ആശംസകളർപ്പിച്ചു. മേഖല സെക്രട്ടറി ശ്രീ. ജോൺസൺ സാർ എല്ലാവർക്കും നന്ദിയർപ്പിച്ചു. പിതാവിന്റെ ക്ലാസ് ഏറെ പ്രചോദനം നൽകുന്നതായിരുന്നു. ഉച്ച കഴിഞ്ഞ് മതബോധന ഡയറക്ടർ ഫാ. തോമസ് കച്ചിറയിൽ അച്ചൻ സന്ദേശം നൽകുകയും അധ്യാപകരുടെ നിർദ്ദേശങ്ങൾ കേൾക്കുകയും ചെയ്തു. ഫൊറോനാ വികാരി ബഹു. സുനിൽ വട്ടുകുന്നേലച്ചൻ സമാപന സന്ദേശം നൽകി. സ്മിത കൂട്ടുങ്കൽ ടീച്ചർ എല്ലാവർക്കും നന്ദിയർപ്പിച്ചു. വിവിധ ഇടവകകളിൽനിന്ന് 130 അധ്യാപകർ പങ്കെടുത്തു. നേതൃത്വം നൽകിയ മേഖല ഡയറക്ടർക്കും, വികാരിയച്ചന്മാർക്കും മേഖല സെക്രട്ടറി ശ്രീ. ...... ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും പങ്കെടുത്ത എല്ലാ അധ്യാപകർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

സ്നേഹമുള്ളവരെ,

പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. 2022 കോവിഡിൽ നിന്നുള്ള അതിജീവനത്തിന്റെയും ദൈവാനുഗ്രഹത്തിന്റെയും വർഷമായിരുന്നു. പുതിയ വർഷത്തിലേക്ക് നമ്മെ നയിച്ച ദൈവത്തിന് ഒന്നുചേർന്ന് നന്ദി പറയാം. കഴിഞ്ഞ ഒരു വർഷക്കാലം ചെറുപുഷ്പ മിഷൻ ലീഗിനെ ചേർത്തുപിടിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. 2023, നമ്മുടെ രൂപതാ സ്ഥാപനത്തിന്റെയും മാനന്തവാടി രൂപതയിൽ ചെറുപുഷ്പ മിഷൻ ലീഗ് തുടക്കം കുറിച്ചതിന്റെയും 50 ആണ്ടുകൾ പിന്നിടുമ്പോൾ ദൈവാനുഗ്രഹത്തിന്റെ വർഷം ആകട്ടെയെന്ന് പരസ്പരം ആശംസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. 2023 ജനുവരി രണ്ടാം തീയതി വിശുദ്ധ കൊച്ചുത്രേസ്യയുടെ 150 ജന്മവാർഷികമാണ്. ഇത് നമുക്ക് ഒരു അഭിമാനമാണ്. UNESCO (യുണൈറ്റഡ് നേഷൻസ് എജ്യുക്കേഷണൽ, സയന്റിഫിക്, കൾച്ചറൽ ഓർഗനൈസേഷൻ) സ്വർഗ്ഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായെ ലോകത്തിലെ ഏറ്റവും സ്വാധീനമുള്ള വനിതയായി തെരഞ്ഞെടുത്തിരിക്കുകയാണ്. ആഗോളതലത്തിൽ വിശുദ്ധയുടെ സ്വാധീനം അംഗീകരിച്ച യുനെസ്കോ അവളെ 2022-2023 വർഷത്തേക്ക് ആദരിക്കാൻ തീരുമാനിച്ചിരിക്കുന്നു. 2021 നവംബർ 11-ന് പാരീസിൽ കൂടിയ യുനെസ്കോയുടെ പൊതുസമ്മേളനത്തിന്റെ റിപ്പോർട്ടിൽ എഴുതിയിരിക്കുന്ന ശ്രദ്ധേയമായ വാക്കുകൾ ഇപ്രകാരമാണ്: 'സംസ്കാരവും വിദ്യാഭ്യാസവും ശാസ്ത്രജ്ഞാനവുമുള്ള ഒരു ഫ്രഞ്ചുയുവതി അവളുടെ വ്യക്തിപ്രഭാവവും രചനകളും വഴി മനുഷ്യഹൃദയത്തിന്റെ ആഴങ്ങൾ കണ്ടെത്തുന്നു. ജീവിതത്തിന്റെ അർത്ഥവും വ്യക്തിപരവും ആഗോളവുമായ ശാന്തിയും തേടിയുള്ള യാത്രയിൽ അനുഗമിക്കാവുന്ന പുതിയ പാതകൾ തുറക്കുകയും ചെയ്യുന്നു.''അഖിലലോകവും അതീവ ആദരവോടെ കാണുന്ന ഈ അതുല്യ പ്രതിഭ ആരാണ്? അവളുടെ ജീവിതരഹസ്യം എന്താണ്? യേശുവിൽ കേന്ദ്രീകൃതമായി, അവിടുന്നാകട്ടെ ഒരു സാധാരണവ്യക്തി വളരെനാൾ വായിച്ചും പഠിച്ചും നേടുന്ന അറിവിനേക്കാൾ സമുന്നതമായ ജ്ഞാനംകൊണ്ട് അവളെ നിറച്ചു.'അവിടുന്ന് എന്റെ പക്കലേക്ക് സ്വയം താഴ്ന്നുവന്ന്

തന്റെ സ്നേഹത്തെ സംബന്ധിച്ച കാര്യങ്ങൾ രഹസ്യമായി എനിക്ക് ഉപദേശിച്ചുതന്നു.''

യേശു, ദർശനം നൽകാതെയും തന്റെ സ്വരം കേൾപ്പിക്കാതെയും രഹസ്യത്തിലാണ് തന്നെ പഠിപ്പിക്കുന്നതെന്ന് മൂത്ത സഹോദരി മരിയയ്ക്കുള്ള കത്തിൽ ഒരിക്കൽ എഴുതിയിരുന്നു. യേശു അവളെ പഠിപ്പിച്ചത് സ്നേഹത്തിന്റെ ശാസ്ത്രമാണ്. ശാസ്ത്രങ്ങളുടെയെല്ലാം ശാസ്ത്രമാണല്ലോ സ്നേഹത്തിന്റെ ശാസ്ത്രം! കലുഷിതമായ ഈ ലോകവ്യവസ്ഥിതികൾ മെച്ചപ്പെടുത്തുന്നതിനും വ്യക്തിഗതവും സാർവത്രികവുമായ സമാധാനം സംസ്ഥാപിക്കുന്നതിനും അവൾ പഠിച്ചതും ജീവിച്ചതും പഠിപ്പിക്കുന്നതുമായ 'സ്നേഹ'മെന്ന ഈ ശാസ്ത്രത്തിനു മാത്രമേ സാധിക്കുകയുള്ളൂ. അവൾ അവതരിപ്പിക്കുന്ന ശാസ്ജ്ഞാനം 'രോഗാതുരമായ' ഇന്നത്തെ ലോകത്തിന് അത്യന്താപേക്ഷിതമായ ഒരു രോഗ നിവാരണോപാധിയാണ്. അവളുടെ ഹൃദയത്തിൽനിന്നുള്ള ഒരു നിറഞ്ഞൊഴുകലായ ഈ ശാസ്ത്രത്തിന്റെ വിശകലനം നാം കാണുന്നത് അവളുടെ രചനകളിലാണ്.

വിശുദ്ധ കൊച്ചുത്രേസ്യായെ അവതരിപ്പിച്ചുകൊണ്ടുള്ള യുനെസ്കോയുടെ റിപ്പോർട്ടിൽ ആവർത്തിക്കുന്ന ഒരു വാക്ക് 'സ്ത്രീ' എന്നാണ്. ഇന്നത്തെ ലോകത്തിൽ 'സ്ത്രീശാക്തീകരണം' എന്നത് ആഗോളതലത്തിൽ പ്രാധാന്യമർഹിക്കുന്ന ഒരു വിഷയമായതുകൊണ്ട് അത് അവതരിപ്പിക്കുവാൻ തികച്ചും അനുയോജ്യ വ്യക്തിയായി കൊച്ചുത്രേസ്യായെ കണ്ടുവെങ്കിൽ അതിൽ അതിശയിക്കാനൊന്നുമില്ല. പുതുതലമുറയെയും പ്രത്യേകിച്ച് ലോകത്തെയും സുവിശേഷസന്ദേശംകൊണ്ട് പ്രകാശിപ്പിക്കുന്നതിനുതകുന്നതാണ് അവളുടെ പ്രബോധനങ്ങൾ. ഇക്കാരണങ്ങളാൽ ക്രൈസ്തവലോകം മാത്രമല്ല, അക്രൈസ്തവലോകവും അവളെ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു.

അങ്ങനെ 2023, നമുക്ക് അനുഗ്രഹത്തിന്റെയും അഭിമാനത്തിന്റെയും വർഷം ആകട്ടെ. ഒരിക്കൽക്കൂടി എല്ലാവർക്കും ദൈവാനുഗ്രഹം നിറഞ്ഞ ഒരു പുതുവർഷം ആശംസിച്ചുകൊണ്ട്,

സ്നേഹപൂർവ്വം,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**രക്ഷകനൊപ്പം ഇതാ ബത്‌ലഹേം വിളിക്കുന്നു.**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ക്രിസ്തുമസ്സിനുള്ള ഒരുക്കമായി നവംബർ 27 മുതൽ ഡിസംബർ 25 വരെ *രക്ഷകനൊപ്പം ഇതാ ബത്‌ലഹേം വിളിക്കുന്നു* എന്ന പേരിൽ ക്രിസ്തു

മസ് ധ്യാന ചിന്തകൾ ഉൾകൊളളിച്ചുകൊണ്ട് മനോഹരമായ സ്റ്റാറ്റസ് വീഡിയോ ചെയ്തു. ഇതിനു പിന്നിൽ പ്രവർത്തിച്ചവർക്ക് നന്ദിയും അഭിനന്ദനങ്ങളും.

**സംസ്ഥാന പ്ലാറ്റിനം ജൂബിലി സമാപനം**

ഡിസംബർ 4 ന് ഭരണങ്ങാനത്തു വെച്ചു നടന്ന സംസ്ഥാതല പ്ലാറ്റിനം ജൂബിലി സമാപനത്തിൽ മാനന്തവാടി രൂപതയിൽ നിന്നും 21 പേർ പങ്കെടുത്തു. അന്നേദിനം മികച്ച രൂപത, മേഖലകൾ, ശാഖ കൾ എന്നിവയ്ക്കുള്ള മെമന്റോകൾ ഏറ്റു വാങ്ങുകയും ചെയ്തു. ജൂബിലി സമാപനത്തിനു ശേഷം സീറോമലബാർ സഭയുടെ ആസ്ഥാനമായ മൗണ്ട് തോമസ് കൂരിയ സന്ദർശിച്ച് ആലഞ്ചേരി പിതാവിനേയും ഓപ്പറേഷനു ശേഷം വിശ്രമത്തിലായിരിക്കുന്ന ഞരളക്കാട്ടു പിതാവിനേയും കണ്ട് ക്ഷേമാന്വേഷണങ്ങൾ നടത്തി സ്നേഹവും സൗഹൃദവും പങ്കുവയ്ക്കുകയും അനുഗ്രഹാശീർ വാദങ്ങൾ ഏറ്റുവാങ്ങുകയും ചെയ്തു.

**ഗ്ലോറിയ 2022**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടത്തിയ ഗ്ലോറിയ 2022 കരോൾ ഗാനമത്സരത്തിൽ തവിഞ്ഞാൽ ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. പനമരം, ചെറുകാട്ടൂർ ശാഖകൾ യഥാ ക്രമം രണ്ടും, മൂന്നും സ്ഥാനങ്ങൾ നേടുകയുണ്ടായി. സമാപനസമ്മേ ളനത്തിൽ ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ഡയ റക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ വിജയികൾക്ക് ട്രോഫിയും 7001, 5001, 3001 ക്രമത്തിൽ ക്യാഷ് പ്രൈസും വിതരണം ചെയ്യു കയും ക്രിസ്തുമസ്സിന്റെ സന്തോഷവും സഹോദര്യവും പങ്കുവയ് ക്കുന്നതിന്റെ ഭാഗമായി ക്രിസ്തുമസ്സ് കേക്ക് മുറിച്ച് എല്ലാവർക്കും നൽകുകയും ചെയ്തു.

**ക്രിസ്തുമസ് രാവ്**

നക്ഷത്രങ്ങൾ കണ്ണ് ചിമ്മുന്ന, മണ്ണിലും വിണ്ണിലും ഗ്ലോറിയ ഗീതങ്ങൾ മുഴക്കുന്ന ക്രിസ്തുമസ് രാവ്. പുൽക്കൂട്ടിലെ പൊന്നു ണ്ണിക്കൊപ്പം നക്ഷത്ര വിളക്കുകൾ തെളിച്ച്, കരോൾ ഗാനങ്ങൾ പാടി, നൃത്തം ചവിട്ടി, മധുരം നുണഞ്ഞ് വർണ്ണശബളമായ അനുഗ്രഹീത മായൊരു ക്രിസ്തുമസ് രാവ് ഡിസംബർ 23 -ാം തീയതി കല്ലോടി സെന്റ് ജോർജ്ജ് ഇടവകയിൽ ഒരുക്കി. മാനന്തവാടി രൂപതയുടെ സഹായമെത്രാനായ മാർ അലക്സ് താരമംഗലം പിതാവിന്റെ അനു ഗ്രഹീത സാന്നിധ്യവും സന്ദേശവും ഈ രാവിന് മാറ്റുകൂട്ടി. ക്രിസ്തു മസ്രാവ് മനോഹരമാക്കി തീർക്കാൻ ഏറെ സഹായിക്കുകയും ആതി ഥേയത്വം വഹിക്കുകയും ചെയ്ത കല്ലോടി ശാഖയിലെ സി. എം.

എൽ അംഗങ്ങളെയും ശാഖഭാരവാഹികളെയും പ്രത്യേകിച്ച് എല്ലാറ്റിനും ചുക്കാൻ പിടിച്ച ബഹു. ബിജു മാവറ അച്ചനും ജെറിൻ പൊയ്കയിൽ അച്ചനും ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപതാ കുടുംബത്തിന്റെ നന്ദിയും അഭിനന്ദനങ്ങളും.

**ഉദയം 2023**

ചെറുപുഷ്പ മിഷൻ ലീഗ് മാനന്തവാടി രൂപത ടീം, എക്സിക്യുട്ടീവ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും ഒന്നിച്ചിരിക്കാനും, ഒത്തിരി പറയാനും പുതുവർഷത്തിൽ ഒന്നിച്ചു കൂടുന്നു. മിഷൻ ലീഗിന്റെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യായുടെ 150-ാംജന്മവാർഷിക ദിനമായ 2023 ജനുവരി 2 ന് തിങ്കളാഴ്ച വൈകുന്നേരം 6 മണിയ്ക്ക് പാസ്റ്ററൽ സെന്ററിൽ വച്ച് കൂടുന്ന പ്രോഗ്രാമിൽ കുട്ടികളുടെ വിവിധ കലാപരിപാടികളും ക്രമീകരിച്ചു. ക്രിസ്തുമസ്സിന്റെയും പുതുവർഷത്തിന്റെയും സന്തോഷവും സ്നേഹവും പരസ്പരം പങ്കുവയ്ക്കുന്നതിനായി കുടുംബങ്ങൾ പരസ്പരം സമ്മാനങ്ങൾ കൈമാറുകയും ചെയ്തു.

**ശാഖ വാർത്തകൾ:**

**മഞ്ഞൂറ:** സെമിത്തേരി സന്ദർശിച്ച് പൂർവ്വികർക്കു വേണ്ടി പ്രാർത്ഥിച്ചു.അൾത്താര കുട്ടികൾ ചേർന്ന് ആരാധനയും ജപമാലയും നടത്തി. കുട്ടികൾക്ക് കായിക മൽസരങ്ങൾ നടത്തി. ശിശുദിനവും അധ്യാപകദിനവും നടത്തി. രോഗി സന്ദർശനം നടത്തി.

**കേളകം:** മിഷൻ മാസാചരണത്തിന്റെ ചൈതന്യം ഉൾക്കൊണ്ട് മിഷൻ ലീഗ് അംഗങ്ങളും ഇടവകാംഗങ്ങളുംചേർന്ന് സ്വരൂപിച്ച നിത്യോപയോഗസാധനങ്ങളും പണവും ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ടീം അംഗങ്ങൾ അറയങ്ങാടുള്ള സ്നേഹ ഭവൻ സന്ദർശിച്ച് അവർക്കു നൽകികൊണ്ട് അനാഥരും ആലംബഹീനരുമായ അന്തേവസികളോട് ഒപ്പം സാന്ത്വന സാമീപ്യമായി മാറി. മതാധ്യാപക ദിനാചരണത്തിന്റെ ഭാഗമായി അധ്യാപകരെ ആദരിക്കുകയും മതാധ്യാപക ദിന സന്ദേശം നൽകുകയും ചെയ്തു. ഡെയ്‌ലി ബൈബിൾ സ്റ്റാർ പ്രോഗ്രാമിൽ കേളകം ശാഖയിൽ നിന്നും ജോവാൻ അനൂപ് ഈ മാസം വിജയിയായി.

**കൊട്ടിയൂർ:** ബൈബിൾ വചനങ്ങൾ മനഃപ്പാഠമാക്കി അവതരിപ്പിക്കുന്ന മത്സരം സംഘടിപ്പിച്ചു. സമ്മാനങ്ങൾ വിതരണം ചെയ്തു. ആഫ്രിക്കയിലെ ടാൻസാനിയയിൽ നിന്ന് ഫാ. ദിലീഷ് പൊരിയംവേലിൽ ഓൺലൈനായി മിഷൻ അനുഭവങ്ങൾ പങ്കുവെച്ചു. ഇടവകയിൽ രോഗീ സഹായം, വിദ്യാഭ്യാസ സഹായം എന്നിവ നൽകി. ഭവനങ്ങളിൽ സ്നേഹാന്വേഷണം നടത്തി പ്രാർത്ഥിച്ചു.

**പുതിയിടംകുന്ന്:** കുരിശടിയും കപ്പേളയും വൃത്തിയാക്കി. സ്നേഹാലയം സന്ദർശിക്കുകയും അവർക്ക് ആവശ്യമായ അവശ്യ വസ്തുക്കൾ കൈമാറുകയും ചെയ്തു. ശിശുദിനത്തോടനുബന്ധിച്ച് പുതിയിടം കുന്ന് അങ്കനവാടി കുഞ്ഞുങ്ങളെ സന്ദർശിക്കുകയും മിഠായി കളിപ്പാട്ടം എന്നിവ നൽകുകയും ചെയ്തു. റോഡ് സൈഡിലെ കാടുകൾ വെട്ടിത്തെളിച്ചു.

**കല്ലോടി:** നവംബർ മാസം മുഴുവൻ നീണ്ടുനിന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങളും ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികളും നടത്തി. നവംബർ മാസം മുഴുവൻ സി.എം.എൽ അംഗങ്ങൾ സിമിത്തേരി സന്ദർശിക്കുകയും സകല മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. കൂടാതെ മരണമടഞ്ഞ സി. എം. എൽ അംഗങ്ങൾക്കായി പ്രത്യേകം പ്രാർത്ഥിച്ചു. മെഡിക്കൽ കോളേജിൽ ഭക്ഷണവിതരണം നടത്തി. മതാധ്യാപക ദിനം സമുചിതമായി ആഘോഷിച്ചു.

**റൂബിനഗർ:** ലഹരി വിരുദ്ധ മാസത്തോടനുബന്ധിച്ച് കുട്ടികൾ കൊളാഷ് നിർമ്മിച്ചു. ലഹരിവിരുദ്ധ സന്ദേശം നൽകി. സി.എം.എൽ അംഗങ്ങൾ എല്ലാവരും ലഹരിക്കെതിരെ പ്രതിജ്ഞ എടുത്തു.

**ചുങ്കക്കുന്ന് മേഖല**

അർദ്ധ വാർഷിക മാനേജിംഗ് കമ്മിറ്റി ചേർന്നു. എല്ലാ ശാഖകളുടെയും പൂർണ്ണമായ പങ്കാളിത്തം ഉണ്ടായിരുന്നു. ശാഖകളിൽ നടത്തിയ ആറുമാസത്തെ വ്യത്യസ്തമായ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. ലഹരി വിരുദ്ധ റാലി, പോസ്റ്റർ പ്രചരണം,പോസ്റ്റർ നിർമ്മാണമത്സരം, ലഹരി വിരുദ്ധ പ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു. അഞ്ചാഴ്ച്ച നീണ്ടു നിൽക്കുന്ന മെഗാക്വിസ് 2022 നടത്തി. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു.

പുതുവർഷത്തിൽ ജൂബിലി ചൈതന്യം ഹൃദയത്തിലേറ്റു വാങ്ങി, കർമ്മപഥങ്ങൾ പ്രേഷിത വീര്യത്താൽ നിറച്ച്, വീണ്ടും ചെമ്മഞ്ഞകൊടിക്കീഴിൽ ക്രിസ്തു ശിഷ്യരായ് അണിനിരക്കാം.

സ്നേഹപൂർവ്വം,
**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

## Department of Youth Ministry

**ലൈഫ് ട്രെയിനിങ്**

2022 ഡിസംബർ 17-ാം തീയതി ശനിയാഴ്ച വൈകുന്നേരം നാലുമണി മുതൽ പതിനെട്ടാം തീയതി ഞായറാഴ്ച രാവിലെ 7 മണി വരെ ലൈഫ് ട്രെയിനിങ് 2017, 18 ബാച്ചുകളുടെ സംഗമം മംഗലശ്ശേരിയിൽ വെച്ച് നടന്നു. 10 ലൈഫ് വിദ്യാർത്ഥികൾ ഇതിൽ പങ്കുചേർന്നു. തങ്ങളുടെ ജീവിതാനുഭവങ്ങൾ പങ്കുവെച്ചും ജീവിതത്തിൽ വരുത്തേണ്ട ക്രമീകരണങ്ങൾ കണ്ടെത്തിയും തിരുത്തിയും വിദ്യാർത്ഥികൾ സമയം ഫലപ്രദമാക്കി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി. എം.സി, സി. ഡെൽഫി മരിയ സി. എം. സി എന്നിവർ ഇതിന് നേതൃത്വം നൽകി.

**തിരുപ്പിറവി**

ക്രിസ്തുമസ് കാലം മുഴുവനും ഉണ്ണി മിശിഹായെ സ്വീകരിക്കാനുള്ള ഒരുക്കത്തിന്റെ ഭാഗമായി ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളുടെയും യൂത്ത് മിനിസ്ട്രി ടീമിന്റെയും നേതൃത്വത്തിൽ തിരുപ്പിറവി എന്ന പേരിൽ സ്റ്റാറ്റസ് വീഡിയോസ് തയ്യാറാക്കി സോഷ്യൽ മീഡിയ വഴി പ്രസിദ്ധപ്പെടുത്തി വരുന്നു. ആൻ മരിയ അജിൻ, ആൻ മരിയ മാത്യു എന്നിവരാണ് ഇതിന് നേതൃത്വം നൽകുന്നത്. ഈ വീഡിയോസ് അനേകർക്ക് പ്രചോദനമേകുന്നു.

**വചന വഴിയിലൂടെ ബെത്‌ലഹേമിലേക്ക് ഒരു യാത്ര**

ഉണ്ണീശോയുടെ ജനനത്തിന് ഒരുക്കമായി സമ്പൂർണ്ണ സുവിശേഷ വായനയിലൂടെയും സുകൃതങ്ങളിലൂടെയും ഒരുങ്ങുന്നതിനുള്ള ക്രമീകരണമാണ് വചന വഴിയിലൂടെ ബെത്‌ലഹേമിലേക്ക് ഒരു യാത്ര എന്ന പരിപാടിയിലൂടെ നടത്തപ്പെടുന്നത്. പോസ്റ്ററിലൂടെ അനുദിനവും വായിക്കേണ്ട വചന ഭാഗങ്ങളും സുകൃതങ്ങളും നൽകിയാണ് ഇത് നിർവ്വഹിക്കുന്നത്. ലൈഫ് ട്രെയിനിങ് വിദ്യാർത്ഥികളും അവരുടെ കുടുംബവും യൂത്ത് മിനിസ്ട്രി അംഗങ്ങളും ഇതിൽ പങ്കുചേരുന്നു.

**ഓറിയന്റേഷൻ ക്ലാസ്**

2022 ഡിസംബർ ഒന്നാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് രണ്ടുമണി മുതൽ നാലു മണിവരെ അരെപ്പറ്റ ഹയർ സെക്കൻഡറി സ്കൂളിലെ +1 വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് വേണ്ടി ഓറിയന്റേഷൻ ക്ലാസ് ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി യുടെ നേതൃത്വത്തിൽ നടത്തി. 80 മാതാപിതാക്കൾ ഇതിൽ പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി കോർഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി ക്ലാസുകൾക്ക് നേതൃത്വം വഹിച്ചു. *മക്കളെ അറിയാൻ* എന്ന ഈ പരിപാടിയിലൂടെ മാതാപിതാക്കൾക്ക് നല്ല ദിശാബോധം ലഭിച്ചു.

**സി. ആൻസി തോമസ് സി. എം. സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**28-ാമത് അർദ്ധവാർഷിക സെനറ്റ്**

പി. എസ്. സി പിൻവാതിൽ നിയമനത്തിനെതിരെ പ്രതിഷേധാത്മക തീറ്റമത്സരം.

സർക്കാർ ജോലിക്ക് വേണ്ടി കഷ്ടപ്പെട്ട് പഠിച്ചിട്ട് പി. എസ്. സി റാങ്ക് ലിസ്റ്റിൽ വന്നിട്ടും, സ്വപ്നങ്ങളെ തകർത്ത് എറിയുന്ന പി. എസ്. സിപിൻവാതിൽ നിയമനങ്ങൾക്ക് എതിരെ കെ.സി.വൈ.എം മാനന്തവാടിരൂപതയുടെ നേതൃത്വത്തിൽ പ്രതിഷേധാത്മക തീറ്റമത്സരം 2022 നവംബർ 30 ബുധനാഴ്ച വൈകുന്നേരം 04 മണിക്ക് കൽപ്പറ്റ സിവിൽ സ്റ്റേഷന് മുന്നിൽ നടത്തപ്പെട്ടു. ആക്ഷേപഹാസ്യ തീറ്റ മത്സരത്തിൽ പി. എസ് സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും, ജോലി കിട്ടാത്ത ഉദ്യോഗാർത്ഥികളും, യുവജന നേതൃത്വങ്ങളും പങ്കെടുത്തു. ജീവന്റെ നിലനിൽപ്പിന് അടിസ്ഥാനമായി നിലകൊള്ളുന്ന ഭക്ഷണവും, വസ്ത്രവും, പാർപ്പിടവും നേടുന്നതിനാണ് മനുഷ്യൻ അധ്വാനിക്കുന്നത്. കഷ്ടപ്പെട്ട് പഠിച്ച്, റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും തഴയപ്പെടുന്ന യുവജനങ്ങളുടെ വേദന അധികൃതർ കണ്ടില്ലെന്നു നടിക്കുന്നത് തികച്ചും വെല്ലുവിളി ഉയർത്തുന്നതും പ്രതിഷേധാർഹവുമാണ്. പ്രതിഷേധാത്മക തീറ്റമത്സരത്തിൽ കെ. സി. വൈ. എം രൂപതാ പ്രസിഡന്റ് ശ്രീ. റ്റിബിൻ പാറയ്ക്കൽ അധ്യക്ഷത വഹിക്കുകയും, കൽപ്പറ്റ നിയേജക മണ്ഡലം എം. എൽ. എ ശ്രീ. അഡ്വ. ടി. സിദ്ദിഖ് ഉദ്ഘാടനം ചെയ്യുകയും ചെയ്തു. കെ.സി.വൈ.എം മുൻ രൂപത പ്രസിഡന്റ് ശ്രീ. എബിൻ മുട്ടപ്പള്ളി മുഖ്യ പ്രഭാഷണം നടത്തുകയും കെ.സി. വൈ.എം മുൻ രൂപതാ പ്രസിഡന്റ് ശ്രീ അനീഷ് ഓമക്കര, രൂപത സിൻഡിക്കേറ്റംഗവും കല്പറ്റ മേഖല ഡയറക്ടറുമായ ഫാ. റെജി മുതുകത്താനി എന്നിവർ ആശംസകളർപ്പിച്ച് സംസാരിക്കുകയും ചെയ്തു. പ്രതിഷേധാത്മക തീറ്റമത്സരത്തിൽ ഒന്നാം സ്ഥാനം കല്പ്പറ്റ സ്വദേശികളാ എയ്ഞ്ചൽ മേരിയും രണ്ടാം സമ്മാനം റ്റിനു കൈതമറ്റവും സ്വന്തമാക്കി. സെക്രട്ടറി ശ്രീ. ലിബിൻ മേപ്പുറത്ത്, കോഡിനേറ്റർ ശ്രീ. ബ്രാവോ പുത്തൻപറമ്പിൽ, ഡയറക്ടർ ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ, ആനിമേറ്റർ സി. സാലി സി.എം. സി എന്നിവർ നേതൃത്വം നല്കി.

**ആദരാഞ്ജലികൾ**

കർത്താവിൽ നിദ്രപ്രാപിച്ച മാനന്തവാടി രൂപത വൈദികർ ബഹു. കുര്യാക്കോസ് പറമ്പിലച്ചനും, ബഹു. ജോസഫ് നന്തികാട്ടച്ചനും കെ.സി.വൈ.എം മാനന്തവാടി രൂപതാ കുടുംബത്തിന്റ ആദരാഞ്ജലികൾ.

**മേഖലാ വാർത്തകൾ**

**ദ്വാരക മേഖല**

*ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം* എന്ന പ്രവർത്തനവർഷ മുദ്രാവാക്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ മുന്നേറിയ കെ.സി.വൈ.എം ദ്വാരക മേഖലയുടെ വാർഷിക സെനറ്റ് സമ്മേളനം 18/12/2022 ഞായറാഴ്ച ഉച്ചയ്ക്ക് 2:00 മണിക്ക് നടത്തപ്പെട്ടു. കെ.സി.വൈ.എം ദ്വാരക മേഖലാ പ്രസിഡന്റ് ശ്രീ. ബിബിൻ പിലാപ്പിള്ളി അധ്യക്ഷൻ ആയിരുന്ന സമ്മേളനം, സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ. ജിഷിൻ മുണ്ടയ്ക്കാതടത്തിൽ ഉദ്ഘാടനം ചെയ്തു. 9 യൂണിറ്റുകളുടെ പ്രവർത്തകർ റിപ്പോർട്ട് വായിക്കുകയും മേഖലയുടെ റിപ്പോർട്ടും കണക്കവതരണവും നടത്തുകയും ചെയ്തു. 2023 വർഷത്തിൽ മേഖലയെ നയിക്കേണ്ട ഭാരവാഹികളുടെ തിരഞ്ഞെടുപ്പിന് മേഖല ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിയും, രൂപത സിൻഡിക്കേറ്റ് അംഗം കുമാരി ജിജിന കറുത്തേടത്തും നേതൃത്വം നൽകി. കെ. സി. വൈ. എം മാനന്തവാടി രൂപത വൈസ് പ്രസിഡന്റ് കുമാരി നയന മുണ്ടയ്ക്കാതടത്തിൽ, മേഖല വൈസ് പ്രസിഡന്റ് കുമാരി ജസ്ന മണ്ഡപത്തിൽ, ആനിമേറ്റർ സി. രഞ്ജിത FCC, സെക്രട്ടറിയേറ്റ് അംഗങ്ങളായ ആഗ്നസ് കളരിക്കൽ, അജയ് മുണ്ടയ്ക്കൽ, സിൻഡിക്കേറ്റ് അംഗം ഷിതിൻ അർപ്പത്താനത്ത് എന്നിവർ സന്നിഹിതരായിരുന്നു. 9 യൂണിറ്റുകളിൽ നിന്നായി 70 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**പയ്യംമ്പള്ളി മേഖല**

2022 പ്രവർത്തനവർഷത്തിൽ *ക്രിസ്തു സാക്ഷ്യം ഉജ്ജ്വലിത യുവത്വത്തിന്റെ അടയാളം,* എന്ന മുദ്രാവാക്യത്തിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ മുന്നേറിയ കെ.സി.വൈ.എം പയ്യമ്പള്ളി മേഖലയുടെ വാർഷിക സെനറ്റ് സമ്മേളനം 18/12/2022 ഞായറാഴ്ച രാവിലെ 11:30 ന് ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻ പാരിഷ് ഹാളിൽ വെച്ച് നടത്തപ്പെട്ടു. കെ. സി. വൈ. എം പയ്യംമ്പള്ളി മേഖല പ്രസിഡന്റ് ശ്രീ. ജെസ്ബിൻ പുല്ലന്താനിക്കൽ അധ്യക്ഷത വഹിച്ചു. കെ.സി. വൈ. എം മാനന്തവാടി രൂപതാ സെക്രട്ടറി ശ്രീ. ലിബിൻ മേപ്പുറത്ത്

ഉദ്ഘാടനം ചെയ്യുകയും 2023 വർഷത്തിൽ മേഖലയെ നയിക്കേണ്ട ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ മേഖല ഡയറക്ടർ ഫാ. സജി പുതുക്കുളങ്ങരയോടൊപ്പം നേതൃത്വം നൽകുകയും ചെയ്തു. യൂണിറ്റുകളുടെ റിപ്പോർട്ട് അവതരണത്തിനുശേഷം മേഖലയുടെ റിപ്പോർട്ടും കണക്കവതരണവും നടത്തുകയും ചെയ്തു. കെ. സി.വൈ. എം ആനിമേറ്റർ സി. റോസ്ന SCV, സെക്രട്ടറിയേറ്റ് അംഗങ്ങളായ സ്റ്റെഫിൻ, സനിലിറ്റ്, ശിഖ മൊടോമറ്റത്തിൽ സിൻഡിക്കേറ്റ് അംഗം ഷിബിൻ ചക്കുളത്തിൽ, അമൽഡ തൂപ്പുംകര എന്നിവർ സന്നിഹിതരായിരുന്നു. 7 യൂണിറ്റുകളിൽ നിന്നായി 45 ഓളം യുവജനങ്ങൾ പങ്കെടുത്തു.

**2023 വർഷത്തെ മേഖലാ സാരഥികൾ**

**ദ്വാരക**

| | |
|---|---|
| പ്രസിഡന്റ് | : അജയ് മുക്കൽ |
| വൈസ് പ്രസിഡന്റ് | : മെർലിൻ പുള്ളോലിക്കൽ |
| സെക്രട്ടറി | : ലിറിൻ കുന്നുംപുറത്ത് |
| ജോയിൻ സെക്രട്ടറി | : ആഗ്നസ് കളരിക്കൽ |
| ട്രഷറർ | : സോജൻ ഇണ്ടികുഴയിൽ |
| കോർഡിനേറ്റർ | : അമൽ ജോഷി മുളങ്ങാട്ടിൽ |
| രൂപത സിൻഡിക്കേറ്റംഗങ്ങൾ | : ബിബിൻ പിലാപ്പിള്ളിൽ<br>ജെസ്ന മണ്ഡപത്തിൽ |

**പയ്യംമ്പള്ളി**

| | |
|---|---|
| പ്രസിഡന്റ് | : അമൽഡ തൂപ്പുംകര |
| വൈസ് പ്രസിഡന്റ് | : നിതിൻ ചിറത്തലയ്ക്കൽ |
| സെക്രട്ടറി | : റ്റിൻസി കൂട്ടുങ്കൽ |
| ജോയിൻ സെക്രട്ടറി | : ബെൻഹർ വാഴേപറമ്പിൽ |
| കോർഡിനേറ്റർ | : ശിഖ മൊടോമറ്റത്തിൽ |
| ട്രഷറർ | : അബിൻ പടിഞ്ഞാറെക്കുടിയിൽ |
| സിൻഡിക്കേറ്റ് അംഗങ്ങൾ | : അഖിൽ വാഴച്ചാലിൽ<br>അമൽഡ തൂപ്പുംകര |

**കൽപ്പറ്റ**

| | |
|---|---|
| പ്രസിഡന്റ് | : ഷാരോൺ നീലംകാവിൽ |
| വൈസ് പ്രസിഡന്റ് | : ആഷ്‌ലി കരിമാലിൽ |
| സെക്രട്ടറി | : അഞ്ജന പാലത്തടത്തിൽ |
| ജോയിൻ സെക്രട്ടറി | : അജിൻ പുത്തൻപുരയ്ക്കൽ |
| കോർഡിനേറ്റർ | : അനുഗ്രഹ് മാത്യു അറയ്ക്കൽ |

ട്രഷറർ : ടിനു കൈതമറ്റത്തിൽ
സിൻഡിക്കേറ്റ് അംഗങ്ങൾ : റിജിൽ പൊൻവേലിൽ,
എയ്ഞ്ചൽ മേരി മഞ്ഞപ്പള്ളി

**നീലഗിരി**

പ്രസിഡന്റ് : ജിതിൻ ചുക്കാട്ട്
വൈസ് പ്രസിഡന്റ് : സ്റ്റെല്ല ജോർജ്ജ് അറയ്ക്കൽ
സെക്രട്ടറി : ജൂബിൽ കുണ്ടുകുളങ്ങര
ജോയിൻ സെക്രട്ടറി : ജോബിൻ ജോയ് തുരുത്തേൽ
ട്രഷറർ : ലിബിൻ തോമസ് കുരിയക്കാട്ടിൽ
കോർഡിനേറ്റർ : നിഖിൽ മാത്യു നെടിയം തുണ്ടത്തിൽ
രൂപതാ സിൻഡിക്കേറ്റംഗങ്ങൾ : ജെസ്റ്റിൻ തെക്കേമുറിയിൽ,
മെലിൻ ആന്റണി

## യൂണിറ്റ് വാർത്തകൾ

### കണിയാരം കത്തീഡ്രൽ യൂണിറ്റ്

2022 വർഷത്തെ യൂണിറ്റ് ഇലക്ഷൻ പ്രസിഡന്റ് അലൻ പി. റെജിയുടെ അധ്യക്ഷതയിൽ ചേർന്നു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. സണ്ണി മഠത്തിൽ, അസ്സി. ഡയറക്ടർ റവ. ഫാ.റോബിൻസ് കുമ്പള ക്കുഴി ആനിമറ്റർ സി. എൽസി ജോൺ എന്നിവരുടെ സന്നിധ്യത്തിൽ കണക്കവതരണം നടത്തുകയും, 2023 വർഷത്തെ യൂണിറ്റിനെ നയി ക്കാനുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കുകയും ചെയ്തു.

**ഡെറിൻ കൊട്ടാരത്തിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സുകൾ**

ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 99 പേർ പങ്കെടുത്തു. ജനുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സ് ജനുവരി 14,15,16,17 തിയതികളിലും, ജനുവരി 31 മുതൽ ഫെബ്രുവരി 3 വരെയുള്ള തിയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

മാതൃവേദി രൂപതാ പ്രസിഡന്റ് ശ്രീമതി ഫിലോ ചേലയ്ക്കൽ, വൈസ് പ്രസിഡന്റ് ലിസി കൂവയ്ക്കൽ, ജോ. സെ. ബ്രില്ലി കേളങ്ങാട്ടിൽ, ട്രഷർ ജെസ്സി കവളനാൽ, ഗ്രേസി ജേക്കബ് മുക്കത്ത്, മരിയ, ഡയറക്ടർ ഫാ. ബിനു വടക്കേൽ, ആനിമേറ്റർ സി. എമിലിൻ എന്നിവരുടെ നേതൃത്വത്തിൽ രൂപതയിലെ 12 മേഖലകളിൽ മേഖല സന്ദർശനം പൂർത്തിയാക്കി. മേഖലകളിൽ സന്ദർശനങ്ങൾക്കായി ക്രമീകരണങ്ങൾ നടത്തിയ മേഖല ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ഓരോ അമ്മമാർക്കും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു. ഡിസംബർ 10-ന് സുവർണ ജൂബിലിയുടെ ഭാഗമായി നടത്തപ്പെട്ട രൂപതാ നേതൃത്വ പ്രതിനിധികളുടെ സംഗമത്തിൽ മുൻകാല മാതൃവേദി എക്സിക്യൂട്ടീവ് അംഗങ്ങളും ഇപ്പോൾ നിലവിലുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും പങ്കെടുത്തു. ഡിസംബർ 17-ന് നടത്തപ്പെട്ട **Feliz Navidad 2022** രൂപത കരോൾഗാന മത്സരത്തിൽ മുള്ളൻക്കൊല്ലി, ബത്തേരി, ദ്വാരക എന്നീ മേഖലകൾ യഥാക്രമം ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

2022 ഡിസംബർ 28 - ന് രൂപതാ വാർഷികത്തിൽ രൂപതയിലെ ഓരോ യൂണിറ്റിൽ നിന്നും 6 പേർ വീതം പങ്കെടുത്തു. വാർഷികത്തിൽ പങ്കെടുത്ത എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ നേരുന്നു.

**സ്വാഗതം**

ചുങ്കക്കുന്ന് മേഖലയുടെ പുതിയ ഡയറക്ടർ വിനോദ് പാക്കാനിക്കുഴിയിൽ അച്ചന് സ്വാഗതം.

കല്പ്പറ്റ മേഖലയുടെ പുതിയ ആനിമേറ്റർ സി. ബെൻസി ജോസ് എസ്. എച്ച് ന് സ്വാഗതവും ഇതുവരെ ആനിമേറ്റർ ആയിരുന്ന സി. ലൂസി തറപ്പത്ത് എസ്.എച്ച് ന് നന്ദിയും.

2023 – പ്രവർത്തന വർഷം കൂടുതൽ ദൈവാനുഗ്രഹപ്രദ മാകട്ടെ എന്ന് ആശംസിക്കുന്നു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 11 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് January 17

**മേഖലാ വാർത്തകൾ**

**മുള്ളൻകൊല്ലി**

എല്ലാ യൂണിറ്റുകളിലും ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി യുള്ള വണക്കമാസാചരണം നടത്തി. രൂപതാ ടീം മേഖല സന്ദർ ശനം നടത്തി. റെക്കോർഡുകൾ പരിശോധിച്ച് വിലയിരുത്തി. മേഖലാ ഭാരവാഹികൾ സീതാമൗണ്ട് പള്ളിയുടെ സിമിത്തേരി സന്ദർശനം നടത്തി. മേഖലാ എക്സിക്യൂട്ടീവ് അംഗമായിരുന്ന ജിതക്ക് യാത്രയയപ്പും സ്നേഹോപഹാരവും നൽകി.

**പയ്യമ്പള്ളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി വാർഷികം എങ്ങനെ മനോ ഹരമായി നടത്താമെന്നും, കരോൾഗാന മത്സരത്തിനെ കുറിച്ചും ചർച്ച ചെയ്തു തീരുമാനിച്ചു. ഒരു വർഷത്തെ മികച്ച പ്രവർ ത്തനങ്ങൾ കാഴ്ചവച്ച ബെസ്റ്റ് ശാഖയായി സെന്റ്. മാർട്ടിൻ നഗർ ചർച്ചിനെ തെരഞ്ഞെടുത്തു. രണ്ടാം സ്ഥാനം പയ്യമ്പള്ളി ശാഖ യെയും തെരഞ്ഞെടുത്തു.

**ശാഖാ വാർത്തകൾ**

**വിമലഗിരി**

വ്രതവാഗ്ദാനത്തിലൂടെ MSMI സന്യാസിനി സമൂഹത്തിൽ അംഗമായി തീർന്ന സി. കൊച്ചു റാണിയെ ആദരിച്ചു. ചമ്മന്തി പ്പൊടി ഉണ്ടാക്കി ഇടവകയിൽ വിതരണം ചെയ്ത് ഫണ്ട് സ്വരൂ പിച്ചു.

**കോട്ടത്തറ**

ശാഖാ എക്സിക്യൂട്ടീവ് നടത്തി. സെമിത്തേരി വൃത്തിയാക്കി. ക്രിസ്തുദാസി സമൂഹം, തിരുഹൃദയ സന്യാസിനി സമൂഹം, വൈദീ കരുടെ സെമിത്തേരി എന്നിവ സന്ദർശിച്ചു പ്രാർത്ഥിച്ചു. സമരി റ്റൻ ഭവനം സന്ദർശിച്ച് ഒരു ചാക്ക് അരി കൊടുത്തു. അൾത്താര

ബാലന്മാരെ ആദരിച്ചു. വിധവകളായ അമ്മമാരെ സന്ദർശിച്ചു. രൂപതാ സന്ദർശനം നടത്തി.

**കബനിഗിരി**

മെത്രാഭിഷേക ചടങ്ങിൽ നാലുപേർ പങ്കെടുത്തു. സെമിത്തേരി വൃത്തിയാക്കി. സെമിത്തേരി സന്ദർശനം നടത്തി. രോഗീ സന്ദർശനം നടത്തി.

**പാലാങ്കര**

ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടിയുള്ള വണക്കമാസാചരണം നടത്തി. സെമിത്തേരി വൃത്തിയാക്കി. മതാധ്യാപക ദിനം ആദരിച്ചു. ജനറൽബോഡിയും സെമിനാറും നടത്തി. ഒരു വർഷത്തെ പ്രവർത്തനത്തിന് മേഖലയിൽ എ ഗ്രേഡും നാലാം സ്ഥാനവും ലഭിച്ചു. പള്ളിയുടെ പരിസരം വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി.

**പാടിച്ചിറ**

സോഷ്യൽ മീഡിയ ഉപയോഗം മൂലം കുട്ടികൾക്ക് ഉണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ എന്ന വിഷയത്തിൽ സെമിനാർ നടത്തി. സെമിത്തേരി സന്ദർശനം നടത്തി.

**ചിത്രഗിരി**

രോഗി സന്ദർശനം നടത്തി. വീടും പരിസരവും വൃത്തിയാക്കി നൽകി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. ബത്തേരി മേഖലയുടെ നേതൃത്വത്തിൽ 'അമ്മയൂൺ'എന്ന പേരിൽ വയനാട്ടിലെ വിവിധ അഗതി മന്ദിരങ്ങളിൽ 800 ഓളം പേർക്ക് ഉച്ച ഭക്ഷണം നല്കി. രൂപത ടീം മേഖല സന്ദർശിച്ചു.

**വഞ്ഞോട്**

ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടിയുള്ള വണക്കമാസാചരണം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി

**കണിയാരം**

മെത്രാഭിഷേക ചടങ്ങിൽ പ്രതിനിധികൾ പങ്കെടുത്തു. സകല വിശുദ്ധരുടെയും, സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി. എക്സിക്യൂട്ടീവ് നടത്തി. മേഖലാതല വാർഷികത്തിൽ 8 അംഗങ്ങൾ പങ്കെടുത്തു. സാഹിത്യമത്സരത്തിൽ വിജയികൾക്ക് സമ്മാനങ്ങൾ നൽകി. സംഗമം നടത്തി. ലഹരി വിരുദ്ധ ക്ലാസുകൾ സംഘടിപ്പിച്ചു.

**മൺവയൽ**

സകല വിശുദ്ധർ, സകല മരിച്ചവരുടെ തിരുനാൾ, രാജത്വ

തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം, ഭവന സന്ദർശനം, ചെയിൻ റോസറി എന്നിവ നടത്തി. ദേവാലയം വൃത്തിയാക്കി. മേഖലാ എക്സികൂട്ടിവ് മീറ്റിംഗിൽ പങ്കെടുത്തു. മേഖലാ കരോൾ ഗാനമത്സരത്തിൽ പങ്കെടുത്തു. രോഗി സഹായം നല്കി.

**മരകാവ്**

സകല വിശുദ്ധർ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സഹായം നല്കി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാ മീറ്റിംഗിൽ പങ്കെടുത്തു. അന്യസംസ്ഥാന തൊഴിലാളികൾക്ക് വസ്ത്രങ്ങൾ നൽകി.

**പൂളപ്പാടം**

മതാധ്യാപക ദിനം ആചരിച്ചു. ഉപഹാരങ്ങൾ നൽകി. ജൂബിലി ആഘോഷിക്കുന്ന ആനിമേറ്റർ സിസ്റ്റർക്ക് സ്നേഹോപഹാരം നൽകി ആദരിച്ചു.

**പനഞ്ചിറ**

സകല മരിച്ചവരുടെയും തിരുനാൾ പരിശുദ്ധ അമ്മയുടെ കാഴ്ച സമർപ്പണത്തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി വൃത്തിയാക്കി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു.

**സീതാമൗണ്ട്**

സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസാചരണം ഭവനങ്ങളിൽ നടത്തി. രോഗി സഹായമായി 3000/ രൂപ നൽകി

**നടവയൽ**

ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസാചരണം നടത്തി. സെമിത്തേരി വൃത്തിയാക്കി സിമിത്തേരി സന്ദർശനം നടത്തി. മാനന്തവാടി സെന്റ് മേരിസ് സെമിനാരി സന്ദർശിച്ചു.സംഭാവനയായി പതിനായിരം രൂപ നൽകി. രോഗി സന്ദർശനം നടത്തി. രോഗി സഹായമായി 1200/- രൂപ നൽകി.

**പട്ടാണിക്കൂപ്പ്**

ശുദ്ധീകരണാത്മാക്കൾക്കുള്ള വണക്കമാസാചരണം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി. ശീതകാല പച്ചക്കറി തൈകൾ വിതരണം ചെയ്തു. പഴൂർ സെന്റ് മാത്യൂസ് ഭവൻ വൃദ്ധമന്ദിരം സന്ദർശിച്ചു. ഭക്ഷണം, വസ്ത്രം എന്നിവ നൽകി.

**കുറുമ്പാല**

സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. സെമിത്തേരി

വൃത്തിയാക്കി. മെത്രാഭിഷേക ചടങ്ങിൽ പങ്കെടുത്തു. മേഖലാ ജപമാല റാലി, സെമിനാർ എന്നിവയിൽ പങ്കെടുത്തു.

**ആടിക്കൊല്ലി**

ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. വിവിധ നിയോഗങ്ങൾക്കായി മധ്യസ്ഥ പ്രാർത്ഥന നടത്തി.

**താളിപ്പാടം**

മേഖലാ ജപമാല കോട്ടയിലേക്ക് 1000/- ജപമാല സമർപ്പിച്ചു. ലോകസമാധാനദിനം ആചരിച്ചു. വാർഷിക ജനറൽ ബോഡി, രോഗി സന്ദർശനം, സിമിത്തേരി സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി.

**തരിയോട്**

ശുദ്ധീകരണാത്മാക്കൾക്കായുള്ള വണക്കമാസാചരണം, പരിശുദ്ധ അമ്മയുടെ കാഴ്ച സമർപ്പണ തിരുനാൾ, എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. മെത്രാഭിഷേകം ചടങ്ങിൽ പങ്കെടുത്തു.

**പുതുശ്ശേരിക്കടവ്**

2021- 22 പ്രവർത്തന വർഷത്തിൽ മേഖല തലത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. ഇടവകയ്ക്കുവേണ്ടി ജാഗരണ പ്രാർത്ഥന നടത്തി.

**കയ്യൂന്നി**

സകല വിശുദ്ധരുടെയും തിരുനാൾ, സകല മരിച്ചവരുടെയും തിരുനാൾ, വി. സക്കറിയ ഏലീശ്വ തിരുനാൾ, ഡയബറ്റിസ് ഡേ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. വിവിധ നിയോഗങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ലോഗോസ് വിജയികൾ, സാഹിത്യ മത്സര വിജയികൾ, രൂപക്കൂട് അലങ്കാര വിജയികൾ എന്നിവർക്ക് സമ്മാനങ്ങൾ നൽകി.

**കരിമ്പിൽ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെയും തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രണ്ടു കുടുംബങ്ങളിൽ ഭക്ഷണം നൽകി. എല്ലാ ദിവസവും വചനം ചൊല്ലി പ്രാർത്ഥിച്ചു.

**കുറുമണി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. ശിശുദിനത്തിൽ അടുത്തുള്ള അംഗൻവാടി സന്ദർശിച്ച് മിഠായി നൽകി.

**കേളകം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു നിർധന കുടുംബത്തിന് മരുന്ന് വാങ്ങാൻ സാമ്പത്തിക സഹായം നല്കി. രോഗി സന്ദർശനം നടത്തി. ജൈവ പച്ചക്കറി കൃഷിക്ക് ആരംഭം കുറിച്ചു.

**ഇരുളം**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. സെമിത്തേരി, പള്ളി പരിസരം എന്നിവ വൃത്തിയാക്കി. രോഗി സന്ദർശനം നടത്തി. ചികിത്സാ സഹായമായി ഒരു നിർധന കുടുംബത്തിന് 2000/- രൂപ നൽകി.എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**തലപ്പുഴ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി. കരോൾ ഗാനം പ്രാക്ടീസ് നടത്തി.

**ബോയ്സ് ടൗൺ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. മെത്രാഭിഷേകത്തിൽ പങ്കെടുത്തു. മേഖലാതല വാർഷികത്തിൽ 6 പേർ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

**വാളാട്**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെതിരുനാൾ എന്നിവ ആചരിച്ചു. മേഖലാതല വാർഷികത്തിൽ പങ്കെടുത്തു. സാഹിത്യ മത്സരം, ജപമാല നിർമാണം, മാതാവിനെ അലങ്കരിക്കൽ എന്നിവയിൽ സമ്മാനം നേടി. സെമിത്തേരി സന്ദർശനം നടത്തി.

**കുഞ്ഞോം**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, മതാധ്യാപക ദിനം എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി നടത്തി. ലോഗോസ് ക്വിസ്സിൽ വിജയികളായവർക്ക് ക്യാഷ് പ്രൈസ് നൽകി. ഒരു നിർധന കുടുംബത്തിന് 1400/- രൂപയുടെ ഭക്ഷണ കിറ്റ് നൽകി.

**വാളേരി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരു

നാൾ എന്നിവ ആചരിച്ചു. വിവിധ നിയോഗങ്ങൾക്കായി ചെയിൻ റോസറി ആരംഭിച്ചു. കോളനി സന്ദർശനം, സുവിശേഷ വായന മത്സരം, സാന്താ മോനിക്ക, വചന കവചം, ചിട്ടി നറുക്കെടുപ്പ് എന്നിവ നടത്തി.

**മണിമൂളി**

എക്സിക്യൂട്ടീവ് നടത്തി. സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗി സന്ദർശനം നടത്തി. അഖണ്ഡ ജപമാല നടത്തി.

**വലിയ കൊല്ലി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരിയും പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മിറ്റിംഗ് നടത്തി. രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു.

**പുതിയിടം**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു സെമിത്തേരി വൃത്തിയാക്കി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. രോഗി സന്ദർശനം നടത്തി. പള്ളിയും, പരിസരവും വൃത്തിയാക്കി.

**പ്രശാന്തിഗിരി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. രോഗി സന്ദർശനം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി.

**പോരൂർ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. അമ്മമാർക്കായി സെമിനാർ നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി. എക്സിക്യൂട്ടീവ് കൂടി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. പള്ളിയും പരിസരവും ക്ലീനിങ്ങ് നടത്തി. മേഖല വാർഷികത്തിൽ 12 പേർ പങ്കെടുത്തു. കരോൾ ഗാനം പ്രാക്ടീസ് നടത്തി.

**മരക്കടവ്**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, മതാധ്യാപക ദിനം എന്നിവ ആചരിച്ചു. അപകടത്തിൽ പരിക്കേറ്റ കുടുംബത്തിന് ഭക്ഷ്യ കിറ്റ് നൽകി. നവോമി സന്ദർ

ശനം നടത്തി. ജൂബിലി ഭവനത്തിന്റെ വെഞ്ചിരിപ്പിന് സ്നേഹ സമ്മാനം നൽകി.

**പേരിയ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. രോഗീ സന്ദർശനം നടത്തി. മേഖല വാർഷികത്തിൽ പങ്കെടുത്തു. കരോൾ ഗാനം പ്രാക്ടീസ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. പിടിയരി കാഴ്ച്ച വെക്കുന്നു.

**തലഞ്ഞി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, മതാധ്യാപക ദിനം എന്നിവ ആചരിച്ചു. ഇടവകയുടെ നിയോഗമായി 6000 ജപമാല, ജപമാല കോട്ടയിലേക്ക് സമർപ്പിച്ചു. ഇടവകയിലെ മുതിർന്ന പൗരന്മാരെ ആദരിച്ചു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു യുവതിക്ക് വിവാഹസഹായമായി 10000/- രൂപ നൽകി.

**മാനന്തവാടി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, മതാധ്യാപക ദിനം എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. ഏറ്റവും മികച്ച ശാഖകളിൽ മൂന്നാം സ്ഥാനം ലഭിച്ചു. കരോൾ ഗാന മത്സരത്തിന് വേണ്ടി പ്രാക്ടീസ് നടത്തി.

**മഞ്ഞൂറ**

സെമിത്തേരി വൃത്തിയാക്കി. രോഗീസന്ദർശനം, സെമിത്തേരി സന്ദർശനം എന്നിവ നടത്തി. വിദ്യാഭ്യാസ സഹായമായി 1000/-രൂപ നൽകി.

**ഏലപ്പീടിക**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചരുടെ തിരുനാൾ എന്നിവ ആചരിച്ചു. എക്സിക്യൂട്ടീവ് കൂടി. സെമിത്തേരി വൃത്തിയാക്കി. മേഖലാ വാർഷികത്തിൽ 4 പേർ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. സെമിത്തേരി സന്ദർശനം നടത്തി. കരോൾ ഗാനം പ്രാക്ടീസ് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**പുതിയിടംകുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. റോഡു സൈഡിലെ കാട് വെട്ടിത്തെളിച്ചു വൃത്തിയാക്കി. ഫലവൃക്ഷ തൈകൾ വിതരണം ചെയ്തു. കുരിശടിയും കപ്പേളയും വൃത്തിയാക്കി. പോരൂർ സ്നേഹാലയം സന്ദർശിച്ചു. ആവശ്യമായ തുക, ഡ്രസ്സ്, ഭക്ഷ്യവസ്തു

ക്കൾ എന്നിവ കൈമാറി. ശിശുദിനത്തിൽ പുതിയിടംകുന്ന് അംഗൻവാടിയിൽ കുട്ടികളെ സന്ദർശിച്ച് അവർക്ക് മിഠായി, കളിപ്പാട്ടം എന്നിവ നൽകി.

**ബത്തേരി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, മതാധ്യാപക ദിനം എന്നിവ ആചരിച്ചു. രോഗിസന്ദർശനം നടത്തി. ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി ചായപ്പൊടി വിൽക്കുന്നു.

**അപ്പപ്പാറ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, മിശിഹായുടെ രാജത്വ തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി.

**വടപുറം**

സകല മരിച്ചവരുടെ തിരുനാൾ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. 7 പേർക്ക് സാരി വാങ്ങുന്നതിനായി 4600/- രൂപ നല്കി. രോഗീ സന്ദർശനം നടത്തി.

**കരിമാനി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. രോഗി സഹായം നൽകി. കരോൾ ഗാനം പഠിച്ചു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. മേഖലയിലെ ബെസ്റ്റ് ശാഖയായ ഇൻഫന്റ് ജീസസ് ചർച്ച് കരിമാനി - മാർ അലക്സ് താരാമംഗലം പിതാവിൽ നിന്നും മെമന്റോ ഏറ്റുവാങ്ങി.

**ദ്വാരക**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. സെമിത്തേരി സന്ദർശനം നടത്തി. ജീവൻധാര അഗതി മന്ദിരം സന്ദർശിച്ചു. രോഗീ സന്ദർശനം നടത്തി. ലോക ഡയബെറ്റിസ് ദിനത്തിൽ ഡോക്ടേഴ്സിനേടൊപ്പം കോളനികൾ സന്ദർശിച്ച് Blood Test, Blood Pressure എന്നിവ നോക്കി.

സ്നേഹാശംസകളോടെ,

**ഫാ. ജോജോ കുടക്കച്ചിറ**

**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി ഏകദിന കൺവെൻഷന്റെ ഒരുക്കത്തിനായി സിയോൻ ശുശ്രൂഷകർ ആദ്യവെള്ളിയാഴ്ച്ച ഡിസംബർ 2 ന് രാവിലെ 10 മുതൽ രാത്രി 9 വരെ കൂട്ടായ്മയും മധ്യസ്ഥപ്രാർത്ഥനയും ആരാധനയും നടത്തി.

ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ ആഘോഷപൂർവ്വം നടന്നു. ബ്ര. ജോസഫ് വട്ടക്കുന്നേൽ സ്തുതിയാരാധനക്ക് നേതൃത്വം നൽകി. ശ്രീമതി ലൂസി മങ്ങാട്ടുകുന്നേൽ, ശ്രീമതി തങ്കമ്മ കല്ലിങ്കൽ, ശ്രീമതി എൽസി കുളത്തിങ്കൽ എന്നിവർ ജപമാല നയിച്ചു. അസി. ഡയറക്ടർ ബഹു. ഫാ. പ്രിൻസ് തെക്കേതിൽ വി. ബലിയർപ്പിച്ചു. ഡയറക്ടർ ബഹു. ഫാ. സോണി വാഴകാട്ട് ക്രിസ്മസ്സിന്റെ സന്ദേശത്തെ ആസ്പദമാക്കി വചനപ്രഘോഷണം നടത്തി, ആരാധനക്ക് നേതൃത്വം നൽകി. ബ്ര. ബിജു പുളിക്കൽ, സി. ലിസ SKD, സി. അന്ന FCC എന്നിവർ ഗാനശുശ്രൂഷ ചെയ്തു. ഡിസംബർ 9 ന്, രണ്ടാം വെള്ളിയാഴ്ച രാവിലെ 10 മുതൽ വൈകിട്ട് 3.30വരെ (എല്ലാ രണ്ടാം വെള്ളിയാഴ്ചയും) സിയോൻ ചാപ്പലിൽ അഖണ്ഡ ജപമാല നടത്തി.

ഡിസംബർ 10 ന് രണ്ടാം ശനിയാഴ്ച പൊതു സ്പിരിച്വൽ ഷെയറിംങ്ങിന് ബഹു. ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, ബ്ര. ജോസ് മാളോല, ബ്ര. പൈലി പെലക്കുടി, ബ്ര. മാത്യു മുടിയാട്ടുകുന്നേൽ, സി. ആൽഫിൻ SH, സി. ലില്ലി CMC, സി. അന്ന FCC, സി. സിൽജ FCC എന്നിവർ നേതൃത്വം നൽകി.

റവ. ഫാ. പ്രിൻസ് തെക്കേതിൽ, റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ, റവ. ഫാ. സോണി വാഴകാട്ട് എന്നിവർ ഞായറാഴ്ചകളിൽ ഓൺലൈൻ സുവിശേഷ വിചിന്തനങ്ങൾ (സിയോൻ വോയ്സ്) പങ്കുവെച്ചു.

ഡിസംബർ 16 ന് വെള്ളിയാഴ്ച വൈകിട്ട് സിയോൻ ചാപ്പലിൽ ജാഗരണ പ്രാർത്ഥന നടന്നു. 6.30 ന് കുരിശിന്റെ വഴിയോടെ

ശുശ്രൂഷകൾ ആരംഭിച്ചു. വിവിധ ഇടവകകളിൽനിന്നും ദൈവജനം പങ്കെടുത്തു. ആഘോഷമായ ജപമാലയും, ജെറിക്കോ പ്രാർത്ഥയും, മാധ്യസ്ഥ പ്രാർത്ഥനകളും ഉണ്ടായിരുന്നു. ബ്ര. ജോസഫ് വട്ടക്കുന്നേൽ വചനം പങ്കുവെച്ചു. ബ്ര. ജോസ് മാളോല, ബ്ര. ബേബി കുപ്പയിൽ, ബ്ര. ജോസഫ് വട്ടക്കുന്നേൽ എന്നിവർ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. 12.15 ന് വി. കുർബാനയോടെ സമാപിച്ചു.

ഡിസംബർ 19 ന് തിങ്കളാഴ്ച മുതൽ 22 ന് വ്യാഴാഴ്ച വരെ താമസിച്ചുള്ള ക്രിസ്തുമസ്സ് ഒരുക്ക ധ്യാനം നടന്നു. ഡിസംബർ 4 മുതൽ 7 വരെ കയ്യൂന്നി, 8 മുതൽ 11 വരെ ചെന്നലോട്, 12 മുതൽ 14 വരെ കൽപ്ര ഇടവകകളിൽ വാഷികധ്യാനം നടത്തി. ഫാ. സോണി വാഴകാട്ട്, ബ്ര. ജോസഫ് വട്ടക്കുന്നേൽ, ബ്ര . ബിജു പുളിക്കൽ എന്നിവർ നേതൃത്വം നൽകി.

ഡിസംബർ 21 ന് ബുധനാഴ്ച രാവിലെ 9.30 മുതൽ സിയോൻ ചാപ്പലിൽ അഖണ്ഡസുവിശേഷ വായന നടത്തി.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

## സാമൂഹ്യ സേവനരംഗം (WSSS)

**ഡിസംബർ പഠന യാത്ര നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി നീർത്തട കമ്മിറ്റി ഭാരവാഹികൾക്കും അംഗങ്ങൾക്കുമായി പഠനയാത്ര നടത്തി. കോയമ്പത്തൂർ തമിഴ്നാട് കാർഷിക സർവ്വകലാശാലയിലേക്ക് നടത്തിയ പഠനയാത്രയിൽ മട്ടിലയം, പൊർലോം നീർത്തടങ്ങളിലെ അംഗങ്ങൾ പങ്കെടുത്തു. പഠനയാത്രക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ ദീപു ജോസഫ്, ഫീൽഡ് കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**സന്ദർശനം നടത്തി.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കി വരുന്ന ആട് ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് നബാർഡ് ജില്ലാ മാനേജർ ജിഷ വി പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചു. ആടുവളർത്തൽ യൂണിറ്റുകളിൽ സന്ദർശനം നടത്തിയ ജില്ലാ മാനേജർ പദ്ധതിയിലെ ഗുണഭോക്താക്കളുമായി സംവദിക്കുകയും ചെയ്തു. സന്ദർശനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ഫീൽഡ് കോ-ഓർഡിനേറ്റർ ഷീന ആന്റണി എന്നിവർ നേതൃത്വം നൽകി.

**പങ്കാളിത്ത പഠനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ മുള്ളൻകൊല്ലി പ്രദേശത്ത് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന നീരുറവ അടിസ്ഥാനമാക്കിയുള്ള നീർത്തട വികസന പദ്ധതിയുടെ ഭാഗമായി പങ്കാളിത്ത പഠനം നടത്തി. പദ്ധതി പ്രദേശത്തെ അടി

സ്ഥാന വിവരങ്ങളായ റോഡുകൾ, പാടശേഖരങ്ങൾ, തോടുകൾ, അരുവികൾ, നീരുറവകൾ, പൊതുസ്ഥാപനങ്ങൾ, കോളനികൾ, വികസന സാധ്യതകൾ തുടങ്ങിയവയെ കുറിച്ച് പങ്കാളിത്ത പഠനം നടത്തുവാനും പ്രവർത്തന രൂപ രേഖ തയ്യാറാക്കുവാനും സാധിച്ചു. പ്രവർത്തനത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, തിരുനെല്ലി ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, നീർത്തട കമ്മിറ്റി ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**ഹ്രസ്വകാലസാങ്കേതിക പരിശീലനങ്ങൾക്ക് പ്രവേശനം ആരംഭിച്ചിരിക്കുന്നു**

കട്ടിംഗ് & amp; ടെയ്‌ലറിംഗ് (6 മാസം) കട്ടിംഗ് & amp; ടെയ്‌ലറിംഗ് (3 മാസം) ചുരിദാർ & amp; സാരിബ്ലൗസ് (3മാസം) ഹാൻഡ് എംബ്രോയ്ഡറി (3 മാസം) ഫാബ്രിക് പെയിന്റിംഗ് (1 മാസം) ഗ്ലാസ് പെയിന്റിംഗ് (1മാസം) കൂടുതൽ വിവരങ്ങൾക്ക് 9544842220, 9645442290, 9645430856 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

## DDUGKY

കേന്ദ്ര സംസ്ഥാന സർക്കാരും കേരള കുടുംബശ്രീ മിഷനും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന DDUGKY പദ്ധതിയിൽ ബ്യൂട്ടീഷ്യൻ, ഫാബ്രിക്കേഷൻ, ഇലക്ട്രീഷ്യൻ, ഫുഡ് പ്രൊസസിംങ് തുടങ്ങിയ കോഴ്സുകൾ പൂർത്തിയാക്കിയ എല്ലാവരുടെയും പരീക്ഷകൾ നടത്തുകയും കേരളത്തിലും കേരളത്തിന് പുറത്തും ആയി ജോലികളിൽ പ്രവേശിക്കുകയും ചെയ്തു. കൂടാതെ മാനന്തവാടി സെന്ററിൽ ഫുഡ് പ്രൊസസ്സിംഗ് ആൻഡ് പ്രസർവേഷൻ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. SC/ST,MINORITY വിഭാഗത്തിൽപ്പെട്ടവർക്ക് മാത്രമായി 25 സീറ്റുകളിലായിട്ടാണ് ബാച്ച് ആരംഭിച്ചിരിക്കുന്നത്. തികച്ചും സൗജന്യമായ ഈ കോഴ്സുകളിൽ ചേരുന്നവർക്ക് 125 രൂപ ദിവസവും എന്ന നിരക്കിൽ നൽകിവരുന്നു. ഈ ട്രെയിനിങ്ങുകളോടൊപ്പം കമ്പ്യൂട്ടർ, സ്പോക്കൺ ഇംഗ്ലീഷ്, വ്യക്തിത്വ വികസന ക്ലാസ്സുകൾ എന്നിവയും നൽകിപ്പോരുന്നു.

പഠനത്തിനാവശ്യമായ എല്ലാ സാധന സാമഗ്രികളും തികച്ചും ഫ്രീ ആയി നൽകുന്നു. 261 പേര് പഠനപരിശീലനം പൂർത്തി യാക്കിയ ബാച്ചുകളിൽ നിന്നായി 182 ഓളം പേർക്ക് ജോലി നൽകു വാനും സാധിച്ചു. ഇതിൽ 87 ആളുകൾ 03 മാസത്തിന് മുകളിലായി ജോലി ചെയ്തു വരുന്നു. ഇതോടൊപ്പം വിജയകരമായി കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 100 ജോലിയും നൽകുന്നു. കേന്ദ്ര സർക്കാ രിന്റെ അംഗീകാരമുള്ള SSCയുടെ സർട്ടിഫിക്കേഷനും അത് വിജ യിക്കുന്നവർക്ക് ജോലി ചെയ്യുമ്പോൾ സാലറിക്ക് പുറമെ 6000, 3000,2000 എന്ന നിരക്കിൽ പ്ലേസ്മെന്റ് സപ്പോർട്ടും നൽകുന്ന താണ്. എല്ലാ കോഴ്സുകൾക്കും SSLC ആണ് അടിസ്ഥാന യോഗ്യത. 2023 മാർച്ച് വരെയുള്ള എല്ലാ ബാച്ചുകളിലേക്കും അഡ് മിഷൻ പൂർത്തിയായി കഴിഞ്ഞു. കൂടുതൽ വിവരങ്ങൾക്ക് 9526476596 എന്ന നമ്പറിലോ WSSS ന്റെ ഓഫീസുമായോ ബന്ധപ്പെടുക.

**കേരള ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനും വേണ്ടി പ്രവർത്തിച്ച് വരുന്ന കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യ ക്ഷമമായി മുന്നോട്ടു പോകുന്നു. കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടത്തുന്ന DESIRE പ്രൊജക്ടിന്റെ ഭാഗമായി ശാരീരിക പരിമിതിയുള്ളവരുടെയും സാമ്പത്തിക പിന്നോക്കാവ സ്ഥയിലുള്ളവരുമായ സ്ത്രീകളുടെ തൊഴിൽ പരിശീലന പരി പാടി നവംവർ 25 ന് WSSS ഓഡിറ്റോറിയത്തിൽ നടന്നു. സോപ്പു ല്പന്നങ്ങളുടെ നിർമ്മാണം, സാരി പെയിന്റിംഗ്, ഡ്രൈ ഫ്ളവർ നിർമ്മാണം, എന്നീ മൂന്നുതരം തൊഴിൽ പരിശീലന പരിപാ ടിയാണ് നടത്തിയത്. പ്രസ്തുത പരിശീലന പരിപാടിക്ക് WSSS അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ WSSS ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. WSSS പ്രോഗ്രാം ഓഫീ സർ പി. എ ജോസ് സ്വാഗതവും KLM കോഡിനേറ്റർ മിനി നന്ദിയും രേഖപ്പെടുത്തി.

സോപ്പു നിർമ്മാണ പരിശീലനത്തിന് ശ്രീമതി ആലീസ് സിസിൽ പരിശീലനം നൽകി. വിവിധ ഇടവകകളിൽ നിന്നായി 22 അംഗങ്ങൾ പങ്കെടുത്തു. സാരി പെയിന്റിംഗ് പരിശീലന പരി

പാടിക്ക് ശ്രീമതി. ചിഞ്ചു മരിയ പീറ്റർ നേതൃത്വം നൽകി. 20 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു. ഡ്രൈ ഫ്‌ളവർ മേക്കിങ് ശ്രീമതി ഷീനാ ആന്റണിയുടെ നേതൃത്വത്തിൽ നടത്തുന്നു, വിവിധ സ്ഥലങ്ങളിൽ നിന്നായി 20 പേർ പരിശീലനം നേടി. പരിശീലനം ലഭിച്ച എല്ലാ അംഗങ്ങൾക്കും അതാത് പരിശീലനത്തിന്റെ കിറ്റും നൽകി. ജാൻസി ജിജോ, ശ്രുതി സെബാസ്റ്റ്യൻ, സുജ മാത്യു, KLM കോഡിനേറ്റർ മിനി എന്നിവർ നേതൃത്വം നൽകി.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബൻ പദ്ധതിയുടെ 2022-23 വർഷത്തെ പുതുക്കൽ നടപടി തുടങ്ങി ക്ഷേമപദ്ധതി നിർമ്മാണ തൊഴിലാളി ക്ഷേമനിധി, കർഷക തൊഴിലാളി ക്ഷേമ നിധി എന്നിവയുടെ വാർഷിക പുതുക്കൽ 2023 ജനുവരി ഒന്ന് മുതൽ മാർച്ച് 30 വരെ സ്വീകരിക്കുന്നതാണ്.

**ജീവസ് ഇൻഷൂറൻസ്**

മാനന്തവാടി രൂപതയുടെ സാമൂഹിക പ്രവർത്തനങ്ങളുടെ ഭാഗമായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി നടത്തപ്പെടുന്ന ഒരു കുടുംബാരോഗ്യ പദ്ധതിയാണ് ജീവസ് ഇൻഷൂറൻസ്. ഇതുവരെ 106 ക്ലെയിമുകളിൽ നിന്നായി 985325 രൂപ പാസ്സായി. ഹോസ്പിറ്റലിൽ അഡ്മിറ്റായാൽ ഉടൻ തന്നെ 9400367560 എന്ന നമ്പറിൽ അറിയിക്കുക. 24 മണിക്കൂറിനുള്ളിൽ ക്ലെയിം ഇന്റിമേഷന് അപേക്ഷിച്ചില്ലെങ്കിൽ ക്ലെയിം തിരസ്കരിക്കാൻ സാധ്യതയുണ്ട്. നെറ്റ്‌വർക്കുള്ള ഹോസ്പിറ്റലിൽ മാത്രം അഡ്മിറ്റാകുക.

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

## സെന്റ് ജോസഫ് മിഷൻ ഹോസ്പിറ്റൽ

**സൗജന്യ കാഴ്ച പരിശോധന നടത്തി**

ഒക്ടോബർ 13 ന് ലോക കാഴ്ച ദിനത്തോടനുബന്ധിച്ച് ഹോസ്പിറ്റലിൽ സൗജന്യ കാഴ്ച പരിശോധനയും ഡോക്ടർ കൺസൾട്ടേഷനും നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു**

തൃശ്ശിലേരി സെന്റ് ജോർജ് പാരീഷ് ഹാളിൽ നവംബർ 5 നും കല്ലോടി സെൻറ് ജോർജ് ഫൊറോനാ പാരിഷ് ഹാളിൽ നവംബർ 6 നും സെന്റ് പാട്രിക്സ് സ്കൂളിൽ നവംബർ 25 നും മാനന്തവാടി പോലീസ് സ്റ്റേഷനിൽ ഡിസംബർ 2 നും സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തി. ജനറൽ മെഡിസിൻ, പീഡിയാട്രിക്, ഓർത്തോ, നേത്രരോഗ വിഭാഗം, ജനറൽ സർജറി, സൈക്കോളജി എന്നീ വിഭാഗങ്ങളിലെ സേവനം ലഭ്യമാക്കി. ഡിസംബർ 7, 8, 9 തിയതികളിൽ കണിയാരത്ത് വെച്ച് നടന്ന സ്കൂൾ കലോത്സവത്തിൽ ഹോസ്പിറ്റൽ മെഡിക്കൽ ടീം സന്നിഹിതരായിരുന്നു.

**സൗജന്യ പ്രമേഹ രോഗ നിർണയം നടത്തി**

ലോക ഡയബറ്റിക് ദിനത്തോട് അനുബന്ധിച്ച് നവംബർ 14 ന് ഹോസ്പിറ്റലിൽ സൗജന്യ പ്രമേഹ രോഗ നിർണയവും പ്രമേഹത്തെ പറ്റി പൊതുജനങ്ങൾക്കായി അവബോധ ക്ലാസ്സുകളും നടത്തി.

**ഫാ. മനോജ് കവലക്കാടൻ**
ഡയറക്ടർ SJMH

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ 2022, നവംബർ, ഡിസംബർ മാസങ്ങളിലെ പ്രവർത്തന റിപ്പോർട്ട്**

ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖം സഹജീവികൾക്ക് പകർന്നുകൊടുക്കുവാൻ ഉതകുന്ന തരത്തിൽ സാമൂഹികക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശ പകരുവാനും നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തതയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**ഇവാലുവേഷൻ മീറ്റിംഗ്**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിക്കു കീഴിൽ വരുന്ന വിവിധ യൂണിറ്റുകളുടെ പ്രവർത്തന വിലയിരുത്തൽ മീറ്റിംഗ് 10.12.2022 ശനിയാഴ്ച NDS ഡയറക്ടർ ബിനോയ് കാശാംകുറ്റിയിലച്ചന്റെ നേതൃത്വത്തിൽ NDS ഓഫീസിൽ വച്ച് നടന്നു. മീറ്റിങ്ങിന് NDS ഡയറക്ടർ അധ്യക്ഷത വഹിച്ചു. NDS അസിസ്റ്റൻറ് ഡയറക്ടർ അനൂപ് കൊല്ലംകുന്നേൽ സന്നിഹിതനായിരുന്നു. NDS ന്റെ വിവിധ യൂണിറ്റുകളിൽ നിന്നും വന്ന ഭാരവാഹികൾ തങ്ങളുടെ യൂണിറ്റുകളുടെ കഴിഞ്ഞ രണ്ടു മാസത്തെ പ്രവർത്തനറിപ്പോർട്ടും കണക്കുകളും വായിച്ചു അവതരിപ്പിച്ചു. തുടർന്ന് ഡയറക്ടർ ഫാദർ ബിനോയ് കാശാംകുറ്റിയിൽ നിലവിൽ PMEGP സ്കീംവഴി ലഭിച്ച ലോണുകളുടെ വിവരങ്ങൾ, ഇനി ലഭിക്കാനുള്ള ലോണുകൾ എത്ര എന്നീ വിവരങ്ങൾ എത്രയും വേഗം NDS ഓഫീസിൽ എത്തിക്കണമെന്നും അറിയിച്ചു.

**ജില്ലാ ജനസമ്പർക്ക പരിപാടി**

നീലഗിരി ജില്ലാ പന്തല്ലൂർ താലൂക്ക് എരുമാട് ഗ്രാമം, വി. എസ് ഓഡിറ്റോറിയത്തിൽ വെച്ചു 14.12.2022 ബുധനാഴ്ച രാവിലെ 10 മണിക്ക് ജനസമ്പർക്ക പരിപാടി നീലഗിരി ജില്ലാ കളക്ടർ ശ്രീ. അമൃത് IAS അധ്യക്ഷതയിൽ, മുൻ MLA ശ്രീ. ദ്രാവിഡമണി, ഗൂഡല്ലൂർ RDO ശ്രീ. മുഹമ്മദ് കുതറത്തുള്ള , ജില്ലാ പഞ്ചായത്ത്

പ്രസിഡന്റ് ശ്രീ. പൊൻദോസ്, ചേരങ്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ലില്ലി ഏലിയാസ്, ജില്ലാ വ്യവസായ കേന്ദ്രം ഡയറക്ടർ ശ്രീ. ഷണ്മുഖശിവ, കാനറാ ബാങ്ക് LDM, ശ്രീ. സത്യരാജാ, തുടങ്ങിയ പ്രമുഖർ, മറ്റു ജനപ്രതിനിധികൾ എന്നിവർ പങ്കെടുത്തു. പന്തല്ലൂർ താലൂക്കിൽ മാത്രം 36 ലക്ഷം രൂപയുടെ പദ്ധതികൾക്കുള്ള തുകകൾ കൈമാറി. അതിൽ NDS ഉം നബാർഡും സംയുക്തമായി നടത്തിയ LEDP പദ്ധതി മൂലം ട്രെയിനിങ് കിട്ടിയ 150 പേരിൽ PMEGP സ്കീം വഴി 7 പേർക്ക് 7 ലക്ഷം രൂപയുടെ സബ്സിഡി ലോൺ ജില്ലാ കളക്ടർ ശ്രീ. അമൃദിൽ നിന്നും ഗുണഭോക്താക്കൾ നേരിട്ട് കൈപ്പറ്റി.

**വിവിധ ബാങ്കുകളുടെ ഫീൽഡ് വിസിറ്റ്**

NDS ഉം നബാർഡും സംയുക്തമായി നടപ്പിലാക്കുന്ന LEDP ട്രെയിനിങ് പൂർത്തീകരിച്ച 150 ഓളം വരുന്ന വനിതാ സംരംഭകർക്ക് PMEGP സ്കീം വഴി വിവിധ ബാങ്കുകളിൽ സബ്സിഡിയോടുകൂടിയ ലോണിന് അപേക്ഷകൾ പൂർത്തീകരിച്ചു. ഇവർക്കുള്ള വിവിധ ബാങ്കുകളുടെ ഫീൽഡ് വിസിറ്റ് അതതു പ്രദേശങ്ങളിൽ വിവിധ ബാങ്ക് മാനേജേർസ്, ബാങ്ക് ഫീൽഡ് ഓഫീസർ, NDS യൂണിറ്റ് കോർഡിനേറ്റർസ് എന്നിവരുടെ നേതൃത്വത്തിൽ വിജയകരമായി നടത്തപ്പെട്ടു. ഫീൽഡ് വിസിറ്റ് പൂർത്തീകരിച്ച യൂണിറ്റുകൾക്ക് മുൻഗണന ക്രമമനുസരിച്ചു ലോണുകൾ പാസ്സാക്കി നൽകുന്നതിനുള്ള നടപടികൾ ചെയ്തു.

**വാട്ടർ ഷെഡ് മാനേജ്മെന്റ് ട്രെയിനിങ്**

NDS ഉം തമിഴ്നാട് നബാർഡും സംയുക്തമായി നടപ്പിലാക്കാൻ പോകുന്ന വാട്ടർഷെഡ് മാനേജ്മന്റ് പ്രൊജക്റ്റിന്റെ ഭാഗമായി നബാർഡും (BIRD MANGLORE ) സംയുക്തമായി നടപ്പിലാക്കുന്ന 4 ദിവസത്തെ (06.12.2022 TO 10.12.2022 ) ട്രെയിനിങ്ങിനു NDS ഇൽ നിന്നും ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ, പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ശ്രീ. സുബിൻ ജോസ് എന്നിവർ പങ്കെടുത്തു. ബാംഗ്ലൂരിലെ യെലഹങ്ക എന്ന സ്ഥലത്താണ് ട്രെയിനിങ് നടത്തപ്പെട്ടത്. വാട്ടർഷെഡ് മാനേജ്മന്റ് നടത്തപ്പെടുന്ന പ്രദേശങ്ങളിലെ പോസ്റ്റ് ഹാർവെസ്റ്റ് METHODS ഓഫ് HORTICULTURE, അഗ്രി &ഹോർട്ടികൾച്ചർ ഡിപ്പാർട്മെന്റിൽ നടത്തപ്പെടുന്ന നൂതനകൃഷി രീതികൾ, ചെറുകിട സംരംഭങ്ങൾക്കുള്ള ട്രെയിനിങ് തുടങ്ങിയ മേഖലകളിൽ

4 ദിവസത്തെ ട്രെയിനിങ് നൽകപ്പെട്ടു. അതോടൊപ്പം ഈ മേഖലകളിൽ കർണാടകയിലെ വിവിധ സ്ഥലങ്ങളിൽ ഫീൽഡ് വിസിറ്റും നടത്തപ്പെട്ടു.

**BIOWIN ടാർപോളിൻ ഷീറ്റ് വിതരണം**

BIOWIN മാനന്തവാടിയുടെ നേതൃത്വത്തിൽ നീലഗിരി ജില്ലയിലെ ഗൂഡല്ലൂർ പന്തല്ലൂർ താലൂക്കുകളിലുള്ള KAFE കർഷകർക്കായുള്ള സെമിനാറും, കഴിഞ്ഞ വർഷം ഉൽപ്പന്നങ്ങൾ കൊടുത്ത കർഷകർക്ക് ടാർപോളിൻ ഷീറ്റും പോരാളി ജൈവ മരുന്നു വിതരണവും NDS ഓഡിറ്റോറിയത്തിൽ വെച്ചു നടന്നു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാംകുറ്റിയിലിന്റെ അധ്യക്ഷതയിൽ NDS ASST. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, BIOWIN അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, ഫാ. നിധിൻ എന്നിവർ പങ്കെടുത്തു. ഗൂഡല്ലൂർ പന്തല്ലൂർ താലൂക്കുകളിലുള്ള 300ൽ അധികം ജൈവ കർഷകർ പങ്കെടുത്തു. കർഷക സെമിനാറിൽ VFC (വില്ലേജ് ഫാം ക്ലബ്ബ്)ന്റെ പ്രാധാന്യത്തെക്കുറിച്ചും മാസം തോറും നടത്തേണ്ടുന്ന മീറ്റിംഗുകളെക്കുറിച്ചും, ഗ്രൂപ്പുകളിൽ ക്രെഡിറ്റ് യൂണിയൻ തുടങ്ങേണ്ടുന്ന കാര്യങ്ങളെക്കുറിച്ചും ഫാ. ബിനു പൈനുങ്കൽ വിശദീകരിച്ചു. ഓർഗാനിക് സെർട്ടിഫിക്കേഷൻ കർഷകർ എടുക്കേണ്ട പ്രാധാന്യം വിളകളിൻ മേൽ രാസവള പ്രയോഗം മൂലമുള്ള ദൂഷ്യഫലങ്ങളെക്കുറിച്ചും ഫാ. നിധിൻ ക്ലാസുകൾ നൽകി. തുടർന്ന് ചർച്ചകൾക്കും തീരുമാനങ്ങൾക്കും ശേഷം കർഷകരുടെ സംശയങ്ങൾക്ക് മറുപടികൾ നൽകി.ടാർപോളിൻ വിതരണത്തിനു ശേഷം സെമിനാർ അവസാനിച്ചു.

**SADP ഡെവലപ്മെൻറ് പ്രോഗ്രാം**

നീലഗിരി ജില്ല റീജിയണൽ പ്ലാൻ -2047 എന്ന വിഷയത്തിൽ മാസ്റ്റർ പ്ലാൻ തയാറാക്കുന്നതിലേക്കായി നീലഗിരി ജില്ലാ കളക്ടർ ശ്രീ. അമൃത് IAS അവറുകളുടെ അധ്യക്ഷതയിൽ, ഊട്ടി ജെം പാർക്ക് ഹോട്ടലിൽ വെച്ചു 24.11.2022 നു നടന്നു. SADP ഡയറക്ടർ ശ്രീമതി. മോണിക്ക റാണ IAS ജില്ലയിലെ പ്രമുഖ സ്ഥാപനങ്ങളിലെ അധികൃതർ, ജില്ലയിലെ വിവിധ വകുപ്പിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റി NDS നെ പ്രതിനിധീകരിച്ചു ട്രൈനെർ ശ്രീ. ജൂഡ് മാർട്ടിൻ പ്രൊജക്റ്റ് കോ ഓർഡിനേറ്റർ ശ്രീ. സുബിൻ ജോസ്

എന്നിവർ പങ്കെടുത്തു. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള എല്ലാ സഹായ സഹകരണങ്ങളും ചെയ്യുമെന്ന് അറിയിച്ചു.

**ദേശീയ ജീവൻ മിഷൻ**

ദേശീയ ജൽ ജീവൻ മിഷൻ മലപ്പുറം ജില്ലയിലെ എടവണ്ണ, ഊർങ്ങാട്ടിരി എന്നീ പഞ്ചായത്തുകളിലെ ISA പ്രവർത്തനങ്ങൾ വിജയകരമായി നടന്നുവരുന്നു. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തേണ്ടുന്ന അംഗൻവാടി തലത്തിലുള്ള ബോധവത്ക്കരണം, സ്കൂൾ തലത്തിലെ ചിത്ര രചന മത്സരങ്ങൾ, ജല ഗുണ നിലവാര പരിശോധന എന്നിവ പൂർത്തീകരിച്ചു. ഈ പ്രവർത്തനങ്ങളുടെ പൂർണ റിപ്പോർട്ടും, ക്ലെയിം ഫോമുകളും അടങ്ങുന്ന ഫയലുകൾ അതാതു ഗ്രാമപഞ്ചായത്തു സെക്രട്ടറിമാർ മൂലം സാക്ഷ്യപ്പെടുത്തി, ജില്ലാ വാട്ടർ അതോറിറ്റി ഓഫീസുകളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. അതോടൊപ്പം മേൽപ്പറഞ്ഞ 2 പഞ്ചായത്തുകളിൽ SHG ഗ്രൂപ്പുകൾക്കുള്ള ഏകദിന ബോധവൽക്കരണ ക്ലാസുകൾ നടന്നു വരുന്നു.

ഇനിയും മുന്നോട്ടുള്ള പ്രയാണത്തിൽ ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ മുഖമായി മാറുവാൻ നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**

ഡയറക്ടർ, NDS

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




ക്രിസ്ത്വാനുകരണത്തിന്റെ പുതിയ ഒരു അധ്യായത്തിന് ഈ കാലഘട്ടം സാക്ഷ്യം വഹിക്കുകയാണ്. നീ ഒരു അടയാളമാണ്. ക്രിസ്തുവിന്റെ അടയാളം, കണ്ണിലും കാതിലും കൂരിരുൾ ബാധിച്ച നവയുഗത്തിൽ ഒരു സാക്ഷ്യമായി ഉയർന്നു നിൽക്കാൻ സഭയുടെയും സമൂഹത്തിന്റെയും കാവലാളാകുവാൻ നാം സന്നദ്ധരാക്കണം. ഭൂമിയ്ക്കും മനുഷ്യരാശിയ്ക്കും വേണ്ടി ആരുണ്ട് എന്ന അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞനായ കാൾ സാഗണിന്റെ ചോദ്യം നാമോരോരുത്തരുടെയും സ്വത്വബോധത്തിന് മേൽ വിരൽ ചൂണ്ടുന്നതാണ്. സമൂഹത്തിന്റെ സേവനത്തിനായി സമുദായത്തിന്റെ അഭ്യുന്നതിക്കായി നാം മുന്നിട്ടിറങ്ങേണ്ടത് ഇന്നിന്റെ ആവശ്യകതയായി ഉയർന്നിരിക്കുന്നു. സമുദായികാവബോധവും അവകാശങ്ങളെക്കുറിച്ചുള്ള ധാരണയും നമ്മുടെ ഉള്ളിൽ കൃത്യമായി ഉണ്ടാകേണ്ടതാണ്. ചിന്തകളിലും മനോഭാവങ്ങളിലും മാറ്റങ്ങൾ സംഭവിക്കട്ടെ, ചിന്തകൾ വിചിന്തനത്തിന് വിധേയമാകട്ടെ. നമ്മുടെ സമുദായ സഹോദരങ്ങളെ ഈ ക്രിസ്തുമസ് നാളിൽ നമുക്ക് കണ്ടെത്താം. പിറക്കട്ടെ ഉണ്ണി നമ്മുടെ മനസ്സുകളിൽ. എല്ലാവർക്കും ക്രിസ്തുമസ്  പുതുവത്സര ആശംസകൾ നേരുന്നു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
കത്തോലിക്കാ കോൺഗ്രസ്
മാനന്തവാടി രൂപത സമിതി
ജനറൽ സെക്രട്ടറി

## C-ME (CATHOLIC MINORITY EMPOWERMENT) ഹെൽപ്പ് ഡെസ്ക്ക് ശിൽപ്പശാല സംഘടിപ്പിച്ചു

**പനമരം:** എ.കെ.സി.സി മാനന്തവാടി രൂപത സമിതി, മാനന്തവാടി രൂപത ജൂബിലി വർഷത്തോടനുബന്ധിച്ച് ഹെൽപ്പ് ഡെസ്ക്ക് രൂപീകരണ ശിൽപ്പശാല നടത്തി. ന്യൂനപക്ഷ അവകാശങ്ങളും ആനുകൂല്യങ്ങളും അർഹരായവർക്ക് ലഭ്യമാക്കുവാൻ അവരെ സഹായിക്കുക, സ്ക്കോളർഷിപ്പുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുക, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മുന്നോക്ക

സമുദായങ്ങൾക്ക് അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്കാണ് ഇടവകാതല ഹെൽപ്പ് ഡെസ്ക്ക് പ്രവർത്തിക്കുക.

മാനന്തവാടി രൂപതയിലെ ഇടവകകളിൽ നിന്നുള്ള ഹെൽപ്പ് ഡെസ്ക്ക് കൺവീനർമാർ ശിൽപ്പശാലയിൽ പങ്കെടുത്തു. പനമരം സെന്റ് ജൂഡ് ഓഡിറ്റോറിയത്തിൽ നടന്ന ശിൽപ്പശാല മാനന്തവാടി രൂപത സഹായമെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ഫാ. ബിജു മാവറ അധ്യക്ഷത വഹിച്ചു. സംസ്ഥാന ഹെൽപ്പ് ഡെസ്ക്ക് കൺവീനർ ശ്രീ രാജേഷ് ജോൺ, എ.കെ.സി.സി രൂപതാ പ്രസിഡന്റ് ശ്രീ കെ.പി സാജു, സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ, ഡയറക്ടർ ഫാ.ജോബി, ശ്രീമതി ഗ്ലാഡിസ് ചെറിയാൻ രൂപതാ കൺവീനർ ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ ജെയിംസ് തൈപ്പറമ്പിൽ എന്നിവർ പ്രസംഗിച്ചു. തൃശൂർ രൂപതാ ഹെൽപ്പ് ഡെസ്ക്ക് കോഓഡിനേറ്റർമാരായ ശ്രീ ജോമി ജോൺസൺ, ശ്രീ റോണി എന്നിവർ ശിൽപ്പശാലക്ക് നേതൃത്വം നൽകി.

**പാഠ്യപദ്ധതി ചട്ടക്കൂട് രേഖ പിൻവലിക്കണം : കത്തോലിക്ക കോൺഗ്രസ്**

സ്കൂൾ വിദ്യാഭ്യാസ ഘടന പരിഷ്കരിക്കുന്ന പദ്ധതി ആവിഷ്കരിക്കാൻ കേരള സർക്കാർ ഇപ്പോൾ പ്രസിദ്ധീകരിച്ചിരിക്കുന്ന ചട്ടക്കൂട് രേഖ, ചരിത്രത്തെ വളച്ചൊടിക്കുന്നതും തെറ്റായ വീക്ഷണങ്ങൾ അടിച്ചേൽപ്പിക്കുന്നതുമാണെന്നും, അത് പിൻവലിക്കണമെന്നും കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു.

ഇത് ത്രിഭാഷ പദ്ധതി അട്ടിമറിക്കുന്നതും സാമൂഹിക അസ്ഥിരത സൃഷ്ടിക്കുന്നതുമാണ്. ദേശീയ ഭാഷയായ ഹിന്ദിയും അന്തർദേശീയ ഭാഷയായ ഇംഗ്ലീഷും പ്രാദേശിക ഭാഷയായ മലയാളവുമാണ് ഇപ്പോൾ പഠന പദ്ധതിയിൽ ഉള്ളത്. ഈ മൂന്ന് ഭാഷകൾ പഠിക്കേണ്ട ആവശ്യമില്ലെന്നും, ഇംഗ്ലീഷിനും ഹിന്ദിക്കും ട്രെയിനിങ് കൊടുത്താൽ മതിയെന്നും പ്രാദേശിക ഭാഷ മാത്രം പഠന പദ്ധതിയിൽ മതിയെന്നുമുള്ള വികലമായ കാഴ്ചപ്പാട് തിരുത്തേണ്ടത് തന്നെയാണ്. ഇത് മൂലം നമ്മുടെ വിദ്യാർത്ഥികൾക്ക് കേരളത്തിന് വെളിയിൽ ലഭിക്കാവുന്ന അവസരങ്ങളെ ഇല്ലാതാക്കും. പതിമൂന്നാം അധ്യായത്തിൽ അറബ് കോളനിവൽക്കരണത്തിലൂടെയാണ് ഇന്ത്യ സാംസ്കാരികമായി പുരോഗമിച്ചത് എന്ന വാദം ഉയർത്തുന്നു. മുഗൾ ഭരണം മുതലുള്ള ഇസ്ലാം സാംസ്കാരിക ധാരയെക്കുറിച്ച് ആഴത്തിൽ പഠിക്കാൻ നിർദ്ദേശിക്കുന്നു. ഇത് ചരി

ത്രത്തെ പൂർണമായി വളച്ചൊടിക്കുന്നതാണ്. ഇത്തരം വികലമായതും ഗൂഢോദ്ദേശപരമായതുമായ പരിഷ്കരണ നിർദേശങ്ങൾ പിൻവലിക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. സർക്കാർ തയാറാകുന്നില്ലെങ്കിൽ ശക്തമായ പ്രക്ഷോഭങ്ങൾ ആരംഭിക്കുമെന്നും നിയമ നടപടികളുമായി മുന്നോട്ട് പോകുമെന്നും കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതസമിതി ഭാരവാഹികൾ അറിയിച്ചു.

**വിഴിഞ്ഞം സമരത്തെ അടിച്ചമർത്താനുള്ള നീക്കം അവസാനിപ്പിക്കണം**

**കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത സമിതി കൊച്ചി**

വിഴിഞ്ഞം സത്യഗ്രഹ സമരത്തെ പോലീസിനെയും ഗുണ്ടകളെയുമുപയോഗിച്ച് അടിച്ചമർത്താനുള്ള നീക്കത്തിൽ നിന്ന് സംസ്ഥാന സർക്കാർ പിൻ വാങ്ങണമെന്ന് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയോടൊപ്പം കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതിയും ആവശ്യപ്പെട്ടു. സംഘർഷം തടയാൻ പോലീസ് ഫലപ്രദമായി ഇടപെടുന്നതിനു പകരം അക്രമത്തെ പ്രോത്സാഹിപ്പിക്കുകയും അഴിഞ്ഞാടാൻ അനുവദിക്കുകയും ചെയ്യുകയാണുണ്ടായത്. ഇതിൽ തിരുവനന്തപുരം അതിരൂപത ബിഷപ് ഉൾപ്പെടെയുള്ളവരെ പ്രതികളാക്കി കേസുകൾ ചാർജ് ചെയ്തത് തികച്ചും പ്രതിഷേധാർഹമാണ്. കള്ളക്കേസുകൾ പിൻവലിക്കാൻ പോലീസ് തയ്യാറാകണം. സമരക്കാരെ ആക്രമിച്ചവർക്കെതിരെ പേരിന് ഒരു കേസെടുക്കുക മാത്രമാണ് ചെയ്തത്. കോർപ്പറേറ്റ് താല്പര്യങ്ങൾക്കായി ബദ്ധശത്രുക്കളായ രാഷ്ട്രീയപാർട്ടികൾ ഒന്നിച്ചു പാവപ്പെട്ടവർക്കെതിരെ അക്രമം അഴിച്ചുവിടുന്നത് ഗൂഡാലോചനയാണ്. ഇത് പാവപ്പെട്ടവരോടുള്ള വെല്ലുവിളിയാണ്. യഥാർത്ഥ കുറ്റക്കാർക്കെതിരെ നടപടിയെടുക്കാൻ സർക്കാർ തയ്യാറാകണമെന്ന് കത്തോലിക്ക കോൺഗ്രസ് ആവശ്യപ്പെട്ടു. വിഴിഞ്ഞം സമരത്തിന് കത്തോലിക്ക കോൺഗ്രസ് പൂർണപിന്തുണ പ്രഖ്യാപിച്ചു. യോഗത്തിൽ രൂപതാ പ്രസിഡന്റ് ശ്രീ . സാജു കെ. പി, ജനറൽ സെക്രട്ടറി ശ്രീ സെബാസ്റ്റ്യൻ പുരക്കൽ, ശ്രീമതി. ഗ്ലാഡിസ്, ശ്രീ. ജെയ്സൺ തൊഴുത്തുങ്കൽ, ശ്രീ. ജയിംസ് തൈപ്പറമ്പിൽ, ശ്രീ. സജി ഫിലിപ്പ്, ശ്രീ. തോമസ്, രൂപത ഡയറക്ടർ ഫാ. ജോബി മുക്കാട്ട്കാവുങ്കൽ എന്നിവർ സംസാരിച്ചു.

**AKCC മുള്ളൻകൊല്ലി യൂണിറ്റ് രൂപീകരിച്ചു.**
**ഭാരവാഹികളായി തിരഞ്ഞെടുക്കപ്പെട്ടവർ**
പ്രസിഡന്റ്: സുനിൽ പാലമറ്റം, വൈ. പ്രസിഡന്റ്: ജോളി പനക്കൽ സെക്രട്ടറി:ബെന്നി കോട്ടുപള്ളി, ജോ. സെക്രട്ടറി: ബിന്ദുവാഴപള്ളി ട്രെഷറർ: ടോമി വന്നൂർ, യൂത്ത് കോഓർഡിനേറ്റർ: അഗസ്റ്റ്യൻ മേമാട്ട്, വുമൺ സെൽ കോഓർഡിനേറ്റർ: സിൽവി ഏഴുമായിൽ. തിരഞ്ഞെടുപ്പിന് യുണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് തേക്കനാടി, ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ, ശ്രീ. ബിബിൻ ചമ്പക്കര എന്നിവർ നേതൃത്വം നൽകി.

**വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു എകെസിസി കല്ലുവയൽ യുണിറ്റ്**

വിഴിഞ്ഞം തുറമുഖ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കല്ലുവയൽ യുണിറ്റ്. യൂണിറ്റ് ഡയറക്ടർ റവ. ഫാ. മാത്യു മാടപ്പള്ളികുന്നേൽ സന്നിഹിതനായിരുന്നു. പള്ളിയിൽവെച്ച് നടത്തിയ പ്രധിക്ഷേധം യുണിറ്റ് പ്രസിഡന്റ് ശ്രീ. ജോയ് തൈപ്പറമ്പിൽ അധ്യക്ഷത വഹിച്ചു. സെക്രട്ടറി ശ്രീ. സാബു, ട്രഷറർ ശ്രീ . ജോസ് മഠത്തിക്കുന്നേൽ എന്നിവർ സംസാരിച്ചു.

ദ്വാരക മേഖല എകെസിസിയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും എക്സിക്യൂട്ടീവ് തിരഞ്ഞെടുപ്പും ദ്വാരക സെന്റ് അൽഫോൻസ ഫൊറോന ദേവാലയത്തിൽ വച്ച് 04/03/2022 നടന്നു. യോഗത്തിൽ തോമസ് വന്മേലിൽ അധ്യക്ഷത വഹിച്ചു. ജിജോ മംഗലം സ്വാഗതവും, രൂപത ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടനവും നിർവഹിച്ചു. മേഖലാ ഡയറക്ടർ ഫാ. ജോസ് കളപ്പുര അനുഗ്രഹ പ്രഭാഷണം നടത്തി. രൂപതാ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി

**മേഖല എക്സിക്യൂട്ടീവ് അംഗങ്ങൾ**

തോമസ് വന്മേലിൽ (പ്രസിഡന്റ്), ജിജോ മംഗലം (സെക്രട്ടറി) റീസ അരപ്പത്താനം (വൈസ് പ്രസിഡന്റ്), ജോൺ കൈതക്കൽ (വൈസ് പ്രസിഡന്റ്), ഷാജി പുലക്കുടിയിൽ (ജോയിൻ സെക്രട്ടറി) റെനിൽ കഴുതാടിയിൽ (ട്രഷറർ), ജോർജ് ഇല്ലിമൂട്ടിൽ (എക്സിക്യൂട്ടീവ് മെമ്പർ), ഷിബു ചാര്യപ്ലാക്കൽ (എക്സിക്യൂട്ടീവ് മെമ്പർ), ജോയ് നാലുതൊട്ടി (എക്സിക്യൂട്ടീവ് മെമ്പർ) എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

തുടർന്ന് വിഴിഞ്ഞം സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് പ്രമേയം പാസാക്കി. ജോസ് വല്ലപ്ര നന്ദിപറഞ്ഞു.

**ഹെൽപ് ഡെസ്ക് രൂപീകരണ പഠന ശിബിരം**
**നീലഗിരി റീജിയൺ**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലി പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയൺ ഇടവകകളിൽ ഹെൽപ് ഡസ്ക് പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചു. വിവിധ ഇടവകകളിൽ നിന്നും വന്ന പ്രതിനിധികൾക്കുള്ള പഠന ശിബിരം റീജണൽ ഡയറക്ടർ റവ. ഫാ. വിൻസെന്റ് കളപ്പുര ഉദ്ഘാടനം ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയ് കാശാൻകുറ്റി ആമുഖ പ്രഭാഷണം നടത്തി. എ.കെ.സി.സി രൂപത ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ട്കാവുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. മൈനോറിറ്റി സെൽ സംസ്ഥാന കോർഡിനേറ്റർ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സാർ, എ.കെ.സി.സി രൂപത ജനറൽ സെക്രട്ടറി ശ്രീ സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**ഹെൽപ് ഡെസ്ക് രൂപീകരണ പഠന ശിബിരം**
**നിലമ്പൂർ മണിമൂളി റീജിയൺ**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലി പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയൺ ഇടവകകളിൽ ഹെൽപ് ഡസ്ക് പ്രവർത്തനങ്ങളുടെ ആരംഭം കുറിച്ചു. വിവിധ ഇടവകകളിൽ നിന്നും വന്ന പ്രതിനിധികൾക്കുള്ള പഠന ശിബിരം വികാരി ജനറൽ റവ. ഫാ. തോമസ് ഉദ്ഘാടനം ചെയ്തു. നിലമ്പൂർ ഫൊറോന വികാരി റവ. ഫാ. ബിജു തുരുത്തേൽ ആമുഖ പ്രഭാഷണം നടത്തി. എ.കെ.സി.സി രൂപത ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ട്കാവുങ്കൽ അനുഗ്രഹ പ്രഭാഷണം നടത്തി. എ.കെ.സി.സി മേഖല ഡയറക്ടർ റവ. ഫാ. ഷൈജു ഐക്കരകാനായിൽ ആശംസകൾ നേർന്നു. മൈനോറിറ്റി സെൽ സംസ്ഥാന കോർഡിനേറ്റർ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ സാർ, എ.കെ.സി.സി രൂപത ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ ക്ലാസുകൾ നയിച്ചു.

**സൗഹൃദം 2022**

മാനന്തവാടി രൂപത സുവർണ്ണ ജൂബിലി നിറവിൽ നടത്തിയ 'സൗഹൃദം 2022' പരിപാടിയിൽ എ.കെ.സി.സി മാനന്തവാടി രൂപതാ സമിതി മുൻകാല നേതാക്കന്മാർ പങ്കെടുത്തു. രൂപതാ അധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നേരിട്ട് കത്തെഴുതി ആണ് പഴയകാല സംഘടന നേതാക്കളെ ക്ഷണിച്ചത്.

എ.കെ.സി.സി യുടെ 35 ഓളം നേതാക്കൾ ഈ മീറ്റിങ്ങിൽ പങ്കെടുത്തു.

**ബഫർ സോൺ - സർക്കാർ കള്ളക്കളി അവസാനിപ്പിക്കണം കത്തോലിക്കാ കോൺഗ്രസ് പുൽപ്പള്ളി മേഖലാ സമിതി**

**പുൽപ്പള്ളി:** ബഫർ സോൺ വിഷയവുമായി ബന്ധപ്പെട്ട് ഉയർന്ന് വരുന്ന ആക്ഷേപങ്ങൾ വളരെ ഗൗരവമേറിയതാണ്. ജനങ്ങൾ ആശങ്കപ്പെടേണ്ടതില്ലയെന്ന് പറയുകയും അതേ സമയം വയനാട് വന്യജീവി സങ്കേതത്തിന് ചുറ്റുമുള്ള ജനവാസ മേഖലകളെ കുറച്ച് കാണിച്ച് കൊണ്ട് സുപ്രിം കോടതിയിൽ ഹാജരാക്കിയ രേഖകളുടെ അടിസ്ഥാനത്തിലാണ് വയനാട്ടിലെ പന്ത്രണ്ടോളം പഞ്ചായത്തുക്കൾ ബഫർ സോൺ പരിധിയിൽ ഉൾപ്പെട്ടിരിക്കുന്നത്. ഉദ്യോഗസ്ഥരും സർക്കാരും ജനങ്ങളെ കബളിപ്പിക്കുകയാണ്. ഫിസിക്കൽ സർവ്വേ നടത്താൻ ഗവൺമെന്റിന് എന്താണ് തടസം. ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും റവന്യു വകുപ്പും വിചാരിച്ചാൽ ചുരുങ്ങിയ ദിവസങ്ങൾ കൊണ്ട് ജനവാസ കേന്ദ്രങ്ങളും വ്യാപാര സ്ഥാപനങ്ങളും ആരാധനാലയങ്ങളും, കൃഷിയിടങ്ങളും തരം തിരിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ സാധിക്കും. എന്നാൽ അതിന് തയ്യാറാകാതെ ഉപഗ്രഹ സർവ്വേ നടത്തി കോടതിയെ തെറ്റിദ്ധരിപ്പിച്ച് ഇതിന് അനുകൂല നിലപാടാണ് ഭരണ കർത്താക്കൾ ചെയ്യുന്നത്. അന്തിമ വിജ്ഞപനം വരാനിരിക്കേ പരാതി സമർപ്പിക്കാൻ ചുരുങ്ങിയ സമയം അനുവദിച്ചത് ഇടപെടലുകൾ കുറയ്ക്കുന്നതിന് വേണ്ടിയാണ്. വയനാട്ടിലെ ജനങ്ങളെ നിശബ്ദ കുടിയിറക്കിലേക്ക് തള്ളിവിടുന്ന ഈ ഉത്തരവിനെതിരേ കത്തോലിക്കാ കോൺഗ്രസ് അതിശക്തമായി പോരാടും. ഫിസിക്കൽ സർവ്വേ നടത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഫൊറോനയിലെ പന്ത്രണ്ട് ഇടവകയിൽ നിന്നും ആയിരക്കണക്കിന് അപേക്ഷകൾ അയക്കും. യോഗം മേഖലാ ഡയറക്ടർ. ഫാ. ജയിംസ് പുത്തൻപറമ്പിൽ ഉദ്ഘാടനം ചെയ്തു. മേഖലാ പ്രസിഡന്റ് തോമസ് പഴൂക്കാല അദ്ധ്യക്ഷത വഹിച്ചു. ഫാ. ജോർജ് മൈലാടുർ ഫാ. സോമി വടയാപറമ്പിൽ, രൂപതാ സമിതിയംഗം ബിനാ കരമാംകുന്നേൽ, പി. എം.ജോർജ്, സജി നമ്പുടാകം, ഷിനോജ് കാക്കോനാൽ, സുനിൽ പാലമറ്റം, വിനോദ് വാവശ്ശേരി, ബിജു മണ്ഡപത്തിൽ, സജി പെരുമ്പിൽ , ഡീവൻസ് മാസ്റ്റർ, ബെന്നി കോട്ടുപ്പള്ളി, ബിബിൻ മാത്യു തുടങ്ങിയവർ സംസാരിച്ചു.

**ഫാ. സ്റ്റാൻ സ്വാമി ഭരണകൂട ഭീകരതയുടെ ഇര - കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി**

**ദ്വാരക:** ഫാ. സ്റ്റാൻ സ്വാമിയെ കുടുക്കാൻ എൻ. ഐ. എ വ്യാജ തെളിവുകൾ ഉണ്ടാക്കിയെന്ന കണ്ടെത്തൽ അത്യന്തം വേദനാജനകവും ഞെട്ടിക്കുന്നതുമാണെന്ന് കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി. ഫാ. സ്റ്റാൻ സ്വാമി ഭരണകൂട ഭീകരതയുടെ ഇരയാണ്. അദ്ദേഹത്തിന് മാവോയിസ്റ്റു ബന്ധമുണ്ടെന്ന് സ്ഥാപിക്കാൻ എൻ. ഐ. എ ഇലക്ട്രോണിക് തെളിവുകൾ കെട്ടിച്ചമച്ചതിലൂടെ രാജ്യത്തെ വഞ്ചിക്കുകയാണ് ചെയ്തത്. ഇത് എൻ. ഐ. എ അന്വേഷണങ്ങളുടെ വിശ്വാസ്യത ഇല്ലാതാക്കുന്നതാണ്. അദ്ദേഹത്തിന്റെ കമ്പ്യൂട്ടർ ഹാക്ക് ചെയ്യുകയും വ്യാജ മെയിലുകൾ ഉൾപ്പെടെ നിക്ഷേപിക്കുകയും ചെയ്തത് വലിയ ഗൂഢാലോചനയുടെ ഭാഗമാണ്. സംഘ പരിവാർ നേതാക്കൾക്ക് ഇതിലുള്ള പങ്ക് വ്യക്തമായിരിക്കുകയാണ്. ഈ വ്യാജ തെളിവുകൾ എല്ലാം ഫാ. സ്റ്റാൻ സ്വാമി നിഷേധിച്ചിട്ടും അദ്ദേഹത്തെ ജയിലിലാക്കുകയും ചികിത്സ നിഷേധിക്കുകയും ചെയ്തതിലൂടെയാണ് അദ്ദേഹം മരണപ്പെട്ടത്. ഈ നരഹത്യ ഭീതി ജനിപ്പിക്കാൻ വേണ്ടി ഗൂഢാലോചന നടത്തിയതാണ്. ഇത് നിയമത്തിന്റെ മുൻപിൽ കൊണ്ടുവരണം. എൻ. ഐ. എ ക്കെതിരെ കൊലകുറ്റത്തിന് കേസെടുക്കണം. കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത സമിതി പ്രതിക്ഷേധം രേഖപ്പെടുത്തി.

## CAN - CAMPAIGN AGAINST NARCOTICS

**പോസ്റ്റർ രചന മൽസരം സംഘടിപ്പിച്ചു**

കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപതാ സമിതി 'ലഹരിക്കെതിരെ' എന്നതിന്റെ ഭാഗമായി രൂപതയിലെ എട്ട് മുതൽ പന്ത്രണ്ട് ക്ലാസിൽ പഠിക്കുന്ന എല്ലാ വേദപാഠ കുട്ടികൾക്കുമായി മതബോധന ഡിപ്പാർട്ടുമെന്റ്മായി സഹകരിച്ച് പോസ്റ്റർ രചന മൽസരം സംഘടിപ്പിച്ചു. കേരളത്തിൽ സീറോ മലബാർ രൂപതകളിൽ എല്ലായിടത്തും കത്തോലിക്കാ കോൺഗ്രസ് ഈ മൽസരം സംഘടിപ്പിച്ചു.

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

മനുഷ്യന്റെയും മണ്ണിന്റെയും ആവാസവ്യവസ്ഥയുടേയും ആരോഗ്യം നിലനിർത്തുന്നതിനായി ജൈവ കീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രിക നടീൽ തുടങ്ങിയവയെ ആശ്രയിച്ച് രാസവളങ്ങളും, കൃത്രിമ രാസ കീട നാശിനികളും തീർത്തും ഒഴിവാക്കി ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി/കോഴി തീറ്റകളിൽ ചേർക്കുന്ന രാസ പദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹി പ്പിക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട ജീവിത നിലവാരം അവ രുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുന്നത്തിനുമായി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി മിക വുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നില വിൽ 18451 കർഷകരാണ് 1095 ഗ്രൂപ്പുകളിലായി (48 ICS- Internal cotnrols System) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICS ൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രി കൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കു കയും ചെയ്തു. 6250 കർഷകരാണ് വിവിധ മീറ്റിങ്ങുകളിലായി 24 പഞ്ചായത്തുകളിലായി പങ്കെടുത്തത്. പങ്കെടുത്ത മുഴുവൻ കർഷ കർക്കും നിലവിലെ ഫാം ഡയറിയുടെ കാലാവധി കഴിഞ്ഞതിനാൽ പുതിയ ഫാം ഡയറികൾ നൽകുകയും ചെയ്തു.

## NPOP ഓഡിറ്റ് പൂർത്തീകരിച്ചു

WSSS മാനന്തവാടി ICS ൽ പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ ഇസ്കോപ്പ് (ISCOP) നിന്നുള്ള ഓഡിറ്റ്, കോർഡിനേറ്റർ ശ്രീ. ജോബി വർഗീസിന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർമാരായ ശ്രീ.രാഘവൻ, കുമാരി ശരണ്യ, എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**കാർഷിക സെമിനാറുകൾ സംഘടിപ്പിച്ചു**

നവംബർ മാസം പദ്ധതിയിൽ ഉൾപ്പെട്ട മുഴുവൻ പഞ്ചായത്തുകളിലും സെമിനാറുകൾ സംഘടിപ്പിച്ചു. സെമിനാറുകളിൽ, ബയോവിൻ അസോസിയേറ്റ് ഡയറക്ടർമാരായ ഫാ. ബിനു പൈനുങ്കൽ, ഫാ. നിതിൻ പാലക്കാട്ട്, പർച്ചേഴ്സ് മാനേജർ ശ്രീ. ഷാജി ജോസ്, ICS കോർഡിനേറ്റർ ശ്രീ. ജോബി എന്നിവർ പങ്കെടുക്കുകയും ക്ലാസുകൾ നയിക്കുകയും ചെയ്തു.

## NOP ഓഡിറ്റ് പൂർത്തീകരിച്ചു

WSSS പുൽപള്ളി, WSSS പനമരം, എന്നീ 02 ICS കളിലും പുതിയ സർട്ടിഫിക്കേഷൻ ഏജൻസിയായ ഇക്കോ സെർട്ടിൽ നിന്നുള്ള NOP ഓഡിറ്റ്, ICS കോർഡിനേറ്റർ ശ്രീ. ജോബി, ഡോക്യുമെന്റ്ഷന് ഓഫീസർ രമ്യ എന്നിവരുടെ നേതൃത്വത്തിൽ പൂർത്തീകരിച്ചു. ഓഡിറ്റർ, ശ്രീ. ബാല ചന്ദർ ഓഡിറ്റിന് നേതൃത്വം നൽകി.

**ടാർപോളിൻ ഷീറ്റ്, പോരാളി വിതരണം ചെയ്തു**

വോഫാ, കഫെ സംഘടനകൾ വഴി ഏതെങ്കിലും ഒരു ഉത്പന്നം എങ്കിലും വിപണനം നടത്തിയിട്ടുള്ള മുഴുവൻ കർഷകർക്കും ടാർപോളിൻ ഷീറ്റും പോരാളിയും (ഉറുമ്പിനെ പ്രതിരോധിക്കുന്ന ജൈവ സ്പ്രേ) വിതരണം ചെയ്യുവാൻ ആരംഭിച്ചു. പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം ബയോവിൻ ഡയറക്ടർ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ നിർവഹിച്ചു. 3000 രൂപ വിലവരുന്ന ടാർപോളിൻ ഷീറ്റും 150 രൂപ വില വരുന്ന പോരാളി സ്പ്രേയുമാണ് തീർത്തും സൗജന്യമായി കർഷകർക്ക് വിപണനം ചെയ്യുന്നത്. വോഫെയിൽ നിന്നും 3200 കർഷകരും കഫെയിൽ നിന്നും 2400 കർഷകരുമാണ് പദ്ധതിയുടെ ഗുണഭോക്താക്കളായത്.

**മാർക്കറ്റിങ്**

നവംബർ മാസം കാപ്പിപ്പരിപ്പ്, കുരുമുളക്, മഞ്ഞൾ, തുടങ്ങിയ ഉത്പ്പന്നങ്ങൾക്ക് അമേരിക്ക, ഇറ്റലി, ജർമ്മനി, ഫ്രാൻസ്, ന്യൂസി

ലാന്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും പുതുതായി ഓർഡറുകൾ സ്വീകരിക്കുവാൻ സാധിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാൻറ് അഗ്രോ പ്രോസസ്സിംഗ് സെന്റർ നവംബർ മാസത്തിലും, നാളികേരം, കാപ്പി തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**പോഷക വീട്, ഡിജിറ്റലാകാം ജാഗ്രതയോടെ**

സ്മാർട്ടുമായി സഹകരിച്ച് റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്യുന്ന പോഷക വീട്, ഡിജിറ്റൽ സാക്ഷരതാ പ്രോഗ്രാമായ ഡിജിറ്റലാകാം ജാഗ്രതയോടെ എന്നീ പ്രോഗ്രാമുകളുടെ അവലോകന യോഗം ഡിസംബർ 8 ന് നടത്തി. സ്മാർട്ടിന്റെ പ്രതിനിധികളായ ഹിമാൻഷി, സബിത എന്നിവർ പ്രോഗ്രാമുകളും അനുബന്ധ കാര്യങ്ങളും വിലയിരുത്തി. പരിപാടിയിൽ മാറ്റൊലി സ്റ്റാഫംഗങ്ങൾ, വോളണ്ടിയേഴ്സ്, മാറ്റൊലിക്കൂട്ടം അംഗങ്ങൾ എന്നിവർ പ്രോഗ്രാമുകളേക്കുറിച്ച് വിശകലനം ചെയ്തു.

**നാരോകാസ്റ്റ് & നേത്ര പരിശോധന ക്യാമ്പ്**

പോഷകവീട് പ്രൊജക്ടിന്റെ ഭാഗമായി ഡിസംബർ 8 ന് മക്കിമലയിൽ മാറ്റൊലി ശ്രോതാക്കൾക്കായി നാരോകാസ്റ്റ് നടത്തി. ഡിജിറ്റൽ സാക്ഷരതാ പ്രോഗ്രാമായ ഡിജിറ്റലാകാം ജാഗ്രതയോടെ എന്ന പ്രോഗ്രാമിന്റെ ഭാഗമായി ഡിസംബർ 9 ന് മൊതക്കരയിൽ മാറ്റൊലി ശ്രോതാക്കൾക്കായി നാരോകാസ്റ്റ് നടത്തി.

**നേത്ര പരിശോധന ക്യാമ്പ്**

മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിന്റെ സഹകരണത്തോടെ ഡിസംബർ 8 ന് മക്കിമലയിലും ഡിസംബർ 9 ന് മൊതക്കരയിലും നേത്ര പരിശോധന ക്യാമ്പ് നടത്തി.

**ഓൺലൈൻ വർക് ഷോപ്പ്**

മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ എന്നിവ സംയുക്തമായി വിവിധ കമ്മ്യൂണിറ്റി റേഡിയോകൾക്കായി ഡിസംബർ 15 ന് നടത്തിയ ഓൺലൈൻ ട്രെയിനിംഗിൽ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പിള്ളി ക്ലാസ് എടുത്തു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഓറഞ്ച് ദ വേൾഡ് ക്യാംപെയിനിന്റെ ഭാഗമായി ഡിസംബർ 7 ന് പ്രത്യേക തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. വനിതാ വികസനവകുപ്പിന്റെ സേവനങ്ങളേയും പദ്ധതികളേയും കുറിച്ച് വിമൻ പ്രൊട്ടക്ഷൻ ഓഫീസർമരായ എസ് പണിക്കർ ശ്രോതാക്കളോട് സംവദിച്ചു.

**രക്തദാനം മഹാദാനം**

നവംബർ 19 ന് ദ്വാരക എ.യു.പി സ്കൂളിൽ വെച്ച് നടന്ന രക്തദാനക്യാമ്പിൽ റേഡിയോ മാറ്റൊലി സ്റ്റാഫംഗങ്ങൾ പങ്കെടുത്തു.

**ജീവിതമാകട്ടെ ലഹരി**

ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയുടെ ഭാഗമായി എക്സൈസ് വകുപ്പുമായി സഹകരിച്ച് ജീവിതമാകട്ടെ ലഹരി എന്ന പേരിൽ ബോധവത്കരണ പരിപാടി ആരംഭിച്ചു.

**ലഹരി വിരുദ്ധ ബോധവത്കരണ പരിപാടി**

ദ്വാരക സേക്രട്ട് ഹാർട്ട് ഹയർ സെക്കറി സ്കൂളിൽ നവം. 25 ന് സംഘടിപ്പിച്ച ലഹരി വിരുദ്ധ ബോധവത്കരണ പരിപാടിയിൽ ഫാ. ബിജോ കറുകപ്പിള്ളി പങ്കെടുത്തു.

**ദ സിറ്റിസൺ**

എടവക ഗ്രാമ പഞ്ചായത്ത് കിലയുമായി സഹകരിച്ച് നടപ്പിലാക്കുന്ന ദ സിറ്റിസൺ ഭരണഘടന സാക്ഷരത യഞ്ജത്തിന്റെ മുന്നോടിയായി ഡിസംബർ 12 ന് എടവക പഞ്ചായത്ത് സ്വരാജ് ഹാളിൽ ചേർന്ന സംഘാടക സമിതി രൂപീകരണയോഗത്തിൽ മാറ്റൊലിയെ പ്രതിനിധീകരിച്ച് ഡിപിൻ അഗസ്റ്റിൻ പങ്കെടുത്തു.

**സന്ദർശനം**

മാനന്തവാടി ഡി.വൈ.എസ്. പി എ. പി. ചന്ദ്രൻ, മാനന്തവാടി സ്പെഷ്യൽ ജഡ്ജ് കെ.പി ജോയ് എന്നിവർ നവം. 25 ന് മാറ്റൊലി സന്ദർശിക്കുകയും പ്രോഗ്രാമുകൾ റെക്കോർഡ് ചെയ്യുകയും ചെയ്തു. ഫെഡാർ കൗൺസിലേഴ്സായ തോണിച്ചാൽ ക്രിസ്തുദാസി കോൺവെന്റിലെ സിസ്റ്റേഴ്സ് നവംബർ 21 ന് മാറ്റൊലി സന്ദർശിച്ചു.

**പഠന സന്ദർശനം**

കിനാലൂർ പൂവമ്പായി എ.എം.എച്ച്.എസ്.എസ്.ലെ വിദ്യാർത്ഥികൾ നവംബർ 29 നും പേരോട് എം.ഐ.എം.എച്ച്.എസ്.എസ് ലെ പ്ലസ് ടു ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി ഡിസംബർ 7 നും മാറ്റൊലി സന്ദർശിച്ചു.

**വിവാഹ ആശംസകൾ**

റേഡിയോ മാറ്റൊലിയുടെ ട്രൈബൽ വോളണ്ടിയറായിരുന്ന അശ്വതി മുരളിക്കും ഭർത്താവ് സുധീഷിനും നവംബർ 30 ന് റിസപ്ഷൻ നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

# ജീസസ് ഫ്രട്ടേണിറ്റി

**ക്രിസ്തുമസ് ആഘോഷം**

ബന്ധിതർക്ക് മോചനവും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും പ്രഖ്യാപിക്കുവാൻ വേണ്ടി സകല ജനത്തിനും സന്തോഷത്തിന്റെ സദ് വാർത്തയുമായി വന്നു പിറന്ന ഉണ്ണി യേശുവിന്റെ തിരുപ്പിറവിയുടെ ഓർമ്മ അനുസ്മരിച്ചുകൊണ്ട് മാനന്തവാടി ജില്ലാ ജയിൽ വൈത്തിരി സബ്ജയിൽ എന്നിവിടങ്ങളിൽ യഥാക്രമം 2022 ഡിസംബർ 17, 18 തീയതികളിലായി ക്രിസ്തുമസ് ആഘോഷ പരിപാടികൾ സംഘടിപ്പിച്ചു. മാനന്തവാടി ജയിലിൽ കെ.സി.വൈ.എം. കുറുമ്പാല യൂണിറ്റും, വൈത്തിരി സബ്ജയിലിൽ കെ.സി.വൈ.എം. തരിയോട് യൂണിറ്റും ക്രിസ്തുമസ് സന്ദേശവും കലാപരിപാടികളും ക്രിസ്തുമസ് കേക്കും ആയിട്ട് എത്തി. തെരുവുനാടകം, ക്രിസ്തുമസ് സന്ദേശം, കരോൾ ഗാനം, ഡാൻസ്, ഗാനമേള തുടങ്ങിയ വിവിധ പരിപാടികളോടെ ഇരുജയിലുകളിലും ഉണ്ണിയേശുവിന്റെ പിറവി തിരുനാൾ സന്ദേശം എത്തിച്ചു. മാനന്തവാടി ജില്ലാ ജയിലിലെ ആഘോഷ പരിപാടികൾക്ക് വെൽഫെയർ ഓഫീസർ രജീഷ് സാർ സ്വാഗതം ആശംസിക്കുകയും റവ. ഫാദർ ജോസ് കപ്യാരുമല സന്ദേശം നൽകുകയും സിസ്റ്റർ ജെസ്‌ന F. C. C.നന്ദി അർപ്പിക്കുകയും ചെയ്തു. വൈത്തിരി സബ് ജയിലിൽ ഫാദർ. ലിബിൻ കിഴക്കേകുടി ofm Cap., ഫാദർ ടോമി പുത്തൻപുരയ്ക്കൽ, സിസ്റ്റർ ലില്ലി പുരക്കൽ S. H., സിസ്റ്റർ സിസിലി S. H., പ്രസിഡന്റ് ജെസ്പിൻ പള്ളിക്കാതൊട്ടി, ജോയിൻ സെക്രട്ടറി ജിസ്‌ന പനച്ചിക്കൽ, ട്രഷറർ ടോണി പുത്തൻവീട്ടിൽ തുടങ്ങിയവർ നേതൃത്വം നൽകി. ഇരു ജയിലുകളിലെയും അന്തേവാസികളുടെ കലാപരിപാടികൾ കെ.സി.വൈ.എം. പ്രവർത്തകർക്ക് നവ്യ അനുഭവമായി. വൈത്തിരി ജയിലിൽ ജയിൽ വാർഡൻ ശ്രീ. സിജോ ദീപ്തിഗിരി സ്വാഗതവും, കെ.സി.വൈ.എം കോഴിക്കോട് രൂപത മുൻ പ്രസിഡന്റും അസിസ്റ്റന്റ് പ്രിസൺ ഓഫീസറും ആയ ശ്രീ വിനീത് നന്ദിയും അർപ്പിച്ചു.

**ഫാദർ ടോമി പുത്തൻപുരയ്ക്കൽ**
ഡയറക്ടർ

**November – December 2022**

- Mathematics Association was inaugurated on 16th Novem ber 2022 at our seminar hall and a seminar on 'Conjectures in Mathematics' was conducted. Dr. Viji Paul, Asso. Prof., Department of Mathematics, WMO Colle ge, Muttil, was the chief guest for the event.
- 5th Semester degree examination commenced on 23rd November 2022.
- The Women Cell of our college in association with Department of Women and Child Development, Mananthavady organized a 'Gender Awareness Campaign'on 24th November, 2022.
- Department of English and Department of Political Scie nce celebrated 'Constitution Day'(26th November). A talk on 'The Constitution of India' was delivered by Mr Gokul M.A., Assistant Prof., Dept of Political Science on 25th November 2022.
- Department of Commerce organized a seminar on 'Civil Saftey'on 28th November 2022. The resource person was Adv. T J Joseph, Taluk Legal Service Socitey, Mananthavady.
- Vimukthi Club organized an Anti-drug campaign from 1st to 15th December 2022. 'Say no to drugs- Goal Challe nge'.
- 3rd semester degree examination commenced on 12th December 2022 and 3rd semester PG examination commenced on 13th December 2022.
- Department of Computer Science Signed MoU with Christ College (Autonomous), Irinjalakuda and Conducted two

days residential programme for the Academically advanced students in connection with the Academic Exchange Progrmme between the two Computer Science departments on 02.12.2022 & 03.12.2022.

In connection with World Computer Literacy day celebration various competitions and workshops were organized. Computer literacy survey was carried out in the adopte dtribal village as part of Department level extension activtiy.

They also organized a seminar on 'Technology Trends in IT Industry' on 6th December 2022. Mr Manikandan P, CEO Sotfronics was the resource person.

- Organized a National Seminar on Job Seekers to Job Creators - Lessons in Etnrepreneurship in Higher Education on 14th December 2022. Hon. Prof. H. Venkateshwarulu, Vice Chancellor of Cetnral Universtiy of Kerala was the chief guest and delivered the keynote address. Dr. Maria Martin Joseph, Principal presided over the function and Fr. Sibichan Chelakkapallil, Associate Manager blessed the gathering.
- Dept of Physical Education: Ms Sanitha S , 3rd BSc Zoology, has been selected to the Kannur Universtiy Arch ery (women) team for the South Zone Inter- Universtiy competition.

Our YogaWomen team won the 2nd position and the Yoga Men team won the 3rd position in the Kannur Universtiy Inter Collegiate Yoga Championship.

Our Wrestling Women team won the 2nd position in the Kannur Universtiy Inter Collegiate Wrestling Championship.

- The college Bio-Gas plant was renovated and inaugura ted on 8th December by Fr. Sibichan Chelakkapallil, Asso ciate Manager.
- Mr Sreelal T S, 2nd B Sc Computer Science has been selected to attend 'The Google product expert summit', at Singapore.

- Dr. Rajitha Xavior: Presented a paper on the topic "THE IMPACT OF LEADERSHIP STYLES IN EMPLOYEE WORK PERFORMANCE" in the National Conference Organized by Inspira Research Association -IRA, Rajasthan on 11th and 12th of November 2022 and won Best Paper Presen tation Award.

Co-ordinated Gender Awareness Campaign on 24th November 2022.

- Dr. Eldho K J:Appointed as a Board of Studies Member (BoS) in Bharathiar Universtiy Coimbatore for a period from 2022 to 2025.

Participated in the Board of Studies (BoS) meeting conducted at Christ College (Autonomous), Irinjalakuda.

Acted as a Resource Person for the Residential Programme Conducted at Christ College (Autonomous), Irinjalakuda on 2nd and 3rd December 2022 in connection with the Academic Exchange Programme.

- Mr. Joy Joseph, Mr. George Sebastian, Mr. Jojo George, Mr. Johnson CT, Mr. Jose Augustian, Mr. Anish Chacko, Mr. Marin Joseph: Participated in the Aided College Administrative Staff Training Programme which was organized by the Deptuy Directorate of Collegiate Education, Kozhikode on 21st and 22nd November 2022 at Sree Narayana College, Kannur.

**Dr. Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ 2018 ന് ശേഷം നിയമിതരായ അധ്യാപകർക്കായി റിഫ്രഷ്മെന്റ് കോഴ്സ് സംഘടിപ്പിച്ചു. അടയ്ക്കാത്തോട് സെന്റ് ജോസഫ്സ് ഹൈസ്കൂളിനായി നിർമിച്ച ആധുനിക വിദ്യാലയ സമുച്ചയം അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്ത് നാടിന് സമർപ്പിച്ചു. അതോടൊപ്പം കബനിഗിരി സെന്റ് മേരീസ് യു.പി, മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി, ഒണ്ടയങ്ങാടി സെന്റ് മാർട്ടിൻസ് എൽ.പി എന്നീ വിദ്യാലയങ്ങൾക്കായി നിർമ്മിക്കുന്ന പുതിയ വിദ്യാലയ കെട്ടിടങ്ങളുടെ ശിലാസ്ഥാപന കർമ്മവും നിർവ്വഹിച്ചു. മാനന്തവാടി രൂപതയുടെ സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ ഭാഗമായി ഭവനരഹിതരഹിതരില്ലാത്ത മാനന്തവാടി രൂപത എന്ന വലിയ ദർശനത്തിനൊപ്പം മുഴുവൻ അധ്യാപക അനധ്യാപകരും കൈകോർക്കുന്ന SANCTA MARIYA HOUSING PROJECT ന്റെ ഭാഗമായി നിർമ്മിക്കുന്ന ആദ്യഭവനത്തിന്റെ കട്ടിളവെപ്പ് കർമ്മം നിർവ്വഹിക്കപ്പെട്ടു. ഡിസംബർ 23 ന് മുഴുവൻ വിദ്യാലയങ്ങളിലും ക്രിസ്തുമസ് ആഘോഷങ്ങൾ നടത്തുകയും C-SMILES ഓൺലൈൻ വെർചൽ പ്ലാറ്റ്ഫോമിൽ മുഴുവൻ വിദ്യാലയങ്ങളെയും ഉൾപ്പെടുത്തി "DANCING SCHOOL WITH SANTAS' മത്സരം സംഘടിപ്പിക്കുകയും ചെയ്തു.

**വിദ്യാലയ വാർത്തകൾ**

**എൽ.പി. വിഭാഗം**

**I ദേവമാതാ എ.എൽ.പി. സ്കൂൾ ആടിക്കൊല്ലി**

ശിശുദിനം ആഘോഷപൂർവ്വം കൊണ്ടാടി. ഉപജില്ലാ കലാമേളയിൽ വിവിധ മത്സരയിനങ്ങളിൽ കുട്ടികൾ ജേതാക്കളായി. ഭിന്നശേഷി ദിനത്തിന്റെ പ്രാധാന്യം ഓർമിപ്പിച്ചുകൊണ്ട് വിവിധ പരിപാടികൾ നടത്തി. ക്ലാസ് തലത്തിൽ ഭക്ഷ്യമേള സംഘടിപ്പിച്ചു.

**II സെന്റ് തോമസ് എൽ.പി. സ്കൂൾ അരിഞ്ചേർമല**

ശിശുദിനത്തിൽ വിദ്യാർത്ഥികൾക്കിടയിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട പ്രധാനമന്ത്രി, സ്പീക്കർ എന്നിവരുടെ നേതൃത്വത്തിൽ

ശിശുദിന റാലിയും സമ്മേളനവും സംഘടിപ്പിച്ചു. മാനന്തവാടി ഉപ ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ അഭിമാനക രമായ നേട്ടങ്ങൾ കൈവരിച്ചു. ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് പ്രോത്സാഹനമായി 'പൊലിക 2022' സംഘടിപ്പിച്ചു. ഗോത്രവിഭാഗം രക്ഷിതാക്കളും വിദ്യാർത്ഥികളും ഒത്തുചേർന്ന് ഗോത്രകലകളുടെ അവതരണം നടത്തി.

**III സെന്റ് മാർട്ടിൻസ് എൽ.പി. സ്കൂൾ ഒണ്ടയങ്ങാടി**

വിദ്യാലയത്തിന്റെ നേതൃത്വത്തിൽ 'നാട്ടരങ്ങ്' എന്ന പേരിൽ പ്രാദേശിക സംഗമം നടത്തി. വിദ്യാർത്ഥികളുടെ കലാപരിപാടികളും ഗദ്ദിക കലാകാരന്മാരുടെ നാടൻപാട്ടും ഗദ്ദിക കലാരൂപവും ഏറെ ശ്രദ്ധേയമായി. വിദ്യാലയത്തിനായി പുതിയതായി നിർമിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കർമ്മം നിർവഹിച്ചു.

**IV സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ ഏലപ്പീടിക**

കേരളപ്പിറവി ദിനത്തിൽ കുട്ടികൾക്കായി വ്യത്യസ്ത മത്സ രങ്ങൾ സംഘടിപ്പിച്ചു. കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ജനകീയ ചർച്ച സംഘടിപ്പിച്ചു. ഇരിട്ടി ഉപജില്ലാതല കലോത്സവത്തിൽ മികവാർന്ന വിജയം കൈവരിച്ച കുട്ടികളെ ആദരിച്ചു. ശിശുദിനം സമുചിതമായി ആചരിച്ചു. എൽ.എസ്.എസ് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥിയെ അന്നേ ദിവസം ആദരിച്ചു.

**V സെന്റ് പോൾസ് എൽ.പി. സ്കൂൾ പുതിയിടംകുന്ന്**

ശിശുദിനം സമുചിതമായി ആഘോഷിച്ചു. GOOMJ സംഘട നയുടെ നേതൃത്വത്തിൽ ചിത്രരചനാ മത്സരം നടത്തി. പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികൾക്കും പരിസ്ഥിതി സൗഹൃദ തുണി സഞ്ചി കൾ, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്തു.

**VI നിർമ്മല എൽ.പി. സ്കൂൾ ആലാറ്റിൽ**

ഉപജില്ലാ മത്സരങ്ങളിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിദ്യാർ ത്ഥികളെ ആദരിച്ചു. ഗോത്രവിഭാഗം വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടയുക എന്ന ലക്ഷ്യവുമായി ഗോത്രായനം പരിപാടി നടത്തപ്പെടുന്നു. ക്ലബ്ബ് ബുൾബുൾ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഗോത്രവിഭാഗം വിദ്യാർത്ഥികൾക്ക് വസ്ത്രങ്ങൾ, ബാഗ് എന്നിവ വിതരണം ചെയ്തു.

**VII എ.എൽ.പി സ്കൂൾ കണിയാരം**

വിഷരഹിത പച്ചക്കറി ഉറപ്പാക്കുക എന്ന ലക്ഷ്യവുമായി ശീത കാല പച്ചക്കറി കൃഷി ആരംഭിച്ചു.

**VIII സെന്റ് തോമസ് എൽ.പി. സ്കൂൾ നടവയൽ**

ജൽജിവൻ മിഷൻ പദ്ധതിയുടെ ഭാഗമായി കുടിവെള്ള സംരക്ഷണം എന്ന വിഷയത്തിൽ ക്ലാസ് സംഘടിപ്പിച്ചു. ഉപജില്ലാതല കലാമേളയിൽ വിദ്യാലയം ഓവറോൾ കിരീടം നേടി. പേരന്റ്സ് ഡേ, ടാലൻസ് ഡേ, ഗോത്രഫെസ്റ്റ് എന്നിവ സംഘടിപ്പിച്ചു. സ്കൂളിൽ ഒരു ബ്യൂട്ടി കോർണർ പദ്ധതിക്ക് തുടക്കമായി. പുതിയതായി നിർമിച്ച ക്ലാസ്സ് റൂം വെഞ്ചരിപ്പ് കർമം നിർവഹിച്ചു.

**IX സെന്റ് ജോർജ് എൽ.പി. സ്കൂൾ കൊളവയൽ**

ബത്തേരി ഉപജില്ലാ കലോത്സവ വിജയികളെ ആദരിച്ചു. വിദ്യാർത്ഥികൾക്ക് ആഴ്ചയിലൊരിക്കൽ എയ്റോബിക്സ് പരിശീലനം നൽകി വരുന്നു. ഭിന്നശേഷി ദിനത്തിൽ ഭിന്നശേഷിക്കാരായ കുട്ടികളെ ആദരിച്ചു. ജൽജീവൽ പദ്ധതിയുടെ ഭാഗമായി ക്ലാസും വീഡിയോ പ്രദർശനവും നടത്തി.

**X സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ വാഴവറ്റ**

ഭിന്നശേഷി ദിനാചരണം വിപുലമായ പരിപാടികളോടെ നടത്തി. അവർക്കായി പുതുവസ്ത്രങ്ങൾ വാങ്ങി നൽകുകയും കലാപരിപാടികളും മത്സരങ്ങളും സംഘടിപ്പിക്കുകയും ചെയ്തു. ഉച്ചഭക്ഷണ പരിപാടിയുടെ ഭാഗമായി പച്ചക്കറി കൃഷി ആരംഭിച്ചു.

**XI സെന്റ് സെബാസ്റ്റ്യൻസ് എൽ.പി. സ്കൂൾ പോരൂർ**

വിദ്യാർത്ഥികൾ ഉപജില്ലാ കലാമേളയിൽ ഉയർന്ന ഗ്രേഡുകൾ കരസ്ഥമാക്കി. ഗോത്രജനതയുടെ സാംസ്കാരിക വൈവിധ്യങ്ങളെ ഒരു കുടക്കീഴിൽ അണിനിരത്തിക്കൊണ്ട് ഗോത്രപ്രഭ എന്ന പേരിൽ ഗോത്രഫെസ്റ്റ് നടത്തി.

**XII പ്രൊവിഡൻസ് എൽ.പി. സ്കൂൾ വെള്ളൂന്നി**

ബാലമിത്ര പരിപാടിയുടെ ഭാഗമായി ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു.

**XIII ക്രൈസ്റ്റ് കിംഗ് എൽ.പി. സ്കൂൾ മണിമൂളി**

മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ ലഹരിക്കെതിരെ വൺ മില്യൺ ഗോൾ എന്ന പദ്ധതിയുടെ ഭാഗമായി വിദ്യാലയത്തിൽ ഷൂട്ട് ഔട്ട് മത്സരം സംഘടിപ്പിച്ചു. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും പിടിഎ എക്സിക്യൂട്ടീവ് അംഗങ്ങളും ഇതിൽ പങ്കാളികളായി.

**യു.പി. വിഭാഗം**

**I സെന്റ് തോമസ് യു.പി. സ്കൂൾ തവിഞ്ഞാൽ**

കഴിഞ്ഞ അധ്യയന വർഷത്തെ യു.എസ്..എസ്. സ്കോളർഷിപ്പ് പരീക്ഷയിൽ അഭിമാനകരമായ നേട്ടം കൈവരിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലാസ് മുറികളിൽ സ്നേഹക്കുടുക്ക സ്ഥാപിച്ചു. തളിര് സ്കോളർഷിപ്പിന് പരീക്ഷയിൽ വിജയം നേടി. ക്ലബ്ബ് ബുൾബുൾ ചിഹ്നദാന ചടങ്ങ് നടത്തി.

**III സെന്റ് ആന്റണീസ് യു.പി. സ്കൂൾ ഇടിവണ്ണ**

നവംബർ ഒന്നിന് കേരളപ്പിറവി ദിനാഘോഷം നടത്തുകയും ലഹരിവിരുദ്ധ മാസാചരണ സമാപനത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ നടത്തുകയും ചെയ്തു. ഉപജില്ലാതല കലോത്സവത്തിൽ വിദ്യാലയം ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഏകദിന ഫുട്ബോൾ മാച്ച് നടത്തി. വിദ്യാർത്ഥികൾ ആവേശത്തോടെ പങ്കെടുത്തു.

**IV സെന്റ് മേരീസ് എ.യു.പി. സ്കൂൾ കബനിഗിരി**

വിദ്യാലയത്തിനായി പുതിയതായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ശിലാസ്ഥാപന കമ്മം നിർവഹിച്ചു. ഉപജില്ലാതല കലാമേളയിൽ ഒട്ടേറെ കുട്ടികൾ മാറ്റുരയ്ക്കുകയും ജില്ലാതല മത്സരത്തിൽ പങ്കെടുക്കുകയും വിജയം നേടുകയും ചെയ്തു. ലഹരിവിമുക്ത പ്രവർത്തനങ്ങളുടെ ഭാഗമായി നടവയൽ മുക്തി ഡി അഡിക്ഷൻ സെന്ററിലെ പ്രവർത്തകർ തെരുവ് നാടകം അവതരിപ്പിച്ചു. വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പ് നടത്തി. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം പൂർത്തിയായി. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു.

**V അസംപ്ഷൻ എ.യു.പി. സ്കൂൾ ബത്തേരി**

ശിശുദിനത്തിൽ സംഘടിപ്പിച്ച ഗ്രാന്റ് പേരന്റ്സ് സംഗമം ഏറെ ശ്രദ്ധേയമായി ഉപജില്ലാ ജില്ലാകലാമേളകളിൽ ആദ്യസ്ഥാനങ്ങൾ നേടിയെടുത്തുകൊണ്ട് വിദ്യാലയം മികച്ച പ്രകടനം കാഴ്ചവെച്ചു. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ബത്തേരി മുൻസിപ്പാലിറ്റി നടത്തിയ ഫ്ളൈ ഹൈ പരീക്ഷയിൽ 14 വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു. വിദ്യാലയത്തിലെ അധ്യാപക അനധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ഒത്തുചേർന്ന് വിദ്യാലയത്തിലെ വിദ്യാർത്ഥികൾക്കായി നിർമ്മിക്കുന്ന ഭവനത്തിന്റെ കട്ടിളവെയ്പ്പ് കർമ്മം നിർവഹിച്ചു.

**VI സെന്റ് തോമസ് എ.യു.പി. സ്കൂൾ മുള്ളൻകൊല്ലി**

സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനവും വെഞ്ചരിപ്പ് കർമ്മവും നിർവഹിച്ചു. ഉപജില്ലാ ജില്ലാ കലോത്സവങ്ങളിൽ വിദ്യാർത്ഥികൾ മികവാർന്ന നേട്ടങ്ങൾ കൈവരിച്ചു. വിദ്യാർത്ഥികൾക്കായി പഠന യാത്ര സംഘടിപ്പിച്ചു.

**VII എ.യു.പി. സ്കൂൾ ദ്വാരക**

വിദ്യാലയത്തിൽ റേഡിയോ സംപ്രേഷണം ആരംഭിച്ചു. ശിശു ദിനത്തോടനുബന്ധിച്ച് റേഡിയോ മാറ്റൊലി സംഘടിപ്പിച്ച വാർത്താ വതരണത്തിൽ മികവ് പുലർത്തിയ വിദ്യാർത്ഥികളെ അനുമോദിച്ചു.

**VIII അമ്പായത്തോട് യു.പി. സ്കൂൾ**

ഉപജില്ലാ ജില്ലാതല മേളകളിൽ വിദ്യാർത്ഥികൾ അഭിമാനാർ ഹമായ നേട്ടങ്ങൾ കൈവരിച്ചു. വിജയികൾക്കായുള്ള സമ്മാനവിത രണം വിജയോത്സവം 2022 എന്ന പേരിൽ സംഘടിപ്പിച്ചു.

**IX സെന്റ് ആന്റണീസ് യു.പി. സ്കൂൾ പഴൂർ**

വയനാട് ജില്ലാകലോത്സവത്തിൽ വിദ്യാലയം മൂന്നാം സ്ഥാനം കരസ്ഥമാക്കി. വിദ്യാരംഭം കലാസാഹിത്യ മത്സരങ്ങളിൽ നിന്നും വിദ്യാർത്ഥികൾ ജില്ലാതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. ഉപജില്ലാതല മത്സരങ്ങളിൽ വിജയികളായവരെ ആദരിച്ചു. വീടു കളിൽ ഉത്പ്പാദിപ്പിച്ച ജൈവ പച്ചക്കറികളുടെയും ലഘുഭക്ഷ്യ വിഭ വങ്ങളുടെയും വിപണനമേള നടത്തി.

**X സെന്റ് ജോസഫ്സ് യു.പി. സ്കൂൾ കല്ലോടി**

വിദ്യാലയത്തിലെ മുഴുവൻ ഗോത്രവിഭാഗം വിദ്യാർത്ഥികളു ടെയും വീടുകൾ സന്ദർശിച്ചു. ശിശുദിനം സമുചിതമായി ആചരിച്ചു. ഫിഫ വേൾഡ് കപ്പിന്റെ ഭാഗമായി ഫുട്ബോൾ പ്രദർശന മത്സരം നടത്തി. ജില്ലാതല സംസ്കൃതമേളയിൽ റണ്ണറപ്പായി. ഭിന്നശേഷി വാരാചണത്തിൽ വിവിധങ്ങളായ പരിപാടികൾ നടത്തി. വിദ്യാല യത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ സ്വാഗതസംഘ രൂപീകരണം നടത്തി.

**XI സെന്റ് ജോസഫ്സ് ടി.ടി.ഐ. മാനന്തവാടി**

കേരളപ്പിറവി ദിനം സമുചിതമായി ആഘോഷിച്ചു. വിദ്യാല യമുറ്റത്ത് കേരളത്തിന്റെ ഭൂപടത്തിൽ അണിനിരന്നുകൊണ്ട് കേരളം നിർമിച്ചു. ലഹരിവിരുദ്ധ മനുഷ്യചങ്ങല, ബോധവത്ക്കരണ ക്ലാസ്, ലഹരിവിരുദ്ധ പ്രതിജ്ഞ എന്നിവ സംഘടിപ്പിച്ചു. പൂക്കുട 2022 എന്ന പേരിൽ പ്രീപ്രൈമറി കലോത്സവം നടത്തി. ഉപജില്ലാ കലാ

മേളയിലും മറ്റ് വിവിധ മത്സരങ്ങളിലും വിദ്യാർത്ഥികൾ അഭിമാനാർഹമായ നേട്ടങ്ങൾക്ക് അർഹരായി. വിദ്യാലയത്തിൽ കരാട്ടെ ക്ലാസ്, ബാസ്ക്കറ്റ് ബോൾ പരിശീലനം, സൈക്കിൾ പരിശീലനം എന്നിവയ്ക്ക് തുടക്കമായി. ക്ലാസ്തല ഫീൽഡ് ട്രിപ്പുകൾ നടത്തി.

**XII സെന്റ് സെബാസ്റ്റ്യൻസ് എ. യു. പി. സ്കൂൾ പാടിച്ചിറ**

ലഹരിവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൈതപ്പൊയിൽ ലിസ കോളേജിലെ വിദ്യാർത്ഥികൾ അവതരിപ്പിച്ച 'ജ്വാല' എന്ന പരിപാടി മികവുറ്റതായിരുന്നു. ഉപജില്ലാതല വിദ്യാരംഗം സർഗോത്സവത്തിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. വിവിധ മത്സരങ്ങളിൽ വിജയികളായവരെ ആദരിച്ചു. ഉപജില്ലാതല കലാമേളയിൽ മികച്ച വിജയം നേടാൻ സാധിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

വയനാട് ജില്ലാതല സ്കൂൾ കലോത്സവത്തിൽ വിദ്യാലയം മികച്ച നേട്ടങ്ങൾ കൈവരിച്ചു. സംസ്കൃതോത്സവത്തിൽ മൂന്നാം സ്ഥാനം നേടി. ജില്ലാതല കായികമേളയിൽ ഉജ്ജ്വല വിജയം കരസ്ഥമാക്കി.

**II ഫാ. ജി.കെ.എം. കണിയാരം**

കേരളപ്പിറവിദിനവും ലഹരിവിരുദ്ധ ക്യാമ്പയിൻ സമാപനവും സംയുക്തമായി നടത്തി. ശിശുദിനത്തിൽ പ്രത്യേക അസംബ്ലി ചേർന്നു. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. ജില്ലാ കായികമേളയിൽ അഭിമാനകരമായ വിജയം നേടി വിദ്യാർത്ഥികൾ സംസ്ഥാനതലത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. വിദ്യാലയത്തിലെ ഓഫീസ്, ലൈബ്രറി, സയൻസ് ലാബ്, സംസ്കൃതം മോഡൽ സ്കൂൾ എന്നിവയുടെ സംയുക്ത ഉദ്ഘാടന പരിപാടി നടത്തി. വയനാട് ജില്ലാ കലോത്സവത്തിന് വിദ്യാലയം ആതിഥേയരായി.

**III നിർമല ഹൈസ്കൂൾ കബനിഗിരി**

കേരളപ്പിറവി ആഘോഷവും ലഹരിവിരുദ്ധ മാസാചരണ സമാപനവും സംഘടിപ്പിച്ചു. പി.ടി.എ പൊതുയോഗവും പാഠ്യപദ്ധതി പരിഷ്കരണ ചർച്ചയും സംഘടിപ്പിച്ചു. ഉപജില്ലാ കായികോത്സവത്തിൽ മികച്ച പ്രകടനം നടത്തി. ഉപജില്ലാ ബാസ്ക്കറ്റ്ബോൾ ടീമിന്റെ സെലക്ഷൻ ക്യാമ്പ് വിദ്യാലയത്തിൽ നടന്നു. സംസ്ഥാന ശാസ്ത്രോത്സവത്തിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു.

പച്ചക്കറിത്തോട്ട നിർമാണം കാവ് സംരക്ഷണം എന്നീ പ്രവർത്തനങ്ങൾ നടത്തി. സ്കൗട്ട് ആന്റ് ഗൈഡൻസ് യൂണിറ്റ് ക്യാമ്പ് നടത്തി.

**IV സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

ഉപജില്ലാ ജില്ലാതലങ്ങളിലെ വിവിധ മേളകളിൽ അഭിമാനകരമായ നിരവധി നേട്ടങ്ങൾ വിദ്യാലയം സ്വന്തമാക്കി. വിദ്യാലയത്തിലെ 80 സെന്റ് സ്ഥലത്ത് പച്ചക്കറി കൃഷി ആരംഭിച്ചു. വിവിധ മേളകളിലെ വിജയികൾക്കായി

**V സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

ലഹരിക്കെതിരെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് ഗോൾ ചലഞ്ച് നടത്തി. വയനാട് ജില്ലാ കലോത്സവത്തിൽ വിവിധയിനങ്ങളിൽ വിജയികളായി വിദ്യാർത്ഥികൾ സംസ്ഥാനതല മത്സരത്തിന് യോഗ്യത നേടി. സംസ്ഥാനതല മാത്സ് ടാലന്റ് സേർച്ച് പരീക്ഷയിൽ വിജയം നേടി. വിദ്യാർത്ഥികൾക്ക് സൈബർ സുരക്ഷാ ബോധവത്കരണ ക്ലാസ് നൽകി. നല്ലപാഠം ജെ.ജെ ആർ സി ക്ലബ്ബുകളുടെ നേതൃത്വത്തിൽ വൃദ്ധസദനം സന്ദർശിച്ചത് കുട്ടികൾക്ക് വ്യത്യസ്ത അനുഭവമായി.

**VI സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

ഉപജില്ലാതല കലോത്സവങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു. സയൻസ് ടാലന്റ് സേർച്ച് പരീക്ഷയിൽ വിദ്യാർത്ഥി A ഗ്രേഡ് കരസ്ഥമാക്കി. ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി സമൂഹചരിത്രരചന നടത്തി.

**ഹയർസെക്കണ്ടി വിഭാഗം**

**I ഫാ.ജി.കെ.എം. ഹയർസെക്കണ്ടറി സ്കൂൾ കണിയാരം**

വിദ്യാർത്ഥികളുടെ വ്യക്തിത്വ രൂപീകരണത്തിന് ഉതകുന്ന ക്ലാസുകൾ സംഘടിപ്പിച്ചു. സൗഹൃദ ക്ലബ്ബിന്റെയും എൻ.എസ്.എസിന്റെയും ആഭിമുഖ്യത്തിൽ വിവിധ വിഷയങ്ങളിൽ ക്ലാസുകൾ നൽകി. വയനാട് ജില്ലാതല കലാമേളയ്ക്ക് വിദ്യാലയങ്ങളിൽ ക്ലാസുകൾ നൽകി. വയനാട് ജില്ലാതല കലാമേളയ്ക്ക് വിദ്യാലയം വേദിയായി.

**II ഐ.ജെ.എം. ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

ഉപജില്ല ജില്ല സംസ്ഥാനതലങ്ങളിൽ നടന്ന വിവിധ മേളകളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞു. സഹൃദയ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ മെന്റൽ ഹെൽത്തുമായി ബന്ധപ്പെട്ട ക്ലാസ് സംഘടിപ്പിച്ചു.

**III സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

മാനന്തവാടി ഉപജില്ലാതലത്തിൽ നടന്ന എല്ലാ മേളകളിലും തിളക്കമാർന്ന വിജയം കൈവരിച്ചു. വിദ്യാലയത്തിലെ സൗഹൃദ വേദിയുടെ നേതൃത്വത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ ക്ലാസുകൾ സംഘടിപ്പിച്ചു. സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾക്ക് വിവിധങ്ങളായ ക്ലാസുകൾ സംഘടിപ്പിച്ചു. സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾക്ക് തൃദിന സഹവാസക്യാമ്പ് സംഘടിപ്പിച്ചു.

**IV സെന്റ് തോമസ് ഹയർ സെക്കണ്ടറി സ്കൂൾ നടവയൽ**

വയനാട് ജില്ലാകലോത്സവത്തിൽ വിവിധയിനങ്ങളിൽ മികവാർന്ന വിജയം കരസ്ഥമാക്കി. സ്കൂൾ ദുരന്തനിവാരണ ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ജീവൻ രക്ഷ ക്ലാസ് സംഘടിപ്പിച്ചു. 'അമ്മ അറിയാൻ' സെമിനാർ സംഘടിപ്പിച്ചു.

**V ഐ. ജെ. എം. ഹയർ സെക്കണ്ടറി സ്കൂൾ കൊട്ടിയൂർ**

കേരള പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട ജനകീയ ചർച്ച സംഘടിപ്പിച്ചു. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റുകളുടെ പാസ്സിങ് ഔട്ട് പരേഡ് നടത്തി. വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. വിവിധ മേളകളിൽ സമ്മാനാർഹരായ കുട്ടികളെ ആദരിച്ചു. ആസാം റൈഫിൾസ് സേനാംഗവും യു.എൻ.ദൗത്യ സേനാംഗവുമായി കോംഗോയിൽ സേവനം ചെയ്യുന്ന പൂർവ്വവിദ്യാർത്ഥിയെ ആദരിച്ചു.

**V സെന്റ് ജോസഫ്സ് ഹയർ സെക്കണ്ടറി സ്കൂൾ കല്ലോടി**

ഉപജില്ലാ ജില്ലാതല മേളകളിൽ വിജയം കൈവരിച്ചവരെ ആദരിച്ചു. എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ രക്തദാന ക്യാമ്പ് നടത്തി. മാനന്തവാടി മെഡിക്കൽ കോളേജിലെ ഓപ്പൺ ലൈബ്രറിയിലേക്ക് പുസ്കങ്ങൾ സംഭാവന ചെയ്തു. സ്കൂൾ സൗഹൃദ ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**VII ക്രൈസ്റ്റ് കിംഗ് ഹയർ സെക്കണ്ടറി സ്കൂൾ മണിമൂളി**

നിലമ്പൂർ ഉപജില്ലാ അറബി കലാമേളയിൽ വിദ്യാലയം രണ്ടാം സ്ഥാനം കരസ്ഥമാക്കി. ഏവർക്കും നന്മകൾ നിറഞ്ഞ പുതുവർഷത്തിന്റെ മംഗളങ്ങൾ ആശംസിക്കുന്നു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



***January 2023***

*1 Sunday....................Nadavayal: Holy Qurbana*

*2 Monday..................Kartikulam: Ordination: Jibin Poovanattu*

*Afternoon: Puthiyidom: SH Convent blessing*

*3. Tuesday.................Puthiyidom: Ordination:*

*Abhinav Nadamkandathil O.Praem*

*4 Thursday................15 Sunday: Synod at Mount St Thomas*

*16 Monday................Chungakunnu: Ordination:*

*Joyal Narimattam La Salette*

*17 Tuesday................Thalippadam: Blessing of new church*

*18 Wed - 19 Thur......Kozhikode: North Kerala Bishops' Meet*

*20 Friday..................Out of Station*

*21 Satur - 22 Sun......Out of Station*

*23 Monday............... Engaged*

*25 Wednesday...........Visitors' Day*

*26 Thursday..............Ambalavayal: Ordination:*

*Deacon Marakkasseril (Rogationist)*

*Afternoon: Santhigiri:*

*Blessing of Rennovated Altar*

*27 Fri - 28 Satur.......Out of Station*

*29 Sunday.................New Priests Reception*

*30 Monday.................Holy Qurbana with new priests*

*31 Tuesday.................Parathottam: Blessing of SD Old-age Home*

# *Auxiliary Bishop's Programme*

***January 2023***

*01 Sunday...................Morning, Sisumala, Holy Mass*
*Evening, Vaniyappara, Holy Mass*
*02 Monday.................Morning, Dwaraka, KCYM Meeting*
*Evening, Dwaraka, CML Meeting*
*03 Tuesday..................Nadavayal, Ozanam Bhavan*
*04 Wednesday.............Thaliparamba,Darsana - Requiem Mass*
*05 Thursday................Vayattuparamba, Priestly Ordinations of deacons Joseph (Nikhil) Valeputhenpurayil & Jibin George Anithottathil*
*06 Friday....................Morning, Pariyaram, Fr Zukkol Commemoration*
*06 Fri -14 Satur..........Kakkanad, Syro Malabar Synod*
*15 Sunday...................Moozhoor, Holy Mass*
*16 Monday.................Pala, Marriage*
*17 Tuesday.................Engaged*
*18 Wednesday.............Morning: Kunnoth, Holy Mass &Class*
*Evening: Calicut Bishop's House*
*19 Thursday...............Vazhavatta, Holy Mass*
*20 Friday....................Marakavu, Kappela Blessing & Holy Mass*
*21 Saturday................Morning: Peria, First Holy Communion*
*Evening: Vilambukandam, Holy Mass*
*22 Sunday..................Morning: Thalippadam, Holy Mass*
*Evening: Vadapuram, Baptism*
*23 Monday.................Kaniyaram, School Anniversary*
*24 Tuesday.................Theneri, Parish Jubilee*
*25 Wednesday.............Morning: Tellicherry Cathedral*
*Evening: Adikolly, Holy Mass*
*26 Thursday...............Thariode, Holy Mass & School Blessing*
*27 Friday...................Deepthigiri, Holy Mass*
*28 Saturday................Kottathara, Holy Mass*
*29 Sunday..................Bathery, Holy Mass*
*30 Monday.................Deepthi Bhavan, Jubilee Celebration*
*31 Tuesday.................Kunnoth, Class*